# താമരമൊട്ടുകൾ

വാല്യം 21 | ആഗസ്റ്റ് 2019 | ലക്കം 08 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 30-07-2019 |






Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme

## August 2019

| | | |
|---|---|---|
| 01-02 | | Kunnoth |
| 03 | 11.00 | Kodanchery |
| | 12.00 | Thamarassery |
| | 18.30 | Thamarassery |
| 04 | 10.00 | Thamarassery |
| | 17.00 | Korangad |
| 05-09 | Ernakulam - KCBC Retreat | |
| 10 | 06.40 | Poilomchal |
| | 09.45 | Engapuzha |
| | 16.00 | Chippilithode |
| 11 | | Narinada - Pastoral visit |
| 12 | | Office day |
| 13 | | Peruvannamuzhi |
| 15 | 08.30 | Oorakam |
| | 10.00 | Malappuram |
| 16 | | Prayer day |
| 17 | 10.30 | Vilangad |
| | 16.30 | Vettilappara |
| 18 | 07.00 | Maramchatty |
| | 14.00 | Kochi |
| 19-30 | | Ernakulam - Synod |



വാല്യം 21 താമരമൊട്ടുകൾ ആഗസ്റ്റ് 2019 ലക്കം 08

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



I love You, O my God, and my only desire is to love
You until the last breath of my life.
I love You, O my infinitely lovable God, and I would
rather die loving You, than live without loving You.
I love You, Lord and the only grace I ask is to love
You eternally...

**(St. John Maria Vianney)**

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 517 |
| 2. | പ്രോഗ്രാം ആഗസ്റ്റ് 2019 | 519 |
| 3. | സർക്കുലർ | 520 |
| 4. | തടവറ പ്രേഷിത ദിനം- സർക്കുലർ | 523 |
| 5. | നീതി ഞായർ - സർക്കുലർ | 530 |
| 6. | സർക്കുലർ-11 | 533 |
| 7. | കച്ചേരിക്കാര്യം | 536 |
| 8. | വൈദിക സമിതി റിപ്പോർട്ട് | 539 |
| 9. | ആദരാഞ്ജലികൾ | 541 |
| 10. | മതബോധനം | 544 |
| 11. | ചെറുപുഷ്പ മിഷൻലീഗ് | 547 |
| 12. | സെമിനാരി വാർത്തകൾ | 550 |
| 13. | ബൈബിൾ അപ്പോസ്തലേറ്റ് | 552 |
| 14. | അൾത്താര ശുശ്രൂഷാ സംഘം | 554 |
| 15. | ഫാമിലി അപ്പോസ്തലേറ്റ് | 555 |
| 16. | മാതൃവേദി | 556 |
| 17. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 559 |
| 18. | വിൻസെന്റ് ഡി പോൾ | 559 |
| 19. | ലിറ്റർജി കമ്മീഷൻ | 561 |
| 20. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 562 |
| 21. | ജയിൽ മിനിസ്ട്രി | 562 |
| 22. | കുടുംബകൂട്ടായ്മ | 563 |
| 23. | അൽഫോൻസ കോളേജ് തിരുവമ്പാടി | 564 |
| 24. | കരിസ്മാറ്റിക് മൂവ്മെന്റ് | 567 |
| 25. | മദ്യവിരുദ്ധ സമിതി | 570 |
| 26. | അൽഫോൻസ പാലിയേറ്റീവ് കെയർ | 572 |
| 27. | വികസനവേദി | 573 |
| 28. | എ.കെ.സി.സി | 579 |
| 29. | കെ.സി.വൈ.എം | 580 |
| 30. | START | 585 |
| 31. | യേശുനിധി കളക്ഷൻ റിപ്പോർട്ട് (ജൂലൈയ് തുടർച്ച) | 589 |
| 32. | യേശുനിധി | 590 |
| 33. | അജപാലനക്കുറിപ്പുകൾ | 591 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Kalarickal Joseph | August | 1 |
| Chilampikunnel Thomas | | 4 |
| Kochumuriyil Thomas | | 5 |
| Karukamalil Vincent | | 9 |
| Illiparambil Chacko CMI | | 15 |
| Kuzhivelil Dominic | | 15 |
| Plakkoottathil Jacob | | 15 |
| Karakunnel Jacob | | 16 |
| Paimpillil George | | 16 |
| Kandassamkunnel Mathew | | 17 |
| Karackal Sebastian | | 18 |
| Mazhuvanchery Abraham | | 21 |
| Msgr. Oravumkara John | | 22 |
| Rev. Fathers Mundanatt George | | 22 |
| Edakkattil Joseph | | 25 |
| Pamplaniyil Joseph | | 26 |
| Peruvelil Mathew | | 27 |
| Kappalumackal Jacob | | 29 |
| Kannampally Thomas | | 30 |
| Ezhanikatt Joseph | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kuzhivelil Dominic | August | 8 |
| Muttathukudiyil Dominic | | 8 |
| Thoomkuzhy Dominic | | 8 |
| Nelliyany Pius MSFS | | 21 |
| Alumkal Augustine | | 28 |
| Kanivelil Augustine CMI | | 28 |
| Kizhukkarakatt Augustine | | 28 |
| Kizhukarakatt Sudeep | | 28 |
| Kizhukarakatt Danties | | 28 |
| Machukuzhiyil Augustine | | 28 |
| Pannikkottu Augustine | | 28 |
| Pattaniyil Augustine | | 28 |
| Palathumthalackal Augustine | | 28 |
| Vamattathil Augustine | | 28 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ആഗസ്റ്റ് 2019

| | | |
|---|---|---|
| 01 | വ്യാഴം | **പതിനഞ്ച് നോമ്പാരംഭം** |
| | | ജീസസ്സ് യൂത്ത്: സോണൽ ഇന്റർസെഷൻ |
| 02 | വെള്ളി | ബഥാനിയ: ജാഗരണപ്രാർത്ഥന |
| | | ചരമദിനം: ഫാ. ജോസഫ് മണിയങ്ങാട്ട് |
| 03 | ശനി | **വി. ജോൺ മരിയ വിയാനി, വൈദികദിനം,** |
| | | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം (3-8) |
| 04 | ഞായർ | PBI: ഫൊറോന ദൈവശാസ്ത്ര പഠന ശിബിരം |
| | | ജീസസ്സ് യൂത്ത്: കൗൺസിൽ മീറ്റിംഗ്, തിരുവമ്പാടി ഹൗസ് ഹോൾഡ് |
| 05 | തിങ്കൾ | **കെ.സി.ബി.സി. സമ്മേളനം** (5-9), പ്രീ-കാനാ കോഴ്സ് (5-8) |
| 06 | ചൊവ്വ | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 09 | വെള്ളി | ചരമദിനം: ഫാ. ജോസഫ് അറക്കപ്പറമ്പിൽ |
| 10 | ശനി | വി. ക്ലാര, മിഷൻലീഗ്: മേഖല, രൂപത സാഹിത്യമത്സരം, |
| | | PBI: Class for Advanced Diploma Course in Theology |
| | | കെ.സി.വൈ.എം.: വാർഷിക സെനറ്റ് മീറ്റിംഗ് |
| | | ക്രിസ്റ്റീൻ: പ്രാർത്ഥനാദിനം, ജീസസ്സ് യൂത്ത്: സോണൽ വൺഡേ |
| 11 | ഞായർ | ജീസസ്സ് യൂത്ത്: എമ്മാവൂസ് കോഴ്സ് സെഷൻ 6 |
| 14 | ബുധൻ | ജീസസ്സ് യൂത്ത്: സിറ്റി ഹൗസ് ഹോൾഡ് |
| 15 | വ്യാഴം | **മാതാവിന്റെ സ്വർഗ്ഗാരോപണം** - കടമുള്ള ദിവസം |
| | | **സ്വാതന്ത്ര്യദിനം** |
| 17 | ശനി | ചരമദിനം: ഫാ. ചാണ്ടി കുരിശുംമൂട്ടിൽ |
| | | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം (17-22) |
| 18 | ഞായർ | PBI: ഫൊറോന ദൈവശാസ്ത്ര പഠന ശിബിരം |
| | | ജീസസ്സ് യൂത്ത്: പോൾ കോഴ്സ് സെഷൻ 1 |
| 19 | തിങ്കൾ | **സീറോ മലബാർ മെത്രാൻ സിനഡ്** (19-31) |
| | | ചരമദിനം: ഫാ. അലക്സ് മണക്കാട്ടുമറ്റം |
| 21 | ബുധൻ | **വി. പത്താംപീയൂസ് മാർപ്പാപ്പ** |
| 22 | വ്യാഴം | ചരമദിനം: ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം |
| 23 | വെള്ളി | PBI: Class for Advanced Diplom Course in Theology |
| | | ജീസസ്സ് യൂത്ത്: കാമ്പസ് കോർ ടീം ട്രെയിനിംഗ് (23-25) |
| 24 | ശനി | **മെത്രാഭിഷേകദിനം - മാർ പോൾ ചിറ്റിലപ്പിള്ളി,** |
| | | **വി. ബർത്തലോമിയോ**, മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ് |
| | | കെ.സി.വൈ.എം.: റിസോഴ്സ് ടീം ക്ലാസ്, ലീഡർഷിപ്പ് ട്രെയിനിംഗ് |
| 25 | ഞായർ | ചരമദിനം: ഫാ. ജോസഫ് കോഴിക്കോട്ട് |
| | | ജീസസ്സ് യൂത്ത്: എമ്മാവൂസ് കോഴ്സ് സെഷൻ 7, 8 |
| 28 | ബുധൻ | **വി. അഗസ്റ്റിൻ**, PBI: Youth Theology Course |
| 29 | വ്യാഴം | **വി. എവുപ്രാസ്യ** |

# സർക്കുലർ

*"മനുഷ്യൻ ഏകാനായിരിക്കുന്നത് നന്നല്ല. അവന് ചേർന്ന ഇണയെ ഞാൻ നൽകും" (ഉൽപ്പ 2:18).*

മിശിഹായിൽ വാത്സല്യമുള്ള സഹോദരീ സഹോദരന്മാരേ,

കുടുംബത്തെ "ഗാർഹിക സഭ"യെന്നാണല്ലോ രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത്. എന്നാൽ ജോൺ പോൾ രണ്ടാമൻ പാപ്പ കുടുംബത്തെ "വിശ്വാസത്തിന്റെ ഗർഭപാത്രം" എന്നാണ് വിശേഷിപ്പിച്ചത്. ഇതിൽ നിന്നെല്ലാം മനസ്സിലാക്കാൻ കഴിയുന്നത് മാമ്മോദീസായിലൂടെ ആരംഭിക്കുന്ന ആത്മീയ ജീവിതം മുളപൊട്ടി ഇലവിടർത്തി ഫലം ചൂടുന്നത് കുടുംബങ്ങളിലാണെ ന്നാണ്. പറുദീസായുടെ പവിത്രതയിൽ ദൈവം ആദ്യകുടുംബത്തിന് രൂപം നല്കി. ദൈവമാണ് സ്ത്രീയെയും പുരുഷനെയും ഒന്നിപ്പിച്ചത്. തന്മൂലം ദാമ്പത്യബന്ധത്തെ പരിപാവനമായിട്ടാണ് എല്ലാ ജനസമൂഹ ങ്ങളും കരുതിയിട്ടുള്ളത്. എന്നാൽ ക്രൈസ്തവരായ നമ്മെ സംബ ന്ധിച്ച് സ്ത്രീയും പുരുഷനും ഒരുമിച്ച് ജീവിക്കുന്നതിന് നടത്തുന്ന ഒരു ഉടമ്പടി മാത്രമല്ല, വിശുദ്ധമായ ഒരു കൂദാശ കൂടിയാണത്. ഈ കൗദാശികതയാണ് ക്രൈസ്തവ വൈവാഹിക ബന്ധത്തിന്റെ നിദാനം. വിവാഹത്തിന്റെ കൗദാശികത്വം ഉത്ഭവിക്കുന്നത് സഭയോട് ക്രിസ്തുവിനുള്ള ദാമ്പത്യപരമായ സ്നേഹത്തിൽ നിന്നാണ്. ഈ കൂദാശയിലുള്ള കൃപാവരം ദമ്പതികളുടെ സ്നേഹത്തെ ക്രിസ്തുവിന് സഭയോടുള്ള സ്നേഹത്തോട് അനുരൂപപ്പെടുത്തുന്നു.

ക്രൈസ്തവ സഭയുടെയും രാഷ്ട്രങ്ങളുടെയും എന്തിനേറെ എല്ലാ സംസ്ക്കാരങ്ങളുടെയും അടിസ്ഥാനം കുടുംബമാകയാൽ ഈ അടിസ്ഥാനത്തിന് ഇളക്കം തട്ടുമ്പോൾ സമൂഹംതന്നെ തകരുന്നു. ആധുനിക കുടുംബം പല വെല്ലുവിളികളെയും നേരിട്ടുകൊണ്ടാണി രിക്കുന്നത്. മനുഷ്യൻ ഇന്ന് കൈവരിച്ചിരിക്കുന്ന ശാസ്ത്ര സാങ്കേതിക പുരോഗതിയും അതിന്റെ ഉൽപ്പന്നങ്ങളായ കമ്പോളവൽക്കരണവും ഉപഭോഗസംസ്ക്കാരവും ഭൗതികവാദവുമെന്നല്ല ആധുനിക വാർത്താവിനിമയ മാർഗ്ഗങ്ങളുടെയും സോഷ്യൽ മീഡിയകളുടെയും തെറ്റായ ഉപയോഗവും പാശ്ചാത്യസംസ്ക്കാരത്തിന്റെ അന്ധമായ അനുകരണവും പ്രാർത്ഥനാജീവിതത്തിന്റെ അഭാവവുമെല്ലാം കുടുംബജീവിതത്തിന്റെ ഭദ്രതയെയും പവിത്രതയെയും ശിഥിലമാ ക്കുന്നു. അതിനാൽ ഈ ശിഥിലീകരണത്തെ തടയേണ്ടത് ക്രിസ്തു വിന്റെ മണവാട്ടിയായ സഭയുടെ ദൗത്യമാണ്.

ഉൽപ്പത്തി പുസ്തകത്തിന്റെ ആരംഭത്തിൽ ദൈവം മനുഷ്യനെ ഇപ്രകാരം അനുഗ്രഹിക്കുന്നുണ്ട്. “സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ” (ഉൽപ്പ 1:28). ദൈവം ആദിയിൽ നല്കിയ ഈ അനുഗ്രഹത്തെ ആധുനിക മനുഷ്യൻ വേണ്ടവിധത്തിൽ പ്രയോജന പ്പെടുത്തുന്നില്ലെന്നു വേണം കരുതുവാൻ. കാരണം, “ജീവൻ നൽകു വാനും അത് സമൃദ്ധമായി നൽകുവാനും”(യോഹ 10:10)വന്ന യേശുക്രിസ്തുവിന്റെ ജീവസംസ്ക്കാരത്തിനുപകരം മരണസംസ്ക്കാരം ഇന്ന് ലോകത്തിൽ പ്രത്യേകിച്ച് ക്രിസ്ത്യനികളുടെ ഇടയിൽ പിടിമുറുക്കിയിരിക്കുന്നു. ജീവന്റെ സമൃദ്ധി ഇന്ന് ക്രിസ്ത്യാനികളുടെ ഇടയിൽനിന്ന് പൊയ്ക്കൊണ്ടിരിക്കുന്നു. മുമ്പ് ലോകജനസംഖ്യയിൽ മൂന്നിലൊന്ന് ക്രിസ്ത്യനികളായിരുന്നെങ്കിൽ ഇന്ന് ആ അവസ്ഥയ്ക്ക് മാറ്റം വന്നിരിക്കുന്നു.

ഒരു സംസ്ക്കാരം നിലനിൽക്കണമെങ്കിൽ 2.11% മക്കൾ (progenies)എല്ലാ ദമ്പതിമാർക്കും ഉണ്ടാകണം. എന്നാൽ ക്രിസ്തു മതത്തിന്റെ ഈറ്റില്ലമായ യൂറോപ്പിലും എന്തിനേറെ കേരളത്തിൽ പോലും ക്രിസ്ത്യാനികളുടെ ജനനനിരക്ക് 1.8% ആയിരിക്കുകയാണ്. അതിനാൽ ഈ നില തുടർന്നാൽ രണ്ടു തലമുറയ്ക്കുശേഷം (ഒരു തലമുറ 40 വർഷം) അതായത് 80 വർഷത്തിനുശേഷം കേരളത്തിൽ ക്രിസ്ത്യാനികൾ അന്യംനിന്നു പോകും. ഈ പ്രതിസന്ധിക്ക് നമുക്ക് പല പല കാരണങ്ങൾ കണ്ടെത്താനാകും. അതിൽ ഏറ്റവും പ്രധാന പ്പെട്ടത് അവിവാഹിതരായ യുവതീയുവാക്കന്മാരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവാണ്. കേരള കത്തോലിക്കാസഭയിൽ മുപ്പതിനും നാല്പതിനുമിടയ്ക്ക് പ്രായമുള്ള അവിവാഹിതരായ 90000-ൽ കൂടുതൽ യുവജനങ്ങളുണ്ടെന്നാണ് കണക്കാക്കിയിരിക്കു ന്നത്. ഈ കണക്ക് ഞെട്ടിപ്പിക്കുന്നതാണ്. ഇന്ന് കേരളകത്തോലിക്കാ സഭ നേരിടുന്ന ഭീകരമായ അവസ്ഥയാണത്. 90000 യുവജനങ്ങളിൽ ഏറിയ പങ്കും യുവാക്കളാണ്. ഇതുമൂലം 90000 കുടുംബങ്ങൾ കുറയുന്നു എന്നു മാത്രമല്ല അവർക്കുണ്ടാകേണ്ടിയിരുന്ന കുഞ്ഞുങ്ങളും ഇല്ലാതെ പോവുകയാണ് ചെയ്യുന്നത്. മാത്രവുമല്ല വിവാഹപ്രായം കഴിഞ്ഞിട്ടും പങ്കാളികളെ ലഭിക്കാത്ത യുവജന ങ്ങളുടെ പ്രത്യേകിച്ച് യുവാക്കളുടെ മാനസിക സംഘർഷങ്ങളും വേദനകളും നമ്മെയും വേദനിപ്പിക്കുന്നു. ജീവിതത്തിൽ ലക്ഷ്യമി ല്ലാതെ എന്തിനുവേണ്ടി ജീവിക്കുന്നു എന്ന അരക്ഷിതാവസ്ഥയിൽ കഴിയുന്ന യുവജനങ്ങൾ നിരാശപൂണ്ട് മദ്യത്തിനും മയക്കുമരുന്നിനും തെറ്റായ ജീവിത സാഹചര്യങ്ങൾക്കും അടിമകളാകാനുള്ള സാധ്യതയും നാം കാണാതെ പോകരുത്.

സഭ ഇവരുടെ വേദന മനസ്സിലാക്കുന്നു. മാതാപിതാക്കളും, സഭാധികാരികളും, സംഘടനാ നേതാക്കളും ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയും. അതിനായി മലബാർ മേഖലയിലെ എല്ലാ റീത്തുകളിലുമുള്ള

യുവജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സംഗമം വരുന്ന സെപ്റ്റംബർ മാസം 12,13 തീയതികളിൽ കോഴിക്കോട് ചേവായൂർ നിത്യസഹായമാതാ പള്ളിയങ്കണത്തിൽ വച്ച് കെ.സി.ബി.സി. പ്രോ- ലൈഫ് മലബാർ മേഖലാ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സംഗമത്തിലേക്ക് വിവാഹപ്രായമായ യുവജനങ്ങളെയും, പുനർവിവാഹത്തിന് ആഗ്രഹമുള്ള വിധവകളെയും വിഭാര്യരെയും പങ്കെടുപ്പിക്കുന്നതിന് വികാരിയച്ചന്മാരും മാതാപിതാക്കളും സംഘടനാനേതൃത്വവും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈ സംഗമത്തിലൂടെ അനുയോജ്യരായ പങ്കാളികളെ കണ്ടെത്തി വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കാൻ സർവ്വശക്തനായ ദൈവം നമ്മുടെ യുവജനങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

**മാർ ജോർജ് ഞറളക്കാട്ട്**

നോർത്ത് കേരളകാത്തലിക് ബിഷപ്സ് കൗൺസിൽ പ്രസിഡന്റ്

---

**NB :** ഈ സർക്കുലർ ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാനമധ്യേ വായിക്കേണ്ടതാണ്.

---

Ref: 3208/K-5/KCBC/OL/DS

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2019ആഗസ്റ്റ് 18, ഞായർ

## കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായ റാഴ്ച നീതിഞായർ (ജസ്റ്റീസ് സൺഡേ) ആയി ആചരിക്കുന്നു. ക്രിസ്തു മതം സ്വീകരിച്ചതിന്റെ പേരിൽ തുല്യനീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവരോടുള്ള കത്തോലിക്കാസഭയുടെ ഐക്യദാർഢ്യം നവീ കരിക്കുന്ന ദിവസമാണിത്. ഒരുമിച്ചു പ്രാർത്ഥിച്ചുകൊണ്ടും ദലിത് ക്രൈസ്തവരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിൽ ഉദാരമായി

പങ്കുചേർന്നുകൊണ്ടും ഈ ദിനം കൂടുതൽ ഫലവത്താക്കാൻ നമുക്ക് പരിശ്രമിക്കാം.

തന്റെ നാമത്തെപ്രതി പീഡിപ്പിക്കപ്പെടുകയോ തരം താഴ്ത്തപ്പെടുകയോ ചെയ്യുന്നവരോട് യേശു പറഞ്ഞത് 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്നാണ്. ഈ വസ്തുത ഫ്രാൻസിസ് പാപ്പാ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന തന്റെ അപ്പസ്തോലികാഹ്വാനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു (നമ്പർ 1). നമ്മുടെ വിശ്വാസത്തെ പ്രതി ഈ ലോകത്തിൽ നമുക്കു നേരിടേണ്ടിവരുന്ന പ്രതികൂല അനുഭവങ്ങളുടെ മധ്യേ നമുക്കുണ്ടാകേണ്ട മനോഭാവം എന്തെന്ന് യേശുവിന്റെ ഈ വചനം നമ്മെ പഠിപ്പിക്കുന്നു. ലോകത്തുള്ള മറ്റെന്തിനെക്കാളും ഉപരിയായി ദൈവസ്നേഹത്തെ നാം വിലമതിക്കുകയാണെങ്കിൽ വിശുദ്ധ പൗലോസ് അപ്പസ്തോലനെപ്പോലെ നമുക്കും പറയാൻ കഴിയും: "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും?" (റോമ 8:35-39). സഹനങ്ങളുടെ മധ്യേയും യേശുവിന്റെ സ്നേഹം അനുഭവിച്ചുകൊണ്ട് ജീവിതത്തിൽ മുന്നേറുവാൻ നമുക്കു കഴിയും. യേശു അരുൾചെയ്തതുപോലെ 'ശത്രുക്കളെ സ്നേഹിക്കുകയും ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ചെയ്താൽ നമുക്കു സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരാം (മത്താ 5:4348).

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വിവേചനത്തിനിരയായി വേദനയനുഭവിക്കുന്ന സഹോദരങ്ങളുടെ നേരെ കണ്ണുകളടയ്ക്കുവാൻ ഒരു ക്രിസ്തുവിശ്വാസിക്ക് കഴിയുകയില്ല. അവരുടെ സഹനങ്ങളിൽ പങ്കുചേരുകയും അവരുടെ ഉന്നമനത്തിനാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യാൻ നമുക്കേവർക്കും കഴിയണം. പ്രത്യേകിച്ച്, അവരുടെ സഹനത്തിന്റെയും കഠിനാധ്വാനത്തിന്റെയും നല്ല ഫലങ്ങളനുഭവിക്കുന്നവർ അവരുടെ ക്ഷേമത്തിനായി സ്വയം ത്യാഗം ചെയ്യാനും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും തയ്യാറാകണം.

സഭയ്ക്കുള്ളിൽ ജാതിവിവേചനത്തിന്റേതായ എല്ലാ സമീപനങ്ങളും പൂർണമായി ഒഴിവാക്കാനും സഭയിൽ പ്രത്യേക പരിഗണന നല്കി ദലിത് സഹോദരങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ദലിത് ശക്തീകരണനയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സഭാസമൂഹം ഒന്നിച്ച് പരിശ്രമിക്കണം. കേരള കത്തോലിക്കാ മെത്രാൻ സമിതി, ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) എന്ന പ്രസ്ഥാനത്തിലൂടെയാണ് ദലിത് സഹോദരങ്ങളുടെ സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെല്ലാം ദലിത് ക്രൈസ്തവരുടെ പങ്കാ

ളിത്തം വർധിക്കേണ്ടതുണ്ട്. ഭവനനിർമ്മാണം, വിദ്യാഭ്യാസപ്രോത്സാഹനം, നേതൃത്വ പരിശീലനം, കരിയർ ഗൈഡൻസ്, സർക്കാരുമായുള്ള ബന്ധപ്പെടൽ തുടങ്ങിയ മേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽക്കണ്ട് ദലിത് ക്രൈസ്തവ വിഷയങ്ങൾ ചർച്ച ചെയ്യുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ കോർപ്പറേഷനുമായി തുടർചർച്ചകൾ നടക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വിവിധ സന്ന്യസ്തസഭകളുടെയും ഭക്തസംഘടനകളുടെയും രൂപതകളുടെയും സഹായസഹകരണത്തോടെ ഭവനരഹിതരായ 300 ദലിത് കത്തോലിക്കാ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 5,25,00,000 (അഞ്ചുകോടി ഇരുപത്തഞ്ചു ലക്ഷം) രൂപയും വിദ്യാഭ്യാസ സ്കോളർഷിപ്പായി കഴിഞ്ഞവർഷം 3,52,000 (മൂന്നു ലക്ഷത്തിഅൻപത്തിരണ്ടായിരും) രൂപയും ധനസഹായം നല്കിയിട്ടുണ്ട്. വരുംവർഷങ്ങളിൽ ഭവനനിർമ്മാണം, വിദ്യാഭ്യാസ സ്കോളർഷിപ്പ് കൂടാതെ Talent and Skill Development Program ഉം കലാവൈഭവമുള്ളവർക്ക് പ്രത്യേക പരിശീലനപരിപാടികളും ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾക്ക് വലിയ സാമ്പത്തിക സഹായം ആവശ്യമാണ്. ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച പൂർണമായും കെസിബിസി SC/ST/BC കമ്മീഷന് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

---

N.B: 2019 ആഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

*സർക്കുലർ 11/2019*

# പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്

ബഹു. വൈദികരേ സഹോദരീസഹോദരങ്ങളേ,

ദൈവജനമാണ് സഭ എന്ന് പ്രഖ്യാപിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കാഴ്ചപ്പാടിന്റെ പ്രയോഗവത്ക്കരണമാണ് രൂപതകളിൽ സ്ഥാപിതമായ പാസ്റ്ററൽ കൗൺസിൽ. രൂപതാദ്ധ്യക്ഷനോടു ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെ രൂപതയുടെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വൈദികരുടെയും സമർപ്പിതരുടെയും അത്മായരുടെയും കൂട്ടായ്മയാണ് പാസ്റ്ററൽ കൗൺസിലിലൂടെ സാധ്യമാകുന്നത്. ഒരു രൂപതയുടെ ഭരണത്തിൽ ഉണ്ടായിരിക്കേണ്ട സംവിധാനങ്ങളിൽ ഒന്നായി സഭാനിയമം പാസ്റ്ററൽ കൗൺസിലിനെ അവതരിപ്പിക്കുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി രൂപതയുടെ കാഴ്ചപ്പാടുകളെയും കർമ്മപദ്ധതികളെയും സുവിശേഷ ചൈതന്യത്തിൽ രൂപപ്പെടുത്തുന്നതിനും പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിന് പ്രചോദിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതുവഴിയായി രൂപതാ ഭരണത്തിലെ ഒരു പ്രധാനപ്പെട്ട സംവിധാനമായി പാസ്റ്ററൽ കൗൺസിൽ മാറുന്നു.

പാസ്റ്ററൽ കൗൺസിൽ ഒരു ആലോചന സംഘമാണ്. രൂപതാഭരണത്തിൽ രൂപതാദ്ധ്യക്ഷനെ സഹായിക്കുക എന്ന ദൗത്യമാണ് പാസ്റ്ററൽ കൗൺസിലിനുള്ളത്. നമ്മുടെ രൂപതയിൽ പാസ്റ്ററൽ കൗൺസിൽ സ്തുത്യർഹമായ ദൗത്യമാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. രൂപതയുടെ നാനാമുഖമായ വളർച്ച സാധ്യമാക്കുന്നതിനുവേണ്ടി പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന ഒരു ഘടകമായി പാസ്റ്ററൽ കൗൺസിൽ മാറിക്കഴിഞ്ഞു.

നമ്മുടെ രൂപതയിൽ പത്താം പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി പൂർത്തിയായിരിക്കുകയാണ്. അതിനാൽ പതിനൊന്നാം പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കേണ്ടതാണ്. വൈദികർ, സന്ന്യസ്തർ, അല്മായർ എന്നീ മൂന്ന് ഗണങ്ങളിലുള്ളവരുടെ പ്രതിനിധികളാണ് പാസ്റ്ററൽ കൗൺസിലിൽ അംഗങ്ങളായിട്ടുള്ളത്. വിശ്വാസ ജീവിതം, സ്വഭാവശുദ്ധി, സൗഹാർദത, പൊതുജന അംഗീകാരം, ആശയങ്ങൾ വ്യക്തമായി അവതരിപ്പിക്കാനുള്ള കഴിവ്, മറ്റുള്ളവരുടെ ആശയങ്ങൾ പക്വമനസ്ഥിതിയോടെ സ്വീകരിക്കുവാനുള്ള പ്രാവീണ്യം, വിശാല മനസ്ഥിതി, ചർച്ചകളിൽ ഫലപ്രദമായി പങ്കെടുക്കുവാനുള്ള കഴിവ്, സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി പ്രവർത്തിക്കു വാനുള്ള സന്നദ്ധത തുടങ്ങിയ ഗുണങ്ങൾ അംഗങ്ങൾക്ക് ഉണ്ടാകേണ്ടതാണ് (പൗരസ്ത്യ കാനൻ നിയമം, c. 273 §4).

രൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് ഫൊറോന കൗൺസിലാണ്. അതിനാൽ ആദ്യ നടപടിയായി എല്ലാ ഫൊറോനകളിലും ഫൊറോന കൗൺസിൽ രൂപീകരിക്കണം. ഇതിലേക്കായി, ഫൊറോനയിലെ ഓരോ ഇടവകയിലും നിന്ന് 4 പ്രതിനിധികളെ വീതം തെരഞ്ഞെടുക്കുകയും അവരെ ഫൊറോന കൗൺസിലിലേക്ക് അയക്കുകയും ചെയ്യണം. ഇടവകകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 4 പേരിൽ രണ്ട് പുരുഷന്മാരും രണ്ട് സ്ത്രീകളും ഉണ്ടായിരിക്കണം. ഇവരിൽ ഒരു പുരുഷനും ഒരു സ്ത്രീയും 35 വയസ്സിൽ താഴെ പ്രായമുള്ളവരാ യിരിക്കണം. ഇപ്രകാരം ഇടവകകളിൽ നിന്ന് വരുന്ന പ്രതിനിധികൾ ഉൾപ്പെടുന്ന ഫൊറോന കൗൺസിൽ രൂപീകരിക്കുന്നതിന് ബഹു. ഫൊറോന വികാരിമാരാണ് നേതൃത്വം എടുക്കേണ്ടത്.

ഓരോ ഫൊറോന കൗൺസിലും 4 പ്രതിനിധികളെ വീതമാണ് രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടത്. ഇങ്ങനെ തെരഞ്ഞെടുക്കുന്ന 4 പേരിൽ രണ്ട് പേർ പുരുഷന്മാരും രണ്ട് പേർ സ്ത്രീകളുമായിരിക്കണം. ഇവരിൽ ഒരു പുരുഷനും ഒരു സ്ത്രീയും 35 വയസ്സിൽ താഴെ പ്രായമുള്ളവരായിരിക്കണം. ഫൊറോന വികാരി, രൂപത പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളുടെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ, ഇ-മെയിൽ മേൽവിലാസം എന്നിവ 2019 സെപ്റ്റംബർ 15-ാം തീയതിക്കുമുമ്പ് പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറിയായ രൂപതാ ചാൻസലർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

രൂപത പാസ്റ്ററൽ കൗൺസിലിന്റെ നിയമാവലി പ്രകാരം ഓരോ ഫൊറോനയെയും പ്രതിനിധികരിക്കുന്നതിന് ഫൊറോനയിലെ വൈദികർ തെരഞ്ഞെടുക്കുന്ന ഒരു വൈദികൻ പാസ്റ്ററൽ കൗൺസിലിന്റെ അംഗമാണ്. അതിനാൽ ബഹു. ഫൊറോന വികാരിയുടെ നേതൃത്വത്തിൽ ഓരോ ഫൊറോനയിലെയും വൈദികർ കൂടിച്ചേർന്ന് പാസ്റ്ററൽ കൗൺസിലിലേയക്ക് ഒരു വൈദിക പ്രതിനിധിയെ തിരഞ്ഞെടുക്കേണ്ടതും സെപ്റ്റംബർ 15 ന് മുമ്പ് രൂപത ചാൻസലറിനെ വിവരം അറിയിക്കേണ്ടതുമാണ്.

സ്നേഹപൂർവ്വം,

✠ **മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

**NB:** പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ് സംബന്ധിച്ച് രൂപത നിയമാവലിയിൽ കൊടുത്തിട്ടുള്ള പാസ്റ്ററൽ കൗൺസിൽ നിയമാവലി പരിശോധിക്കുക (രൂപത നിയമാവലി, pp.144-149).

# കച്ചേരിക്കാര്യം

### 1. നിയമനങ്ങൾ

1. റവ. ഫാ. കുളത്തിങ്കൽ മാത്യു – വിസിറ്റിംഗ് പ്രൊഫസർ
കുന്നോത്ത് മേജർ സെമിനാരി

2 റവ. ഫാ. തടത്തിൽ മാത്യു – Adhoc Faculty - NIT
കോഴിക്കോട്

### 2. വൈദികദിന കൂട്ടായ്മ

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ചുള്ള ബഹു. വൈദികരുടെ സൗഹൃദ സമ്മേളനം താമരശ്ശേരി അൽഫോൻസ സ്കൂളിൽ വെച്ച് നടത്തുന്നു. ജൂലൈ 31-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിക്ക് ബഹു. അച്ചന്മാരെല്ലാവരും എത്തിച്ചേരണ്ടതാണ്. അത്താഴത്തോടെ പരിപാടികൾ സമാപിക്കുന്നതാണ്. എല്ലാവരെയും അൽഫോൻസ സ്കൂളിലേക്ക് സ്വാഗതം ചെയ്യുന്നു.

### 3. വൈദിക ക്ഷേമനിധി

വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള സംഭാവനകൾ ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ സ്തോത്രക്കാഴ്ചയായി സ്വീകരിച്ച് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 4. പതിനഞ്ച് നോമ്പ്

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന് മുന്നോടിയായി നമ്മുടെ സഭയിൽ പതിനഞ്ച് നോമ്പ് ആഗസ്റ്റ് 1 മുതൽ 15 വരെ ആചരിക്കുന്ന നല്ല പാരമ്പര്യം ഉണ്ട്. ഇക്കാര്യം ദൈവജനത്തെ അറിയിക്കുകയും തീഷ്ണതയോടെ നോമ്പാചരണം നടത്തുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

### 5. തടവറ പ്രേഷിതദിനം

ആഗസ്റ്റ് 11-ാം തീയതി കേരളസഭ തടവറ പ്രേഷിതദിനമായി ആചരിക്കുന്നു. അന്നേദിവസം എടുക്കുന്ന സ്തോത്രക്കാഴ്ച തടവറ പ്രേഷിത പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 6. ജസ്റ്റിസ് സൺഡേ

ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച ജസ്റ്റിസ് സൺഡേയായി സഭ ആചരിക്കുന്നു. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച ദളിത് ക്രൈസ്തവരുടെ സമുദ്ധാരണത്തിനുവേണ്ടിയുള്ളതാകയാൽ രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 7. പുതിയ മഠം

ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിന്റെ പുതിയ ഭവനം പെരിന്തൽമണ്ണ ഇടവകയിൽ പുതുതായി ആരംഭിച്ചിരിക്കുന്നു. പുതിയ മേൽവിലാസം:

Rev. Sr. Superior
FC Convent
Perinthalmanna
Malappuram - 679322

### 8. ആദരാഞ്ജലികൾ

| | | |
|---|---|---|
| **02-08-2010** | **-** | **റവ. ഫാ. ജോസഫ് മണിയങ്ങാട്ട്** |
| 02-08-1992 | - | റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. |
| 03-08-1973 | - | റവ. ഫാ. ജോസഫ് ഇടക്കര |
| 06-08-1958 | - | റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. |
| 08-08-1993 | - | റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. |
| **09-08-2011** | **-** | **റവ. ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ** |
| 10-08-2007 | - | റവ. ഫാ. ജോർജ് കച്ചിറമറ്റം |
| 13-08-1994 | - | റവ. ഫാ. തോമസ് മാമ്പുഴയ്ക്കൽ |
| **17-08-2018** | **-** | **റവ. ഫാ. ചാണ്ടി കുരിശുംമൂട്ടിൽ** |
| **19-08-2007** | **-** | **റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം** |
| **22-08-2005** | **-** | **റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം** |
| **25-08-2010** | **-** | **റവ. ഫാ. ജോസഫ് കോഴിക്കോട്ട്** |
| 28-08-1970 | - | റവ. ഫാ. ജോർജ് വട്ടുകുളം |

**പ്രോട്ടോസിഞ്ചെല്ലൂസ്**


# പാവനസ്മരണയ്ക്ക്




റവ. ഫാ. ജോസഫ്
മണിയങ്ങാട്ട് (02.08.2010)



റവ. ഫാ. ജോസഫ്
അറയ്ക്കപ്പറമ്പിൽ (09.08.2011)



റവ. ഫാ. ചാണ്ടി
കുരിശുംമൂട്ടിൽ(17.08.2018)



റവ. ഫാ. അലക്സ്
മണക്കാട്ടുമറ്റം (19.08.2007)



റവ. ഫാ. അഗസ്റ്റിൻ
തുരുത്തിമറ്റം (22.08.2005)



റവ. ഫാ. ജോസഫ്
കോഴിക്കോട്ട് (25.08.2010)

# വൈദിക സമിതി റിപ്പോർട്ട്

പത്താമത് വൈദിക സമിതിയുടെ 7-ാമത്തേതും അവസാനത്തേതുമായ സമ്മേളനം 2019 ജൂലൈ 25-ാം തീയതി രൂപതാഭവനിൽ വച്ച് ചേരുകയുണ്ടായി. റവ. ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് അംഗങ്ങളെ സ്വാഗതം ചെയ്യുകയും അജണ്ടയിലെ വിഷയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. പത്താം വൈദികസമിതി രൂപീകരിച്ചപ്പോൾ മുതൽ സജീവമായി പങ്കെടുത്ത ഓരോരുത്തരേയും പിതാവ് അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്തു. തുടർന്ന് രൂപതാ വൈദിക കൂട്ടായ്മയിൽ നിന്ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. സെബാസ്റ്റ്യൻ ഇളംതുരുത്തിലച്ചനെയും, ബഹു. ജോർജ് കഴിക്കച്ചാലിയച്ചനെയും അനുസ്മരിച്ച് പ്രാർത്ഥിച്ചു. കഴിഞ്ഞ വൈദിക സമിതിയുടെ റിപ്പോർട്ട് വായിക്കുകയും ഭേദഗതികൾ ഒന്നുമില്ലാതെ അംഗങ്ങൾ അംഗീകരിക്കുകയും ചെയ്തു. പിന്നീട് അജണ്ടയിലെ വിഷയങ്ങൾ ചർച്ചക്കെടുത്തു.

1. **കുടുംബനവീകരണ വർഷം 2020:** 2020- കുടുംബനവീകരണ വർഷമായി ആചരിക്കുന്നതിനുള്ള കർമ്മപദ്ധതികൾ യോഗം ചർച്ച ചെയ്തു. രൂപതയിലെ വിവിധ ഫൊറോനകളിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങൾ ഫാ. ജോർജ് മുണ്ടനാട്ട് അവതരിപ്പിച്ചു. കുടുംബനവീകരണ വർഷം കാര്യക്ഷമമായി ആചരിക്കുന്നതിന് പെരിയ ബഹു. ജോൺ ഒറവുങ്കരയച്ചൻ കൺവീനറായി ഒരു കോർ കമ്മിറ്റിയെ നിയമിക്കുവാൻ തീരുമാനിച്ചു.

2. **ദേശീയ വിദ്യാഭ്യാസ നയം** 2019-ലെ കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ചുള്ള ആശങ്കകളും കണ്ടെത്തലുകളും കോർപ്പറേറ്റ് മാനേജർ ബഹു. സെബാസ്റ്റ്യൻ പുരയിടത്തിലച്ചൻ അവതരിപ്പിച്ചു. ന്യൂനപക്ഷ ധ്വംസനവും ഭരണഘടനാ ലംഘനവും വളരെ വിദഗ്ദമായി സർക്കാർ നടപ്പിലാക്കുവാൻ ശ്രമിക്കുകയാണെന്ന് യോഗം വിലയിരുത്തി. ജൂലൈ 31 നു മുമ്പ് നമ്മുടെ നിവേദനങ്ങൾ കേന്ദ്ര സർക്കാറിനെ അറിയിക്കുവാൻ ബഹു. പുരയിടത്തിലച്ചനെ യോഗം ചുമതലപ്പെടുത്തി.

3. **കട്ടാങ്ങൽ ഇടവക സ്ഥാപനം:** എൻ.ഐ.ടി. കാമ്പസ് കട്ടാങ്ങൽ സെന്റ് ജോസഫ്സ് ചർച്ച് ഇടവകയായി ഉയർത്താൻ യോഗം ശുപാർശ ചെയ്തു.

4. **കപ്പുച്ചിൻ ആശ്രമം, മഞ്ഞുവയൽ:** മഞ്ഞുവയൽ ഇടവകാതിർത്തിയിൽ കപ്പുച്ചിൻ വൈദികരുടെ ഒരു ഭവനത്തിന് അനുവാദം നല്കുവാൻ വൈദിക സമിതി ശുപാർശ ചെയ്തു.

**5. അഡ്ഹോക് കമ്മറ്റി രൂപീകരണം:** രൂപതയിലെ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൽ കൂട്ടുത്തരവാദിത്വത്തോടെ ചെയ്യുന്നതിന് ഒരു കമ്മറ്റി രൂപീകരിക്കുന്ന കാര്യത്തെക്കുറിച്ച് ബഹു. ജനറാളച്ചൻ വിഷയാവതരണം നടത്തി. വിശദമായ ചർച്ചകൾക്കുശേഷം എല്ലാ സംഘടനകൾക്കും, സ്ഥാപനങ്ങൾക്കും താമരശ്ശേരി വൈദിക കൂട്ടായ്മയിൽ നിന്നും ഒരു സമിതിയെ നിയമിക്കുവാൻ തീരുമാനിച്ചു.സീറോ അവറിൽ നടന്ന ചർച്ചയിൽ വിവാഹം നടക്കാത്ത യുവതീയുവാക്കളുടെ സംഗമത്തെക്കുറിച്ചും, അതിന്റെ ഈ കാലഘട്ടത്തിലെ പ്രാധാന്യത്തെക്കുറിച്ചും ബഹു. ജോസ് പെണ്ണാപറമ്പിലച്ചൻ സംസാരിച്ചു. വൈദികദിനത്തോടനുബന്ധിച്ച് ജൂലൈ 31 ന് അൽഫോൻസാ സ്കൂളിൽ ഒരുമിച്ചു കൂടുവാൻ തീരുമാനിച്ചു. ത്രികാല ജപത്തോടെ യോഗം സമാപിച്ചു.

**ഫാ. ജോർജ് മുണ്ടനാട്ട്**
സെക്രട്ടറി, വൈദിക സമിതി

# ആദരാഞ്ജലികൾ



## റവ. ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ

***ജനനം : 02.12.1939***

***പൗരോഹിത്യം : 19.12.1967***

***മരണം : 23.07.2019***

"ഞാൻ നല്ലവണ്ണം യുദ്ധം ചെയ്തു; ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി, എന്റെ വിശ്വാസം ഞാൻ സംരക്ഷിച്ചു. ആകയാൽ നീതിയുടെ ന്യായധിപനായ കർത്താവ് നീതിയുടെ മുടി എന്നെ അണിയിക്കുമാറാകട്ടെ". നല്ലവണ്ണം കഠിനാധ്വാനം ചെയ്ത് നല്ല ഓട്ടം ഓടിത്തീർത്ത് ജൂലൈ 23 ന് നിത്യതയിലേക്ക് യാത്രയായ ബഹു. കഴിക്കച്ചാലിൽ ജോർജ്ജച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

1939 ഡിസംബർ 2 ന് കോതമംഗലം രൂപതയിലെ അരിക്കുഴയിൽ കഴിക്കച്ചാലിൽ മത്തായി - ഏലിക്കുട്ടി ദമ്പതികളുടെ ആറുമക്കളിൽ മൂത്തമകനായി ജോർജ്ജച്ചൻ ജനിച്ചു. 1958 ൽ തലശ്ശേരി രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം ആരംഭിച്ചു. തന്റെ പിതൃസഹോദരനായ ബഹു. ജോർജ്ജ് കഴിക്കച്ചാലിൽ (സീനിയർ) അച്ചന്റെ പ്രേരണയും പ്രചോദനവുമാണ് മലബാറിലെ കുടിയേറ്റ ജനതയുടെ അജപാലകനാകുവാൻ ബഹു. കഴിക്കച്ചാലിലച്ചനെ പ്രേരിപ്പിച്ചത്. തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിലും മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലുമായി

വൈദിക പരിശീലനം പൂർത്തിയാക്കിയ കഴിക്കച്ചാലിലച്ചൻ 1967 ഡിസംബർ 19 ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. മാനന്തവാടി രൂപതയുടെ മണിമൂളി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി വൈദിക ജീവിതം ആരംഭിച്ച അച്ചൻ തലഞ്ഞി, നിലമ്പൂർ എന്നീ ഇടവകകളിലും തലശ്ശേരി അതിരൂപതയിലെ വെള്ളരിക്കുണ്ട്, ചെറുപുഴ, കീഴ്പ്പള്ളി എന്നീ ഇടവകകളിലും താമരശ്ശേരി രൂപതയിലെ മഞ്ഞുവയൽ, ചെമ്പനോട, പുഷ്പഗിരി, കൂരാച്ചുണ്ട്, മരുതോങ്കര, കണ്ണോത്ത്, തോട്ടുമുക്കം, ചക്കിട്ടപാറ, മാലാപറമ്പ്, പാലൂർകോട്ട എന്നീ ഇടവകകളിലും തന്റെ അജപാലനശുശ്രൂഷ സ്തുത്യർഹമായ രീതിയിൽ നിർവ്വഹിച്ചു.

ചെറിയ കാര്യങ്ങളിൽപോലുമുള്ള കൃത്യതയും സ്വതന്ത്രമായ നിലപാടുകളും, ഒന്നിനോടും മടുപ്പുതോന്നാത്ത തീഷ്ണതയും നേതൃത്വപാടവവുമായിരുന്നു അച്ചനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കിയിരുന്നത്. കുടിയേറ്റത്തിന്റെ കഷ്ടപ്പാടുകളും, നൊമ്പരങ്ങളും മാത്രം സ്വന്തമായിയുണ്ടായിരുന്ന ദൈവജനത്തിനായി ആയുസ്സും ആരോഗ്യവും പൂർണ്ണമായി അർപ്പിച്ച അച്ചൻ എന്നും പൗരോഹിത്യജീവിതത്തിന് ഒരു വഴിവിളക്കായിരുന്നു. സുദീർഘമായ അച്ചന്റെ പൗരോഹിത്യജീവിതം ലളിതവും വിനീതവും അനാർഭാടവും സേവനനിരതവുമായിരുന്നു. ആഴമേറിയ ആദ്ധ്യാത്മികതയും ആദർശ ധീരതയും വിധേയത്വവും നിശ്ചയദാർഢ്യവും കൈമുതലാക്കിയ അച്ചൻ ഏവർക്കുമൊരു മാതൃകയാണ്. 2015 മെയ് മാസം മുതൽ ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുകൊണ്ടിരിക്കുമ്പോഴാണ് ജൂലൈ 23 ന് ചൊവ്വാഴ്ച അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

80 വർഷത്തെ സ്തുത്യർഹമായ ജീവിതം. അതിൽ 56 വർഷവും മലബാറിന്റെ മിഷനറിയായി സജീവമായി പ്രവർത്തിച്ച നിറസാന്നിധ്യം. ഊർജ്ജസ്വലതയുടെ ആൾരൂപം. ചടുലമായ നടത്തവും വീക്ഷണമുള്ള ചിന്തകളും. രോഗികളോടും പാവങ്ങളോടുമുള്ള പ്രത്യേക പരിഗണന. വ്യക്തിബന്ധങ്ങളെ എന്നും സജീവമായി നിലനിർത്തിയ സ്നേഹധനനായ പിതാവ്. നിഷ്ഠയുള്ള ജീവിതചര്യകളിലൂടെ സ്വന്തമായ ആത്മീയ ജീവിതം പടുത്തുയർത്തിയ വ്യക്തി. ലാളിത്യത്തിന്റെയും വ്രതശുദ്ധിയുടെയും മാതൃക. തിരുവൾത്താരയിലെയും പാപസങ്കീർത്തനവേദികളിലെയും നിറസാന്നിധ്യം. പുതിയ തലമുറയ്ക്ക് പൗരോഹിത്യ സൗന്ദര്യത്തിന്റെ തീഷ്ണത പകർന്നു നല്കിയ കർമ്മയോഗി. ഇതൊക്കെയായിരുന്നു നമ്മുടെ പ്രിയപ്പെട്ട നമ്മുടെ കഴിക്കച്ചാലിലച്ചൻ. അദ്ദേഹം ഇന്ന് നമ്മോടൊപ്പമില്ലെങ്കിലും നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കാൻ ദൈവപിതാവിന്റെ സന്നിധിയിലായിരിക്കുമെന്ന പ്രത്യാശ നമ്മെ ആശ്വസിപ്പിക്കട്ടെ. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**ഫാ. ജോർജ്ജ് മുണ്ടനാട്ട്**
സെക്രട്ടറി, വൈദിക ക്ഷേമനിധി

# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

രണ്ട് അമ്മമാരുടെ തിരുനാളാണ് ആഗസ്റ്റ് 15-ാം തീയതി നാം ആചരിക്കുന്നത്. നമ്മുടെ ഭാരതാംബ സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിലേക്ക് പറന്നുയർന്നതിന്റെയും സഭയുടെ അമ്മയായ പരിശുദ്ധ മറിയം സ്വർഗ്ഗീയ സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിച്ചതിന്റേയും. 'കറപുരണ്ട മനുഷ്യ പ്രകൃതിയുടെ ഏകാഭിമാനമായ' സ്വർഗ്ഗാരോപിതയായ മറിയത്തോട് ഞങ്ങളേയും സ്വർഗ്ഗത്തിലേക്ക് നയിക്കണമേയെന്ന് പ്രാർത്ഥിക്കാം. ഒപ്പം നമ്മുടെ നാടിന്റെ സ്വാതന്ത്ര്യത്തിനായി അഹോരാത്രം അദ്ധ്വാനിച്ച മഹാത്മാക്കളെ അഭിമാനത്തോടെ സ്മരിക്കാം. എല്ലാവർക്കും സ്വർഗ്ഗാരോ പണത്തിരുനാളിന്റേയും സ്വാതന്ത്ര്യദിനത്തിന്റേയും ആശംസകൾ.

### ആമുഖസെമിനാർ

പുതിയ അധ്യയന വർഷത്തിൽ നവാഗതരായ അധ്യാപകർക്കു വേണ്ടിയുള്ള ആമുഖസെമിനാർ ജൂലൈ 12 മുതൽ 14 വരെ പി.എം.ഒ.സിയിൽ വച്ച് നടന്നു. 55 ഇടവകകളിൽ നിന്നായി 89 അധ്യാപകർ സംബന്ധിച്ച സെമിനാർ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാദ്ധ്യക്ഷനേയും മതബോധന ഡയറക്ടറേയുംകൂടാതെ റവ. ഫാ. ഷാന്തി പുതുശ്ശേരി പി.ഐ.എം.ഇ, റവ. ഫാ. കുര്യൻ പുരമഠത്തിൽ, ശ്രീ. പ്രകാശ് പുളിക്കേക്കര, ശ്രീ. സണ്ണി കോക്കാപ്പിള്ളി എന്നിവർ ക്ലാസുകളെടുത്തു. ശ്രീ. നൈജിൽ പുരയിടം, ശ്രീ. കിഷോർ ആന്റണി, റവ. സി. സീന എസ്.എച്ച്, റവ. സി. ലിനി എം.എസ്.എം.ഐ എന്നിവർ പ്രോഗ്രാമിനു നേതൃത്വം നൽകി. സമാപന ദിവസം വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. സമാപന സമ്മേളനത്തിൽ വച്ച് ആമുഖസെമിനാറിൽ പങ്കെടുത്ത വർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

### ലൂമിന 2019

ജൂലൈ 15-ാം തീയതി തോട്ടുമുക്കം മേഖലയിൽ ലൂമിന 2019 നടക്കുകയുണ്ടായി. റവ. ഫാ. ഷാന്തി പുതുശ്ശേരി പ്രോഗ്രാം നയിച്ചു. 9.30 ന് ആരംഭിച്ച പ്രോഗ്രാം 3.30 ന് അവസാനിച്ചു. 315 കുട്ടികൾ പങ്കെടുത്ത പ്രോഗ്രാമിന് നേതൃത്വം നൽകിയ മേഖലാഭാര വാഹികൾക്കും മതാധ്യാപകർക്കും പ്രത്യേകം നന്ദി.

### ലൂമിന 2019 ആഗസ്റ്റ് മാസത്തിൽ

ആഗസ്റ്റ് 04: കരുവാരകുണ്ട് മേഖല - കരുവാരകുണ്ട്
ആഗസ്റ്റ് 10: പെരിന്തൽമണ്ണ മേഖല - പെരിന്തൽമണ്ണ
ആഗസ്റ്റ് 11: തിരുവമ്പാടി മേഖല - തിരുവമ്പാടി
ആഗസ്റ്റ് 18: കൂരാച്ചുണ്ട് മേഖല - കൂരാച്ചുണ്ട്
ആഗസ്റ്റ് 25: വിലങ്ങാട് മേഖല - വിലങ്ങാട്

### ഫീലിയ 2019 (Sex Education STD VIII, IX)

എട്ട്, ഒൻപത് ക്ലാസുകളെ ഫൊറോനതലത്തിൽ ഏകോപിപ്പിച്ച് ലൈംഗിക വിശുദ്ധിയെക്കുറിച്ച് ജൂലൈ 21 ന് കോടഞ്ചേരി മേഖല യിൽ ക്ലാസ്സ് നടക്കുകയുണ്ടായി. ഡോ. എബ്രഹാം ജേക്കബ് നയിച്ച ക്ലാസ് വെരി. റവ. ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്തു. മേഖലയിലെ 367 കുട്ടികൾ ക്ലാസിൽ പങ്കെടുത്തു.

### ഫീലിയ 2019 ആഗസ്റ്റ് മാസത്തിൽ

ആഗസ്റ്റ് 11: തോട്ടുമുക്കം മേഖല
ആഗസ്റ്റ് 18: താമരശ്ശേരി മേഖല

### വൈദിക ദിനം (ആഗസ്റ്റ് 04)

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ആഗസ്റ്റ് 04 ഞായറാഴ്ച വൈദിക ദിനമായി ആചരിക്കുന്നു. വി. കുർബാനയ്ക്കുശേഷം ബഹു. വികാരിയച്ചന്മാരെ ആശംസകൾ അറിയിച്ച് ആദരിക്കേണ്ടതാണ്.

### ഗുരുദർശൻ

ആഗസ്റ്റ് 14-15 (ബുധൻ, വ്യാഴം) സെപ്റ്റംബർ 20, 21 (വെള്ളി-ശനി) തീയതികളിൽ പി.എം.ഒ.സിയിൽ വച്ച് നടക്കുന്ന മതാധ്യാപക തുടർപരിശീലനമായ 'ഗുരുദർശൻ' പ്രോഗ്രാമിന് പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. (എല്ലാ അധ്യാപകരും ഇതിൽ പങ്കെടുക്കേണ്ടതാണ്) ബൈബിൾ, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) എന്നിവയും ഒരു ദിവസം താമസിക്കാനാവശ്യമായ ബെഡ്ഷീറ്റടക്കമുള്ള സാധനങ്ങളും പ്രോഗ്രാമിനു വരുന്നവർ കൊണ്ടുവരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 300/- രൂപ.

### സൺഡേ സ്കൂൾ സന്ദർശനം

ഹെഡ്മാസ്റ്റേഴ്സ് നേതൃത്വം നൽകുന്ന സൺഡേ സ്കൂൾ സന്ദർശനം സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ നടക്കുന്നതാണ്.

ഇടവകകളിൽ മുൻകൂട്ടി വിളിച്ചറിയിച്ച് സന്ദർശനത്തിനു വരുന്ന രീതി ഈ അദ്ധ്യയന വർഷം മുതൽ ഉണ്ടായിരി ക്കുന്നതല്ല. ഏതെങ്കിലും ആഴ്ചകളിൽ ഇടവകകളിൽ അസൗകര്യം ഉണ്ടെങ്കിൽ അത് രണ്ട് ആഴ്ച മുമ്പുതന്നെ മതബോധന ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. സെപ്റ്റംബർ 08 (മാതാവിന്റെ പിറവി തിരുനാൾ), സെപ്റ്റംബർ 29 (ലോഗോസ് ക്വിസ്), ഒക്ടോബർ 13 (അർദ്ധവാർഷിക പരീക്ഷ), ഒക്ടോബർ 29 (മിഷൻ ഞായർ) ഈ ദിവസങ്ങളിൽ സന്ദർശനം ഉണ്ടായിരിക്കുന്നതല്ല.

## തിരുവോണം

തിരുവോണം (സെപ്റ്റംബർ 11 ബുധൻ) ഞായറാഴ്ചയോടടുത്ത ദിവസം അല്ലാത്തതിനാൽ രൂപതാമതബോധന കമ്മറ്റിയുടെ തീരുമാന പ്രകാരം ഓണത്തോടനുബന്ധിച്ച് സൺഡേ സ്കൂളുകൾക്ക് അവധി ഉണ്ടായിരിക്കുന്നതല്ല.

## തിയോളജി ഡിപ്ലോമ കോഴ്സ്

മതാധ്യാപകർ നിർബന്ധമായും തിയോളജിയിൽ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കണം. രൂപതയിലെ മതാധ്യാപകർക്ക് പോപ്പ് ബനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് പഠനം നടത്താവുന്നതാണ്. വിശദവിവരങ്ങൾ ഹെഡ്മാസ്റ്റേഴ്സ് മുഖേന അറിയിക്കുന്നതാണ്.

## മാതാപിതാക്കളുടെ സെമിനാർ/കമ്മിറ്റി

ആഗസ്റ്റ് മാസത്തിനുള്ളിൽ എല്ലാ സൺഡേ സ്കൂളുകളിലും മാതാപിതാക്കൾക്കുള്ള സെമിനാർ/കമ്മറ്റി തിരഞ്ഞെടുക്കേണ്ടതാണ്.

## ഡയറക്ടറച്ചന്റെ സന്ദർശനം

കുണ്ടായിത്തോട്, കോടഞ്ചേരി, പൊയിലോംചാൽ ഇടവകകളിൽ സന്ദർശനം നടത്തി മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, മതബോധനം



# മിഷൻലീഗ്

## ശാഖാസന്ദർശനം

മാങ്കാവ്, കരികണ്ടൻപാറ, മഞ്ഞക്കുന്ന്, മഞ്ഞുമല, കൂരോട്ടുപാറ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി മിഷൻലീഗ് അംഗങ്ങളോട് സംസാരിച്ചു.

## രൂപതമാനേജിംഗ് കമ്മിറ്റി

ജൂലൈ 13-ന് പി.എം.ഒ.സിയിൽ വച്ച് ശ്രീ. ജോയി ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ പ്രവർത്തന വർഷത്തെ ആദ്യത്തെ മാനേജിംഗ് കമ്മിറ്റി ചേർന്നു. കഴിഞ്ഞ പ്രവർത്തന വർഷത്തെ വിലയിരുത്തുകയും വാർഷിക റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാക്കുകയും ഈ വർഷത്തെ പ്രവർത്തനങ്ങളെ വിശദീകരിക്കുകയും തുടർപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. മേഖലാ ഭാരവാഹികൾ പങ്കെടുത്ത ഈ യോഗത്തിൽ ജിനോ മാത്യു സ്വാഗതവും രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ സന്ദേശവും സംസ്ഥാന ഓർഗനൈസർ കെ. ജി. ഫ്രാൻസിസ് ക്ലാസെടുക്കുകയും ചെയ്തു. അനൂപ് സി. ജോസ് എല്ലാവർക്കും നന്ദിപറഞ്ഞു. മിഷനാന്തത്തോടെ സമ്മേളനം സമാപിച്ചു.

## രൂപതാ എക്സിക്യൂട്ടീവ്

ആഗസ്റ്റ് 13 ന് ഉച്ചകഴിഞ്ഞ് രൂപതാ എക്സിക്യൂട്ടീവ് യോഗം ചേർന്ന് പ്രവർത്തനങ്ങളെ വിലയിരുത്തുകയും അടുത്തമാസം നടക്കേണ്ട പ്രോഗ്രാമുകളെ കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കു കയും ചെയ്തു.

## നവപ്രേഷിത സംഗമം

കൂരാച്ചുണ്ട് മേഖലയുടെ നേതൃത്വത്തിൽ എയ്ഞ്ചൽസ് മീറ്റ് ജൂലൈ 14 ന് കൂരാച്ചുണ്ട് സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് നടന്നു. കൂരാച്ചുണ്ട് മേഖലയിലെ എല്ലാ ശാഖകളിൽ നിന്നുമായി 160 നവാഗതർ ഈ സംഗമത്തിൽ പങ്കെടുത്തു. ഫാ. ബിജു നിലംതറ ഒ.എഫ്.എം, ഫാ. ജോസ് കരിങ്ങട ഒ.എഫ്.എം എന്നിവർ ക്ലാസുകൾ നയിച്ചു. രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ ഉദ്ഘാടനം ചെയ്ത എയ്ഞ്ചൽസ് മീറ്റിൽ മേഖല ഡയറക്ടർ ഫാ. ഡാന്റീസ് കിഴുക്കരക്കാട്ട് മുഖ്യ പ്രഭാഷണം നടത്തുകയും മേഖല പ്രസിഡന്റ് ജോബി കടുകുമാക്കൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. രൂപതാ സെക്രട്ടറി സിനോ തോമസ്, മേഖല സെക്രട്ടറി അമൽ നിരപ്പേൽ, ശീതൾ കുഴിവേലി, ഡോണ, വൈസ് ഡയറക്ടർ സി. മരിയറ്റ് എസ്. എച്ച്. എന്നിവർ നേതൃത്വം നൽകി.

### കൂപ്പൺ- ഫണ്ട്സമാഹരണം

ഈ വർഷം ചെറുപുഷ്പ മിഷൻലീഗിനെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള പ്രവർത്തന വർഷമാകയാൽ (കലാമത്സരങ്ങൾ) അതിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി ഫണ്ട് കണ്ടെത്തുക എന്നത് ഏറെ ശ്രദ്ധകൊടുക്കേണ്ട കാര്യമാണ്. അതുകൊണ്ട് രൂപതയുടെ ആഭിമുഖ്യത്തിൽ ഈ വർഷം കൂപ്പൺ ഇറക്കുവാൻ തീരുമാനിച്ചി രിക്കുന്നു. എല്ലാ ശാഖകളുടേയും, മേഖലകളുടേയും സഹകരണവും പങ്കാളിത്തവും ഈ വിഷയത്തിൽ ഉണ്ടാകണമെന്നും ഓർമ്മിപ്പിക്കുന്നു. 25 ലീഫ് അടങ്ങിയതാണ് ഒരു ബുക്ക്. ഒരു കൂപ്പണ് 20 രൂപയാണ്. ഒരു ബുക്കിൽ ആകെ 500 രൂപയുടെ കൂപ്പണാണ് ഉള്ളത്. ഒന്നാം സമ്മാനം 1 പവൻ, രണ്ടാം സമ്മാനം LED TV, മൂന്നാം സമ്മാനം സൈക്കിൾ എന്നിവയും കൂടാതെ എല്ലാ ശാഖക്കും ആകർഷകമായ പ്രോത്സാഹന സമ്മാനങ്ങളും നൽകുന്ന വിധത്തിലാണ് കൂപ്പൺ ഇറക്കുന്നത്.

ഒരു ബുക്ക് കൂപ്പൺ ചെലവാക്കുമ്പോൾ ഒരാൾക്ക് 125 (5 x 25) രൂപയും ശാഖക്ക് 25(1 x 25) രൂപയും മേഖലക്ക് 100 (4 x 25) രൂപയും രൂപതക്ക് 250(10x25) രൂപയും ലഭിക്കുന്ന രീതിയിലാണ് ക്രമീകരിച്ചി രിക്കുന്നത്.

രൂപതയിൽ നിന്ന് കൂപ്പണുകൾ ആഗസ്റ്റ് ആദ്യത്തെ ആഴ്ചയിൽ മേഖലയിൽ എത്തിക്കുന്നു. മേഖലയിൽ നിന്ന് ആഗസ്റ്റ് 10 നുള്ളിൽ ശാഖകളിൽ എത്തിക്കേണ്ടതും ആഗസ്റ്റ് 11 ന് കുട്ടികൾ വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്.

ശാഖകളിൽ നിന്ന് കൂപ്പൺ തിരിച്ച് മേഖലയിൽ സെപ്റ്റംബർ 1 ന് എത്തിക്കുകയും സെപ്റ്റംബർ 8 നുള്ളിൽ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. നറുക്കെടുപ്പ് സെപ്റ്റംബർ 21 ന് ആയിരിക്കും. ഒക്ടോബർ 7 ന് രൂപതാ കലോത്സവത്തിൽ വച്ച് സമ്മാനം വിതരണം ചെയ്യുന്നതുമാണ്.

### പ്രാർത്ഥന എഴുതാം, സമ്മാനം നേടാം

ചെറുപുഷ്പ മിഷൻലീഗ് ദൈവവിളി വർഷമായി ഈ പ്രവർ ത്തനവർഷം ആചരിക്കുമ്പോൾ നമ്മുടെ രൂപത പ്രത്യേകമായി ഒക്ടോബർ മാസം ദൈവവിളി മാസമായി ആചരിക്കുവാൻ തീരുമാനി ച്ചിരിക്കുന്നു. അതിനൊരുക്കമായി ദൈവവിളിക്കു വേണ്ടി പ്രാർത്ഥന തയ്യാറാക്കൽ മത്സരം നടത്തുന്നു. ഓരോ ശാഖയും ഉചിതമായ ഒരു ദിവസം മത്സരം നടത്തി അതിൽ ഏറ്റവും മികച്ച ഒരു രചന ആഗസ്റ്റ് 30 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. രചനകൾ ഇ മെയിൽ വഴിയോ, തപാൽ വഴിയോ, നേരിട്ടോ എത്തിക്കാവുന്ന താണ്. പ്രാർത്ഥന 100 വാക്കിൽ കവിയരുത്. ഈ വർഷം 9, 10 ക്ലാസുക ളിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഇതിൽ പങ്കെടുക്കാൻ യോഗ്യത. തിരഞ്ഞെടുക്കുന്ന മികച്ച രചനകൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്.

## ആദരിക്കാം പ്രാർത്ഥിക്കാം, ആശംസകൾ നേരാം

ആഗസ്റ്റ് 4 ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ തിരുസഭ ആചരിക്കുന്നു. ഈ തിരുനാളിനോടനുബന്ധിച്ച് ഇടവകയിലെ ബഹു വൈദികരെ ആദരിക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യാം.

' ഇടയന്മാർക്കായ്' പ്രാർത്ഥിക്കുവാൻ ലഭിച്ചിരിക്കുന്ന ഓരോ വൈദികനേയും ഓർത്ത് പ്രാർത്ഥിക്കുകയും നേരിട്ടോ, മീഡിയ ഉപയോഗിച്ചോ ആശംസകൾ അറിയിക്കാൻ ഓരോ ശാഖാംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## സാഹിത്യ മത്സരം

ആഗസ്റ്റ് 10 ന് മേഖല, രൂപത സാഹിത്യമത്സരം എല്ലാ മേഖല കളിലും വച്ചു നടക്കുന്നു. എല്ലാ വിഭാഗങ്ങളിലും ഉള്ളവരെ പങ്കെടു പ്പിക്കുന്നതിന് ശാഖാ, മേഖല ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേ ണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് മേഖല ഭാരവാഹികളെ സമീപിക്കേണ്ടതാണ്.

## സ്മൃതി

ആഗസ്റ്റ് 11 നു ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപക നേതാ വായ ബഹു കുഞ്ഞേട്ടന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് ശാഖക ളിൽ പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തുകയും അസാധാരണ സമ്മേളനം ചേർന്ന് കുഞ്ഞേട്ടനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അനുസ്മരണയോഗം ചേർന്ന് സിമ്പോസിയം, പ്രസംഗം, തുടങ്ങിയവ നടത്തുന്നതും ഉചിതമാണ്.

## കലാമത്സരങ്ങൾ

ഓണാവധിയോടനുബന്ധിച്ചുള്ള ഏതെങ്കിലും സൗകര്യപ്രദമായ ദിവസം മേഖല കലാമത്സരങ്ങൾ നടത്തേണ്ടതാണ്. മേഖല ഭാര വാഹികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുകയും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്യേണ്ടതാണ്.

## ടെലി ക്വിസ്

വി. മത്തായിയുടെ സുവിശേഷം, സംഘടന, മലബാർ വിഷൻ (അതാതു മാസത്തെ) എന്നിവ ഉൾപ്പെടുത്തി എല്ലാ മാസത്തിലേയും 2,4 ഞായറാഴ്ചകളിൽ 3 മണിമുതൽ 4 മണിവരെ ഒരു മണിക്കൂർ സമയത്തെ ഫോൺ വഴിയുള്ള ക്വിസ് പ്രോഗ്രാം ആഗസ്റ്റ് രണ്ടാമത്തെ ഞായറാഴ്ച മുതൽ ആരംഭിക്കുന്നു. എല്ലാ ശാഖകളിൽ നിന്നുമുള്ള മിഷൻ ലീഗ് അംഗങ്ങളുടെ സഹകരണം ഉറപ്പാക്കേണ്ടതാണ്. ഫോൺ: 8606203117

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ മിഷൻ ലീഗ്

# സെമിനാരി വാർത്തകൾ

## വി. തോമാശ്ലീഹായുടെ തിരുനാൾ

നമ്മുടെ പിതാവും അപ്പസ്തോലനുമായ വി. തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ സെമിനാരിയിൽ വലിയ ആഘോഷത്തിന്റെ ദിവസമായിരുന്നു. രാവിലെ സെമിനാരിക്കുടുംബം ഒന്നുചേർന്ന് ബലിയർപ്പിച്ചു. തുടർന്ന് 10.30 ന് സെമിനാരിഹാളിൽ വച്ച് നടന്ന അക്കാദമിക്ക് പി.എം.ഒ.സി. ഡയറക്ടർ റവ. ഫാ. ജോർജ്ജ് കളപ്പുരയ്ക്കൽ മുഖ്യാതിഥി ആയിരുന്നു. സെമിനാരിയിലെ ഈ വർഷത്തെ എല്ലാ പാഠ്യേതര പ്രവർത്തനങ്ങളുടേയും ഉദ്ഘാടനം അച്ചൻ നിർവ്വഹിച്ചു. സെമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികൾ മീറ്റിംഗിനെ ആകർഷകമാക്കി. തിരുനാളിനോടനുബന്ധിച്ച് സഭാചരിത്രം അടിസ്ഥാനമാക്കി ക്വിസ് മത്സരവും സംഘടിപ്പിച്ചു.

## മാർ ജോസ് പുളിക്കൽ സെമിനാരി സന്ദർശിച്ചു

വൈദികരുടെ വാർഷിക ധ്യാനത്തിനായി വന്ന കാഞ്ഞിരപ്പിള്ളി രൂപതാ സഹായമെത്രാൻ മാർ ജോസ് പുളിക്കൽ ജൂലൈ 13-ാം തീയതി സെമിനാരി സന്ദർശിക്കുകയും വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

## വി. അൽഫോൻസാമ്മയുടെ തിരുനാൾ

രൂപതയുടേയും സെമിനാരിയുടേയും മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷങ്ങൾ ഏറെ അനുഗ്രഹ പ്രദമായിരുന്നു. 28-ാം തീയതി രാവിലെ സെമിനാരി റെക്ടർ ഫാ. അബ്രാഹം കൊച്ചീലാത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ സെമിനാരി കുടുംബം ഒന്നുചേർന്ന് ബലിയർപ്പിച്ചു. തിരുനാളിനോടനുബന്ധിച്ച് 28-ാം തീയതി വൈകുന്നേരം സെമിനാരിയിൽ പ്രാർത്ഥനാശുശ്രൂ ഷയും സ്നേഹവിരുന്നും തുടർന്ന് 8 മണിക്ക് രൂപതാ ഭവനിലെ വി. ജോൺ പോൾ ഓഡിറ്റോറിയത്തിൽ വച്ച് കലാസന്ധ്യയും നടത്തി. തിരുനാളാ ഘോഷങ്ങളിൽ പങ്കുചേരാനും ആശംസകളർപ്പിക്കാനും, സെമിനാരി വിദ്യാർത്ഥികളുടെ കലാപരിപാടികൾകണ്ട് പ്രോത്സാഹി പ്പിക്കാനുമായി കടന്നുവന്ന അഭിവന്ദ്യ പിതാക്കന്മാരെയും, ബഹു. വൈദികർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് പ്രിയപ്പെട്ട മാതാപിതാക്കൾ, സെമിനാരിയുടെ അഭ്യുദ യകാംഷികൾ ഏവരേയും നന്ദിയോടെ ഓർക്കുന്നു. കലാസന്ധ്യയുടെ വിജയത്തിനായി എല്ലാ ക്രമീകരണങ്ങളും ചെയ്ത സെമിനാരി വിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാൻ സഹായിച്ച കുര്യൻ താന്നിക്കലച്ചനേയും ജോസഫ് പാലക്കാട്ടച്ചനേയും കൃതജ്ഞത യോടെ ഓർക്കുന്നു.

**ഫാ. അബ്രാഹം കൊച്ചീലാത്ത്**

# ബൈബിൾ അപ്പോസ്റ്റലേറ്റ്

## അഖിലകേരള ബൈബിൾ കലോത്സവം 2019

ബൈബിൾ സന്ദേശങ്ങളും മൂല്യങ്ങളും കലാരൂപങ്ങളിലൂടെ പ്രകാശിപ്പിക്കുന്നതിനും യുവപ്രതിഭകൾക്കു കൈയൊപ്പു നല്കുന്നതിനുമായി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഒരുക്കുന്ന അഖില കേരള ബൈബിൾ കലോത്സവം 2019.

## പൊതുനിയമങ്ങൾ

**അവതരണത്തിനുള്ള രചനകൾ :** നാടകം, തെരുവനാടകം, കഥാപ്രസംഗം എന്നീ മത്സരങ്ങൾക്കുള്ള രചനകൾ അംഗീകാരത്തിനായി 2019 നവംബർ 15 മുമ്പ് പി.ഒ.സി.യിലെ ബൈബിൾ കമ്മീഷൻ ഓഫീസിൽ ഏല്പിച്ചിരിക്കണം. ഏതെങ്കിലും രചനകൾ അവതരണയോഗ്യമല്ലെന്നു ജൂറി തീരുമാനിക്കുന്ന പക്ഷം ആ വിവരം 2019 ഡിസംബർ 5 നു മുമ്പ് ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. പകരം പുതിയ രചനകൾക്ക് ഡിസംബർ 15 നു മുമ്പ് അംഗീകാരം നേടാവുന്നതാണ്. ഒരിക്കൽ ഒരു രചന അംഗീകരിച്ചു കഴിഞ്ഞാൽ അതിനു പകരമായി മറ്റൊന്നു സ്വീകരിക്കുന്നതല്ല. അംഗീകാരം ലഭിച്ചിട്ടില്ലാത്ത രചനകൾ അവതരിപ്പിക്കാൻ അനുവദിക്കുന്നതല്ല.

**പങ്കെടുക്കുന്നവർ :** ചിത്രരചന ഒഴികെയുള്ള രചനാ മത്സരങ്ങളിൽ ഒരു രൂപതയിൽ നിന്ന് എത്രപേർക്കു വേണമെങ്കിലും പങ്കെടുക്കാം. ചിത്രരചനയ്ക്ക് ജൂനിയറിലും സീനിയറിലുമായി 3 പേർ വീതം ആകെ 6 പേർക്ക് ഒരു രൂപതയിൽ നിന്നും പങ്കെടുക്കാം. അവതരണ മത്സരങ്ങളിൽ കഥാപ്രസംഗം (ജൂനിയർ, സീനിയർ), മാർഗം കളി, തെരുവുനാടകം, ഏകാങ്കനാടകം എന്നിവയ്ക്ക് ഓരോ ടീം വീതം പങ്കെടുക്കാവുന്നതാണ്. സിംഗിൽ നാടോടി നൃത്തത്തിന് രണ്ടു പേർക്കും ബൈബിൾ ക്വിസിന് രണ്ടു ടീമുകൾക്കും പങ്കെടുക്കാവുന്നതാണ്. ലളിതഗാനം (ജൂനിയർ ബോയ്സ്, ജൂനിയർ ഗേൾസ്, സീനിയർ ബോയ്സ്, സീനയർ ഗേൾസ്) സങ്കീർത്തനാലാപനം (ജൂനിയർ, സീനിയർ), ശാസ്ത്രീയ സംഗീതം (ജൂനിയർ, സീനിയർ) പ്രസംഗം (ജൂനിയർ, സീനിയർ) എന്നിവയ്ക്ക് രണ്ടു പേർക്കും വീതം പങ്കെടുക്കാം. തെരുവുനാടകം, ഏകാങ്കനാടകം എന്നിവയ്ക്ക് അഭിനേതാക്കളുടെ എണ്ണത്തിന് പരിധി വച്ചിട്ടില്ല. രംഗത്തും പിന്നണിയിലും ഉള്ളവർ എല്ലാവരും കത്തോലിക്കർ ആയിരിക്കണം. തെരുവുനാടകത്തിലെ എല്ലാവരും ടീമംഗങ്ങളാണ്.

**പ്രത്യേക നിബന്ധനകൾ:** 1) മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. 2) രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിൽ പിൻ ചെയ്തിരിക്കണം. 3) കട

ലാസിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജിലും (പ്രിന്റ് 6 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. 4) രചനകൾ അയയ്ക്കുന്ന കവറിൽ 'അഖിലകേരള ബൈബിൾ കലോത്സവം 2019' എന്ന് എഴുതിയിരിക്കണം. 5) മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനു മുമ്പ് വേറെ കേപ്പി കരുതേണ്ടതാണ്. 6) രചനകൾ രജിസ്ട്രേഷൻ ഫീസോടൊപ്പം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി. നമ്പർ 2251, കൊച്ചി – 682025 എന്ന വിലാസത്തിൽ 2019 നവംബർ 16 ന് മുമ്പ് ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. ഈ തീയതിക്കുശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല. 7) സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും. 8) വിദഗ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും. 9) ലേഖന മത്സരം മൂന്നു ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തപ്പെടുക. ഗ്രൂപ്പ് ഒന്ന്: അത്മായർ – **വിഷയം കേരള ക്രൈസ്തവരും പ്രേഷിത ദൗത്യവും**; ഗ്രൂപ്പ് രണ്ട്: സെമിനാരി വിദ്യാർത്ഥികൾ – വിഷയം **ആഗോള സുവിശേഷവത്ക്കരണവും കേരള മിഷനറിമാരും**; ഗ്രൂപ്പ് മൂന്ന്: സന്ന്യാസിനികൾ – വിഷയം **സഭയുടെ പ്രേഷിതദൗത്യത്തിൽ സമർപ്പിതരുടെ പങ്ക്**. 10) അവതരണ മത്സരങ്ങളോടൊപ്പമായിരിക്കും പെയിന്റിംഗ് മത്സരവും നടത്തുന്നത്. മത്സര സമയത്ത് ബൈബിളിൽ നിന്നും നല്കുന്ന വിഷയത്തിനനുസരിച്ചായിരിക്കണം പെയിന്റിംഗ് നടത്തേണ്ടത്. അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ സംഘാടകർ നല്കുന്നതാണ്. മത്സരത്തിനു വാട്ടർ കളറാണ് ഉപയോഗിക്കേണ്ടത്. മത്സരത്തിന്റെ സമയം 2 മണിക്കൂർ ആയിരിക്കും.

**അവതരണ മത്സരങ്ങൾ:** ലളിതഗാനം, ശാസ്ത്രീയ സംഗീതം, പ്രസംഗം, കഥാപ്രസംഗം, ബൈബിൾ ക്വിസ്, ഡാൻസ്, സങ്കീർത്തനാലാപനം, തെരുവുനാടകം, മാർഗംകളി, നാടകം എന്നിവയാണ്.

മത്സരഫലങ്ങൾ മത്സരദിവസങ്ങളിൽതന്നെ പ്രഖ്യാപിക്കുന്നതും കലോത്സവസമ്മാനങ്ങൾ 2019 ഡിസംബർ 29 ന് 5 മണിക്കു നടക്കുന്ന സമ്മേളനത്തിൽ വച്ച് വിതരണം ചെയ്യുന്നതുമാണ്.

കൂടുതൽ വിവരങ്ങൾ അറിയാൻ രൂപതയിലെ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടറുമായി ബന്ധപ്പെടാവുന്നതാണ്.

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# അൾത്താര ശുശ്രൂഷാ സംഘം

## വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ

അൾത്താര ശുശ്രൂഷകരുടെ മദ്ധ്യസ്ഥനായ വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ആഗസ്റ്റ് 13 ന് നമ്മൾ ആഘോഷിക്കുന്നു. ആഗസ്റ്റ് മാസത്തിലെ രണ്ടാം ശനിയാഴ്ചയോ മറ്റൊരു സൗകര്യപ്രദമായ ദിവസമോ അൾത്താര ശുശ്രൂഷകരെ ഒരുമിച്ച് കൂട്ടുവാനും മീറ്റിംഗ് നടത്താനും അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## സന്ദർശനങ്ങൾ

മരച്ചാട്ടി, പാലൂർക്കോട്ട, ചെമ്പനോട എന്നീ ഇടവകകളിലെ അൾത്താര ശുശ്രൂഷകരെ സന്ദർശിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു. അൾത്താര ശുശ്രൂഷകരുടെ പ്രാധാന്യവും ദൈവവിളി പ്രോത്സാഹനവും ലക്ഷ്യം വച്ചുള്ളതായിരുന്നു സന്ദർശനവും ക്ലാസ്സുകളും. ജൂൺ, ജൂലൈ മാസങ്ങളിലെ ഞായറാഴ്ചകളിലാണ് ഈ സന്ദർശനങ്ങൾ നടത്തിയത്. ക്രമീകരണങ്ങൾ ചെയ്ത് തന്ന പ്രിയപ്പെട്ട വികാരിയച്ചന്മാരെ നന്ദിയോടെ ഓർക്കുന്നു.

**ഫാ. ജേക്കബ് അരീത്തറ**
ഡയറക്ടർ, അൾത്താര ശുശ്രൂഷാസംഘം

# ഫാമിലി അപ്പോസ്റ്റലേറ്റ്

ജൂലൈ 08-11 തീയതികളിൽ പി.എം.ഒ.സി. യിൽ വച്ച് പ്രീ-കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 87 പേർ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, ഫാ. റോയി തേക്കുംക്കാട്ടിൽ, ഫാ. ജോർജ്ജ് കളപ്പുര, ഫാ. ജോസഫ് വടക്കേൽ, ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ, ഡോ. അബ്രാഹം ജേക്കബ്, പ്രൊഫ. ഷാന്റി ജോസ്, പ്രൊഫ. ചാക്കോ കാളംപറമ്പിൽ, അസിസ്റ്റന്റ് ട്രാഫിക് കമ്മീഷണർ രാജു മാത്യു, മിസ്സിസ്സ് ഷിജി സോജൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 10-ാം തീയതി രാവിലെ 7 മണിക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കോഴ്സിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ദിവ്യബലി അർപ്പിക്കുകയും, ക്ലാസ്സെടുക്കു കയും ചെയ്തു. ഫാ. അജി പുതിയാപറമ്പിലിന്റെ നേതൃത്വത്തിൽ ഫാമിലി ചാറ്റ് നടത്തപ്പെട്ടു. കോഴ്സിന്റെ സമാപനദിവസം മാതാപിതാക്കളുടെ സംഗമത്തിൽ നൂറോളം മാതാപിതാക്കൾ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാ പറമ്പിൽ, ശ്രീ. ജോൺസൺ പൂവത്തിങ്കൽ എന്നിവർ മാതാപിതാക്കൾ ക്കായുള്ള ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 11-ാം തീയതി ഒരു മണിയോടെ കോഴ്സ് സമാപിച്ചു.

**അടുത്ത പ്രീ-കാന കോഴ്സ്**
**ആഗസ്റ്റ്- 05 - 08, സെപ്റ്റംബർ - 09 - 12**

## യൂദിത്ത് ഫോറം കോടഞ്ചേരി മേഖലാ സംഗമം

താമരശ്ശേരി രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ കോടഞ്ചേരി മേഖലാ സംഗമം ജൂലൈ ആറാം തീയതി ശനിയാഴ്ച കോടഞ്ചേരി പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തുകയുണ്ടായി. ഫൊറോനാവികാരി ഫാ. തോമസ് നാഗപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ക്ലാസ്സുകൾ നയിച്ചു. യൂദിത്ത് ഫോറം ആനിമേറ്റർ സി.റോസ് മേരി സി.എം.സി, സി. ഗീത സി.എം.സി എന്നിവർ നേതൃത്വം നൽകി. സംഗമത്തിൽ ഫൊറോനയിൽ വിവിധ ഇടവകകളിൽ നിന്നായി അമ്പതിലധികം പേർ പങ്കെടുത്തു. ഫൊറോനാ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

# മാതൃവേദി

## കരകൗശല മത്സരങ്ങൾ

മാതൃവേദി അംഗങ്ങൾക്കായി നടത്തുന്ന രണ്ടാം ഘട്ട കരകൗശല മത്സരങ്ങൾ ആഗസ്റ്റ് മാസത്തിൽ യൂണിറ്റുകളിലും സെപ്റ്റംബർ മാസത്തിൽ മേഖലകളിലും നടത്തണം. മേഖലകളിൽ ഒന്നാം സ്ഥാനം ലഭിച്ചവ സെപ്റ്റംബർ 30 നകം രൂപത കേന്ദ്രത്തിൽ എത്തിക്കണം. ബൊക്കെ നിർമ്മാണം, എംബ്രോയ്ഡറി, ഈർക്കിൽ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ എന്നിവയാണ് മത്സരയിനങ്ങൾ.

## മേഖല സന്ദർശനങ്ങൾ

കരുവാരകുണ്ട് മേഖലജനറൽ ബോഡി ഹോളിഫാമിലി ഫൊറോന ചർച്ച് കരുവാരകുണ്ടിൽ വച്ച് നടന്നു. ഫൊറോന ഡയറക്ടർ ഫാ. മാത്യു പെരുവേലിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ അധ്യക്ഷം വഹിച്ചു. ഫാ. വിൻസെന്റ് കറുകമാലിൽ, സി. ഫിലോ എസ്.എ.ബി.എസ്., ദീപ റെജി, സി. ഡാനി ജോൺ, സിനി മാത്യു, ലിസി ജോസ്, ജിഷ എന്നിവർ സംസാരിച്ചു.

മലപ്പുറം മേഖല ജനറൽ ബോഡി സെന്റ് തോമസ് ഫൊറോന ചർച്ച് മലപ്പുറത്ത് വെച്ച് നടന്നു. ഫാ. സൈമൺ കിഴക്കേക്കുന്നേൽ ഉദ്ഘാടനം ചെയ്ത യോഗത്തിന് ഫാ. ജോസഫ് ചൂണ്ടയിൽ അധ്യക്ഷം വഹിച്ചു. ഫാ.സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ, സി. ഫിലോ എസ്.എ.ബി.എസ്., ദീപ റെജി, സി. മേബിൾ, അന്നമ്മ ഓലിക്കൽ, ഷേർലി ജോജി, ആനിയമ്മ മറ്റക്കോട്ടിൽ എന്നിവർ നേതൃത്വം നൽകിക.

## മാതൃവേദി ദീപിക ഫ്രണ്ട്സ് ക്ലബ് വനിത വിംഗ്

കരുവാരകുണ്ട്, മലപ്പുറം, കൂരാച്ചുണ്ട്, താമരശ്ശേരി ഫൊറോനകളിൽ മാതൃവേദിയുടെ നേതൃത്വത്തിൽ ദീപിക ഫ്രണ്ട്സ് ക്ലബ് വനിത വിംഗ് രൂപീകരിച്ചു.

കരുവാരകുണ്ട് മാതൃവേദി മേഖലാ സംഗമവും, ദീപിക ഫ്രണ്ട്സ് ക്ലബ് വനിതാ വിംഗും കരുവാരകുണ്ട് ഫൊറോനാചർച്ച് പാരീഷ് ഹാളിൽ വച്ച് നടത്തി. ഫൊറോനാ വികാരി ഫാ. മാത്യു പെരുവേലിൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. മാതൃവേദി രൂപതാ ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ അധ്യക്ഷത വഹിച്ചു. മാതൃവേദി മേഖലാ ഡയറക്ടർ ഫാ. വിൻസെന്റ് കറുകമാലിൽ എല്ലാവരേയും സ്വാഗതം ചെയ്തു. മാതൃവേദി രൂപതാ ആനിമേറ്റർ സി. ഫിലോ, മേഖലാ ആനിമേറ്റർ സി. ഡാനി ജോൺ, മാതൃവേദി രൂപതാ പ്രസിഡന്റ് ദീപ റെജി, ഡി.എഫ്.സി മേഖലാ പ്രസിഡന്റ് മാത്യു സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. മാതൃവേദി മേഖലാ പ്രസിഡന്റ് സിനി മാത്യു പരിപാടി അവതരണം നടത്തി. സെക്രട്ടറി ലിസി ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു.

ദീപിക കോഴിക്കോട് റെസിഡന്റ് മാനേജർ ഫാ. സായി പാറൻ കുളങ്ങര മക്കളുടെ മൊബൈൽ ഫോൺ ഉപയോഗം, വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം, പീഡനങ്ങൾ, വിശ്വാസത്തിലുള്ള കുറവ്, പ്രായമായവരോടുള്ള അനാദരവ്, കുടുംബബന്ധങ്ങളിലുണ്ടായിട്ടുള്ള വിള്ളൽ എന്നിവയെക്കുറിച്ച് ക്ലാസ്സെടുത്തു.

## കെ.സി.ബി.സി. വിമൻസ് കമ്മീഷൻ

കെ.സി.ബി.സി. വിമൻസ് കമ്മീഷൻ പാലാരിവട്ടത്ത് ചേർന്ന ജനറൽ ബോഡിയിൽ രൂപത ഭാരവാഹികളായ ഷാനി സണ്ണി, ആൻസി മാത്യു, ഡെയ്സി ജോയി എന്നിവർ പങ്കെടുത്തു.

## ഇടവക സന്ദർശനം

തോട്ടുമുക്കം മേഖലസമിതി മേഖലയുടെ കീഴിലുള്ള എല്ലാ ഇടവക യൂണിറ്റുകളും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## മാതൃവേദി കലാ മത്സരങ്ങൾ

### മത്സര ഇനങ്ങൾ

### ബൊക്കെ നിർമ്മാണം

1. ഫ്ളവർവാസ് മോഡലിലാണ് നിർമ്മിക്കേണ്ട്.
2. പാഴ് വസ്തുക്കൾ, പ്രകൃതിദത്തമായ വസ്തുക്കൾ എന്നിവയാണ് ഉപയോഗിക്കേണ്ടത്. ഫ്രഷ് ഫ്ളവർ, പ്ലാസ്റ്റിക്, തെർമോക്കോൾ എന്നിവ ഉപയോഗിക്കാൻ പാടില്ല.
3. ആവശ്യമുള്ള വസ്തുക്കൾ മുൻകൂട്ടി കളർ ചെയ്തുകൊണ്ടു വരാവുന്നതാണ്.
4. പരമാവധി ഉയരവും വ്യാസവും ഒരടിവരെയാകാം.
5. മേഖല രൂപത വിലയിരുത്തലിനു എടുക്കുന്ന രണ്ട് മാസത്തോളം കാലയളവിൽ നിലനിൽക്കുന്ന വിധത്തിൽ വേണ്ടത്ര ഉറപ്പോടെ നിർമ്മിക്കേണ്ടതാണ്.
6. വ്യത്യസ്തത, കൂടുതൽ സാമഗ്രികളുടെ ഉപയോഗം, ക്രമം, ഭംഗി എന്നിവ വിലയിരുത്തലിൽ മാനദണ്ഡങ്ങളായിരിക്കും.

### എംബ്രോയ്ഡറി നിർമ്മാണം

1. ഒന്നരയടി നീളവും വീതിയുമുള്ള വെള്ള കോട്ടൻ തുണിയാണ് ഉപയോഗിക്കേണ്ടത്. തുണിയും സാമഗ്രികളും മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.
2. ഡിസൈൻ, കളർ കോമ്പിനേഷൻ, ഭംഗി, വൈവിധ്യം, പൂർണ്ണത എന്നിവ വിലയിരുത്തുന്നതാണ്.
3. ചിത്രം നേരത്തെ വേറെ പേപ്പറിൽ വരച്ചു കൊണ്ടുവരാവുന്നതാണ്. മത്സരത്തിനുപയോഗിക്കുന്ന തുണിയിൽ മുൻകൂട്ടി വരച്ചുകൊണ്ട് വരാൻ പാടില്ല.
4. കൈത്തുന്നൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.
5. രണ്ടുമണിക്കൂറാണ് മത്സര സമയം.
6. പ്രത്യേക വിഷയം ഉണ്ടായിരിക്കുന്നതല്ല.

### കരകൗശല വസ്തു നിർമ്മാണം

1. ഈർക്കിൽ, പശ, പേപ്പർ എന്നിവ ഉപയോഗിച്ചുള്ള രൂപങ്ങളോ, വസ്തുക്കളോ ആണ് നിർമ്മിക്കേണ്ടത്.
2. ആവശ്യമായ എല്ലാ വസ്തുക്കളും മത്സരാർത്ഥികൾ കൊണ്ടു വരേണ്ടതാണ്.

3. ഒന്നരയടി പൊക്കവും ഒന്നരയടി വീതിയും കൂടുതൽ വലുപ്പം ആകരുത്.
4. രണ്ട് മണിക്കൂറാണ് മത്സര സമയം.

**സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മാതൃവേദി

# മരിയൻ പ്രോ-ലൈഫ്

**പ്രോ-ലൈഫ് സമിതി മലബാർ മേഖലാ നേതൃത്വ പരിശീലനം നടത്തി**

കെ.സി.ബി.സി. പ്രോ-ലൈഫ് സമിതി മലബാർ മേഖലാ നേതൃത്വ പരിശീലനം താമരശ്ശേരി രൂപതാ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. പ്രോ-ലൈഫ് മലബാർ മേഖലാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് സാലു അബ്രാഹം, സി. ജോസ്ന, ഫാ. ലാൽ ഫിലിപ്പ്, ടോമി സെബാസ്റ്റ്യൻ, ഷിബു ജോൺ, ദിലീപ് ദേവസ്യ എന്നിവർ പ്രസംഗിച്ചു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

മരുതോങ്കര ഏരിയാ കൗൺസിലിന്റെ വാർഷിക സമ്മേളനം മരുതോങ്കര ഫൊറോന പാരിഷ് ഹാളിൽ നടന്നു. ബഹു. ഫാ. തോമസ് ഇടയാൽ ദിവ്യബലി അർപ്പിച്ചു. പൊതു സമ്മേളനം രൂപതയുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ബഹു. ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്തു. മരുതോങ്കര ഫൊറോന വികാരി റവ. ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷപ്രസംഗം നടത്തി. AC പ്രസിഡന്റ് ബ്രദർ തോമസ് പുതുക്കുളങ്ങര സ്വാഗതവും സെക്രട്ടറി ബ്രദർ ജോസ് തകിടിയേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. തുടർന്ന് ഫാ. തോമസ് ഇടയാൽ വിൻസെന്റ് ഡി പോളിന്റെ ആത്മീയതയെക്കുറിച്ചും സംഘടനയിലെ അംഗങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ക്ലാസ്സെടുത്തു. C C യുടെ മുൻ വൈസ് പ്രസിഡന്റ് ബ്രദർ സേവ്യർ അറക്കൽ നന്ദിപറഞ്ഞു.

വിലങ്ങാട് കോൺഫ്രസിന്റെ പുതിയ പ്രസിഡന്റായി ബ്രദർ ജോൺ തെക്കേവെട്ടുകല്ലേലിനെ തിരഞ്ഞെടുത്തു. സെക്രട്ടറിയായി ബ്രദർ ഡൊമിനിക് തോമസിനേയും ട്രഷററായി ബ്രദർ കെ.വി. ജോബിനെയും പ്രസിഡന്റ് നോമിനേറ്റു ചെയ്തു.

കുളത്തുവയൽ AC യുടെ പ്രതിമാസയോഗം കൂരാച്ചുണ്ട് സെന്റ് തോമസ് പാരിഷ്ഹാളിൽ നടന്നു. ഇടവക വികാരി ഫാ. ജെയിംസ് വാമറ്റത്തിൽ വചന സന്ദേശം നൽകി. CC യുടെ പ്രതിനിധിയായി വൈസ് പ്രസിഡന്റ് കുര്യാക്കോസ് കുറുവൻചിറ പങ്കെടുത്തു.

കുളത്തുവയൽ സെന്റ് ജോർജ്ജ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ "Celebrate with nature" എന്ന അന്താരാഷ്ട്ര യുവ വിൻസെൻഷ്യൻ പദ്ധതിയുടെ ഭാഗമായി ഇടവക വികാരി ഫാ. ജോസഫ് കൂനാനിക്കൽ പള്ളിപ്പരിസരത്ത് വൃക്ഷത്തൈകൾ നട്ടു.

കോടഞ്ചേരി ഏരിയാ കൗൺസിൽ, കണ്ണോത്ത് സെന്റ് മേരീസ് ലേഡീസ് കോൺഫ്രൻസ് അംഗങ്ങൾ ഇടവക ജനത്തിന്റെ സഹകരണത്തോടെ പാവപ്പെട്ട ഒരു കുടുംബത്തിന് പുതിയ വീട് നിർമ്മിച്ചു കൊടുത്തു. രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ജൂലൈ 8-ാം തീയതി രാവിലെ ഭവനം വെഞ്ചിരിച്ച് ആശിർവദിച്ചു. വിൻസെന്റ് ഡി പോളിന്റെ കാരുണ്യ പ്രവർത്തന ങ്ങളെക്കുറിച്ച് അഭിവന്ദ്യ പിതാവ് സംസാരിച്ചു. കണ്ണോത്ത് ഇടവകവികാരി റവ. ഫാ. അബ്രാഹം വള്ളോപ്പിള്ളി തദവസരത്തിൽ സന്നിഹിതനായിരുന്നു. AC പ്രസിഡന്റ് ബ്രദർ ഫിലിപ്പ് മുട്ടത്തുപറമ്പിൽ, കോൺഫ്രൻസ് പ്രസിഡന്റ് ബേബി കപ്യാരുമലയിൽ തുടങ്ങി ധാരാളം പുരുഷ - വനിതാ അംഗങ്ങളും പങ്കെടുത്തു.

ജൂൺ 28 ന് നടന്ന കോടഞ്ചേരി AC മീറ്റിംഗിൽ CC പ്രസിഡന്റ് പങ്കെടുത്തു. കോടഞ്ചേരി ഫൊറോന പള്ളിയിൽ വച്ചു ആഗസ്റ്റ് 3 ന് നടക്കുന്ന വിൻസെന്റിപോളിന്റെ 32-ാം വാർഷികത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു.

ദേവഗിരി ഓശാനാം ഭവനിൽ "Celebrate with nature" എന്ന പദ്ധതിയുടെ ഭാഗമായി പാറോപ്പടി ഫൊറോനാ വികാരി ഫാ. ജോസ് വടക്കേടം ജൂലൈ നാലിന് വൃക്ഷതൈ നട്ടു. തദവസരത്തിൽ CC യുടെ സീനിയർ വൈസ്പ്രസിഡന്റ് ബ്രദർ സിറിയക് പാലേംതട്ടേൽ ജൂലൈ 4 ന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദമായി സംസാരിച്ചു. പാറോപ്പടി ഇടവകയിൽ നിന്നും ദേവഗിരി ഇടവകയിൽ നിന്നും ധാരാളം വിൻസെൻഷ്യൻ പ്രവർത്തകർ സംബന്ധിച്ചിരുന്നു.

കുണ്ടായിത്തോട് സെന്റ് ഫ്രാൻസിസ് സേവ്യർ കോൺഫ്രൻ സിലെ അംഗങ്ങൾ ജൂലൈ 4 ന് ദേവാലയാങ്കണത്തിൽവച്ച് കോൺഫ്രൻസ് അംഗങ്ങളുടെ സാന്നിധ്യത്തിൽ അസിസ്റ്റന്റ് വികാരി ഫാ. സന്തോഷ് ഇരുപ്പക്കാട്ട് വൃക്ഷത്തൈ നട്ടു.

ജൂലൈ 13 ശനിയാഴ്ച ദേവഗിരി ഓശാനാ ഭവനിൽവച്ച് CC പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിൻസെന്റിപോൾ രൂപതാ കമ്മിറ്റി ചേർന്നു. 11 ഏരിയാ കൗൺസിലിൽ നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് AC പ്രസിഡന്റുമാരും CC യുടെ ബോർഡംഗങ്ങളും സംസാരിച്ചു. നാഷണൽ കൗൺസിലിൽ നിന്ന് ലഭിക്കാൻ സാധ്യതയുള്ള വിവിധ പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യുകയും തുടർന്ന് അർഹതപ്പെട്ടവരിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ച് അയച്ചു കൊടുക്കാനും തീരുമാനിച്ചു.

**തോമസ് പുലിക്കോട്ടിൽ**
C C പ്രസിഡന്റ്

# ലിറ്റർജി കമ്മീഷൻ

## മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമി

മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ അൽമായർക്കും സമർപ്പിതർക്കും വേണ്ടി വി. കുർബാനയെക്കുറിച്ചുള്ള ക്ലാസ്സ് ജൂലൈ 27 ന് പി.എം.ഒ.സിയിൽ വച്ച് രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തി. മുപ്പതോളം പേർ ക്ലാസ്സിൽ സംബന്ധിച്ചു. വി. കുർബാനയുടെ ആഴമേറിയ അർത്ഥതലങ്ങളെ ക്കുറിച്ച് ഡോ. മാത്യു കുളത്തിങ്കൽ ആണ് ക്ലാസ്സ് നയിച്ചത്.

അടുത്ത ക്ലാസ്സ് ആഗസ്റ്റ് 24-ാം തീയതി ശനിയാഴ്ച പി.എം.ഒ.സിയിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

## ധൂപക്കുറ്റി, വി. മൂറോൻ സൂക്ഷിക്കുന്നപെട്ടി

നീളംകുറഞ്ഞ ചങ്ങലകളുള്ള ധൂപകുറ്റിയും വി. മൂറോൻ സൂക്ഷിക്കുന്ന പെട്ടിയും (Holy Oil Box) രൂപതാ കേന്ദ്രത്തിൽ ലഭ്യമാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## മാസ്റ്റർ ഓഫ് സയൻസ് ഇൻ കൗൺസിലിംഗ് സൈക്കോളജി (2 Years)

J P I ൽ രണ്ടു വർഷം ദൈർഘ്യമുള്ള MSC Counseling Psychology യുടെ ക്ലാസ്സ് ആരംഭിച്ചു. നാല്പതോളം വിദ്യാർത്ഥികൾ ആണ് ഈ കോഴ്സിന് പഠിക്കുന്നത്. ഈ കോഴ്സ് രാജസ്ഥാനിലെ 'സിംഗാനിയ' യൂണിവേഴ്സിറ്റിയിൽ അഫലിയേറ്റഡ് ഉം UGC യുടെ അംഗീകാരവും ഉള്ളതാണ്.

## പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (1 Year)

'സിംഗാനിയ' യൂണിവേഴ്സിറ്റിയിൽ അഫലിയേറ്റഡ് ഉം UGC യുടെ അംഗീകാരവും ഉള്ള ഒരു വർഷത്തെ Post Graduate Diploma in counseling Psychology യുടെ ക്ലാസ്സ് ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നു. ഏതു വിഷയത്തിലും ബിരുധമുള്ളവർക്ക് അപേക്ഷിക്കാം.

## ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (1 Months)

ക്രിസ്ത്യൻ ചെയറിന്റെ കീഴിലുള്ള ആറുമാസത്തെ Diploma in counseling Psychology കോഴ്സിന്റെ അഡ്മിഷൻ ആരംഭിച്ചു. ഇരുപതു വയസ്സിന് മുകളിലുള്ള +2 കഴിഞ്ഞവർക്ക് അപേക്ഷിക്കാം.

**ഫാ. കുര്യൻ പുരമഠം**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# ജയിൽ മിനിസ്ട്രി (ജീസസ് ഫ്രട്ടേണിറ്റി)

എല്ലാ മാസവും രണ്ടാമത്തെ വെള്ളിയാഴ്ച കരുണ ഹോസ്റ്റലിൽ വെച്ച് ഫ്രട്ടേണിറ്റി അംഗങ്ങൾ ഒന്നിച്ചുചേർന്ന് ആരാധനയും തുടർന്ന് മീറ്റിംഗും നടത്തുന്ന പതിവ് തുടരുന്നു.

ശിക്ഷകഴിഞ്ഞ് പുറത്തിറങ്ങിയ ഒരു സഹോദരനും മക്കൾക്കും പുനരധിവാസത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊടുത്തു. തിരൂർ ജയിലിൽ സൂപ്രണ്ടിന്റെ ആഗ്രഹപ്രകാരം ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഒരു ടീം അവിടെയെത്തി സൂപ്രണ്ടിനെ നേരിൽ കണ്ട് ഫ്രട്ടേണിറ്റിയുടെ ശുശ്രൂഷകൾ വിലയിരുത്തി. ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണെന്ന്

സൂപ്രണ്ട് അഭിപ്രായപ്പെട്ടു. തടവുകാർക്കുവേണ്ടിയുള്ള കൗൺസലിംഗ് നടത്തണമെന്നും, ആത്മഹത്യാ പ്രവണതയുള്ളവർക്കു വേണ്ടി ഒരു ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിക്കണമെന്നും ബഹു. സൂപ്രണ്ട് ആവശ്യപ്പെട്ടു. അതനുസരിച്ചുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

ജീസസ് ഫ്രട്ടേണിറ്റി ദേശീയ ഡയറക്ടറായി നിയമിതനായ ബഹു. ഫ്രാൻസിസ് കൊടിയനച്ചന് കോഴിക്കോട് സോണിൽ സ്വീകരണം നൽകി. ഫ്രട്ടേണിറ്റിയുടെ സ്ഥാപക പിതാവായ അച്ചൻ അതിന്റെ ആരംഭത്തേയും പടിപടിയായ വളർച്ചയേയും കുറിച്ച് വിവരിച്ചത് ഏറെ പ്രചോദനാത്മകമായി

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, ജയിൽ മിനിസ്ട്രി

# കുടുംബകൂട്ടായ്മ

## നേതൃത്വപരിശീലന സെമിനാർ

തിരുവമ്പാടി ഇടവകയിലെ കുടുംബക്കൂട്ടായ്മയുടെ യൂണിറ്റ് ഭാരവാഹികൾക്കായി മെയ് 26, ജൂൺ 2 എന്നീ തീയതികളിൽ 2 ബാച്ചുകളിലായി നേതൃത്വ പരിശീലന സെമിനാർ സംഘടിപ്പിച്ചു. ഈ സെമിനാറിന് തിരുവമ്പാടി ഫൊറോന വികാരി ഫാ. ജോസ് ഓലിയക്കാട്ടിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

ഇന്നത്തെ കാലഘട്ടത്തിൽ കുടുംബം അഭിമുഖീകരിക്കുന്ന വെല്ലുവിളികളേയും പ്രശ്നങ്ങളേയും, അതിന്റെ പരിഹാര മാർഗ്ഗങ്ങളേയും കുടുംബക്കൂട്ടായ്മകൾ സജീവമാക്കേണ്ടതിന്റെ ആവശ്യകതയേയും കുറിച്ചുള്ള ചർച്ചകളും പുതിയ നേതൃത്വ നിരയിലേക്ക് കടന്നു വന്നവർക്ക് ബോധവത്ക്കരണവും സംഘടിപ്പിച്ചു. 2 ബാച്ചുകളിലായി നടന്ന ഈ സെമിനാറിന് ഫാ. മനോജ് കൊല്ലംപറമ്പിൽ, ഫാ. ജോസഫ് വടക്കേൽ, ഫാ. അഗസ്റ്റിൻ വാമറ്റം എന്നിവർ നേതൃത്വം നൽകി. വൈകുന്നേരം 5.30 ന് ആരംഭിച്ച പ്രോഗ്രാം 8 മണിക്ക് സ്നേഹവിരുന്നോടെ സമാപിച്ചു.

## എക്സിക്യൂട്ടീവ്

കുടുംബക്കൂട്ടായ്മയുടെ രൂപതാ എക്സിക്യൂട്ടീവ് യോഗം ജൂൺ 7 ന് രാവിലെ 10 മണിക്ക് പി.എം.ഒ.സിയിൽ വച്ച് ചേർന്നു. രൂപതാ പ്രസിഡന്റ് ശ്രീ. തോമസ് വലിയപറമ്പൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കുടുംബ ക്കൂട്ടായ്മയുടെ പുതിയ പ്രവർത്തന വർഷത്തെ കർമ്മ പരിപാടികൾ

ആസൂത്രണം ചെയ്യുകയും മേഖല ഇലക്ഷനുകൾ പൂർത്തിയാക്കു ന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ഉച്ചക്ക് 1 മണിയോടെ യോഗം സമാപിച്ചു.

### യൂണിറ്റ് ഭാരവാഹികളുടെ സംഗമം

ചക്കിട്ടപാറ ഇടവകയിലെ കുടുംബക്കൂട്ടായ്മയുടെ യൂണിറ്റ് ഭാരവാഹികളുടെ സംഗമം ജൂലൈ 13 ന് വൈകുന്നേരം പാരിഷ് ഹാളിൽ ചേർന്നു. കുടുംബക്കൂട്ടായ്മയുടെ രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ കുടുംബകൂട്ടായ്മ എങ്ങനെ ഇടവകയിൽ സജീവമാക്കാം എന്നതിനെക്കുറിച്ചും യൂണിറ്റ് ഭാരവാഹികളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചുമുള്ള ചർച്ചകൾക്കും ക്ലാസിനും നേതൃത്വം നൽകി. ഇടവക വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ സംഗമത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്തു.

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

## അൽഫോൻസാ കോളേജ് തിരുവമ്പാടി

### അൽഫോൻസ കോളേജിൽ M. Com. അഡ്മിഷൻ ആരംഭിച്ചു.

2019 –2020 അധ്യയന വർഷത്തിൽ തിരുവമ്പാടി അൽഫോൻസ കോളേജിൽ ആരംഭിച്ച **M. Com Finance** കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

### ഇൻഡക്ഷൻ പ്രോഗ്രാം

നവാഗതരായ വിദ്യാർത്ഥികളേയും അവരുടെ രക്ഷിതാക്കളെയും സ്വാഗതം ചെയ്തുകൊണ്ട് 24.06.19 ന് വിവിധ പരിപാടികളോടെ ഇൻഡ ക്ഷൻ പ്രോഗ്രാം നടത്തി. പഠനം, അച്ചടക്കം, ലക്ഷ്യബോധം എന്നിവയെ ക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ ക്ലാസ്സും നൽകി. മാനേജർ റവ. ഫാദർ സ്കറിയ മങ്ങരയിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ. വി ചാക്കോ മുഖ്യപ്രഭാഷണം നടത്തി. റവ. ഫാദർ ജിയോ മാത്യു പാഠ്യപദ്ധതി പരിചയപ്പെടുത്തി. വൈസ് പ്രിൻസിപ്പൽ റവ. ഫാദർ കുര്യൻ താന്നിക്കൽ , സിസ്റ്റർ അർപ്പിത സി.എം സി , ശ്രീമതി സാനമ്മ തോമസ് , ശ്രീമതി ദീപ ഡോമിനിക്ക് , ശ്രീ.സെബാസ്റ്റ്യൻ ചെറിയാൻ എന്നിവർ ആശംസകൾ നേർന്നു.

തുടർന്ന് രക്ഷിതാക്കൾക്കായി നടത്തിയ യോഗത്തിൽ I A S , സിവിൽ സർവ്വീസ് ട്രെയിനിങ് കോഴ്സുകളെക്കുറിച്ച് ആൽഫ മരിയ അക്കാദമി ഡയറക്ടർ റവ. ഫാദർ തോമസ് പുതിയാപറമ്പിൽ ക്ലാസ്സെടുത്തു. പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ.തങ്കച്ചൻ മണ്ഡപത്തിൽ കോമേഴ്സിലെ തൊഴിൽ സാധ്യതകളെക്കുറിച്ച് രക്ഷിതാക്കൾക്കും, കോമേഴ്സ് വിദ്യാർത്ഥികൾക്കും ക്ലാസ്സെടുത്തു. .കോമേഴ്സ് വിഭാഗം അധ്യാപർക്കായി പ്രത്യേക പരിശീലന പരിപാടിയും നടത്തി. ചടങ്ങിൽ വെച്ച് ആക്റ്റ് പ്ളേസ്മെന്റ് സെൽ (ACT Placement Cell) പ്രവർത്തന ഉദ്ഘാടനവും നടത്തി. കോളേജിലെ പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന് ഗൾഫ് നാടുകളിലെ വിവിധ സ്ഥാപനങ്ങളിലേക്ക് Accountants നെ തെരഞ്ഞെടുക്കാനുള്ള Screening Interview നടത്തി.

## ലഹരി വിരുദ്ധ ദിനാചരണം

26.06.2019 ന് ലോക ലഹരി വിരുദ്ധ ദിനാചരണം വിവിധ പരിപാടികളോടെ നടത്തി. വിദ്യാർത്ഥികൾക്ക് ബോധവത്കരണക്ലാസ്സ് , ലഹരിവിരുദ്ധ പ്രതിജ്ഞ, ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന പോസ്റ്റർ രചന, പ്രദർശനം, കലാപരിപാടികൾ എന്നിവയും നടത്തി. കോളേജിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ പ്രിൻസിപ്പൽ ഡോ. കെ.വി ചാക്കോ അധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പൽ റവ. ഫാ. കുര്യൻ താന്നിക്കൽ ലഹരി വിരുദ്ധ സന്ദേശം നൽകി. ദിനാചരണത്തിന്റെ ഭാഗമായി അൽഫോൻസ കോളേജിന്റെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ തിരുവമ്പാടി ബസ് സ്റ്റാൻഡിൽ വിദ്യാർത്ഥികൾ ഫ്ളാഷ് മോബ്, മൈമിങ് എന്നീ കലാപരിപാടികളും അവതരിപ്പിച്ചു.

## മോട്ടിവേഷൻ സെമിനാർ

കോളേജിലെ മുഴുവൻ വിദ്യാർത്ഥികൾക്കുമായി മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്ന വിഷയത്തെക്കുറിച്ച് ഏകദിന മോട്ടിവേഷൻ സെമിനാർ നടത്തി. കാലടി ആത്മമിത്ര ടീനേജ് ആന്റ് യൂത്ത് കൗൺസിലിങ് സൈ ക്കോ തെറാപ്പി സെന്റർ ഡയറക്ടർ റവ. ഫാദർ റ്റോബി ജോസഫ് S J ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ടീം അംഗങ്ങളായ സിസ്റ്റർ ഡീന, റിയ റപ്പായി എന്നിവർ സഹകാരികളായിരുന്നു. അനുഭവ വിവരണം, റോൾ പ്ലേ, ഡെമോൺസ്ട്രേഷൻ, മെഡിറ്റേഷൻ എന്നിവയിലൂടെയാണ് ആകർഷകമായ ക്ലാസ്സുകൾ നടത്തിയത്. മാനേജർ റവ. ഫാദർ സ്കറിയ മങ്ങരയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. കെ. വി ചാക്കോ അധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പൽ റവ. ഫാ. കുര്യൻ താന്നിക്കൽ, യൂണിയൻ ചെയർമാൻ അജയ് സുരേഷ് , ഫാത്തിമ നിയ എന്നിവർ ആശംസകൾ നേർന്നു.

## ഡ്രഗ്സ് അഡിക്ഷൻ, സൈബർ ക്രൈം ബോധവൽക്കരണ സെമിനാർ

ഡ്രഗ്സ് അഡിക്ഷൻ , സൈബർ ക്രൈം, മീഡിയ അഡിക്ഷൻ

എന്നിവയ്ക്കെതിരെ മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന ബോധവൽക്കരണ ക്ലാസ്സ് നടത്തി. എക്സൈസ് ഡിപ്പാർട്ട്മെന്റി ലെ പ്രിവന്റീവ് ഓഫീസർ ശ്രീ. സന്തോഷ്, പോലീസ് ഡിപ്പാർട്ട്മെന്റിലെ സൈബർ ക്രൈം വിഭാഗം ഓഫീസർ കെ ബീരജ് എന്നിവർ ക്ലാസ്സെടുത്തു. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ സെമിനാർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രിൻസിപ്പൽ റവ. ഫാ. കുര്യൻ താന്നിക്കൽ, യൂണിയൻ ചെയർമാൻ അജയ് സുരേഷ്, വൈസ് ചെയർപേഴ്സൺ അയോണ തോമസ് എന്നിവർ ആശംസകൾ നേർന്നു.

## HIV/AIDS ബോധവത്കരണ യജ്ഞം

Revive 2.K.19 തിരുവമ്പാടി ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ്ണ HIV/AIDS ബോധവത്കൃത പഞ്ചായത്താക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തിരുവമ്പാടി ഗ്രാമ പഞ്ചായത്തും, പ്രാഥമിക ആരോഗ്യ കേന്ദ്രവും, കെസ് കെയർ പ്രൊജക്റ്റും സംയുക്തമായി നടത്തുന്ന തീവ്രയജ്ഞ പദ്ധതി Revive 2.K.19 പരിപാടിയുടെ വിളംബര റാലിയിലും ഉദ്ഘാടന സമ്മേളനത്തിലും കോളേജിലെ വിദ്യാർത്ഥികളും, അധ്യാപക പ്രതിനിധികളും പങ്കെടുത്തു. പൊതു സമ്മേളനത്തിൽ പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ പദ്ധതിക്ക് ആശംസകൾ നേർന്നു. വിദ്യാർത്ഥികൾ AIDS ബോധവൽക്കരണ സന്ദേശമുൾക്കൊള്ളുന്ന കലാപരിപാടികളും അവതരിപ്പിച്ചു. ശ്രീ. സെബാസ്റ്റ്യൻ ചെറിയാൻ, ശ്രീ. ബെർണാഡ് ജോസ്, ശ്രീമതി ദീപ ഡോമനിക്ക് എന്നിവർ നേതൃത്യം നൽകി.

## അൽഫോൻസ മ്യൂസിക്കൽ ബാൻഡ്:

വിദ്യാർത്ഥികളിലെ സർഗാത്മകതയും, കലാവാസനകളും പരിപോഷിപ്പിക്കുവാനും ഇന്റർവെൽ പിരിഡുകളും, വിശ്രമ സമയങ്ങളും ക്രിയാ ത്മകവും, കൂട്ടായ്മയുടെ വിജയം വിളിച്ചോതുന്നതുമാക്കിത്തീർക്കുവാനും വേണ്ടി അൽഫോൻസ കോളേജിലെ കലാഭിരുചിയുള്ള കുട്ടികളുടെ ഒരു കൂട്ടായ്മ സ്റ്റാഫ് കോഡിനേറ്റർ ശ്രീ. ബെർണാഡ് ജോസിന്റെ നേതൃത്വത്തിൽ **അൽഫോൻസ മ്യൂസിക്കൽ ബാൻഡ്** എന്ന പേരിൽ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഉച്ചഭക്ഷണ സമയത്ത് നടത്തിവരുന്ന സംഗീത - കലാവിരുന്ന് മികവു കൊണ്ടും എല്ലാ വിദ്യാർത്ഥികളുടെയും ഭാഗഭാഗിത്യം കൊണ്ടും ശ്രദ്ധേയമായി.

**റവ. ഫാദർ സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# കരിസ്മാറ്റിക് മൂവ്മെന്റ്

## പന്തക്കുസ്താ ദിനാഘോഷം

2019 ലെ പരിശുദ്ധാത്മാവിന്റെ തിരുനാളായ പന്തക്കുസ്ത തിരുനാൾ വളരെ സമുചിതമായി ആഘോഷിച്ചു. താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റേയും മറ്റു ആത്മീയ ഗുരുക്കന്മാരുടേയും ആഹ്വാനമനുസരിച്ച് ഉയിർപ്പുതിരുനാളി നുശേഷമുള്ള 50 ദിവസവും പ്രത്യേക പ്രാർത്ഥനകൾ നടത്തിയും അവസാന 9 ദിവസം ഉപവസിച്ചും ദിവ്യകാരുണ്യ ആരാധന നടത്തിയും പരിശുദ്ധാത്മാവിനോടുള്ള നൊവേന ചൊല്ലിയും തിരുസഭക്കുവേണ്ടി പ്രത്യേകം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയുമാണ് പന്തക്കുസ്താ ദിനം ആഘോഷിച്ചത്. നിരവധിയാളുകൾ വ്യക്തിപരമായും കുടുംബങ്ങളിലും പ്രാർത്ഥനാ ഗ്രൂപ്പുകളിലും ഇടവക പള്ളികളിലും കോൺവെന്റുകളിലും നൊവേന ചൊല്ലി പ്രാർത്ഥിച്ചു. പെരിന്തൽമണ്ണ ഫൊറോനയിലെ എല്ലാ ഇടവകകളിലേയും ഭവനങ്ങളിൽ പരിശുദ്ധാത്മാവിനോടുള്ള നൊവേന ചൊല്ലുവാൻ പ്രോത്സാഹനം കൊടുക്കുകയും ആവശ്യത്തിന് നൊവേന പുസ്തകങ്ങൾ ഭവനങ്ങളിലെത്തിക്കുവാൻ താൽപര്യം കാണിക്കുകയും ചെയ്ത ബഹു. ഫൊറോനാ വികാരി കുര്യാക്കോസ് ഐക്കുളമ്പിലച്ചനെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

കോഴിക്കോടു സോണിന്റെ നേതൃത്വത്തിലുള്ള പന്തക്കുസ്താ ദിനാഘോഷവും സോണൽ മീറ്റിങ്ങും അശോകപുരം ഉണ്ണിമിശിഹാ പള്ളിയിൽ വച്ച് ജൂൺ 5-ാം തീയതി നടത്തപ്പെട്ടു. ഇപ്പോൾ NST ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ ജോയി ആന്റണി വചനസന്ദേശം നൽകുകയും സി. എൽസിസ് മാത്യു MSMI യുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും അഭിഷേകപ്രാർത്ഥനയും നടത്തുകയും ചെയ്തു. ഫാ. ഷൈജു MCBS, ഫാ. സാമുവേൽ OFM Cap എന്നിവർ കൈവയ്പു ശുശ്രൂഷ നടത്തി. ഫാ. തോമസ് കളരിക്കൽ പങ്കെടുത്തവർക്ക് വേണ്ടി ദിവ്യബലി അർപ്പിച്ചു.

## L. S. S. (Life in the Spirit Seminar)

കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിൽ ജനത്തെ ഈശോയോടുള്ള വ്യക്തിപരമായ സമർപ്പണത്തിലേക്ക് നയിക്കാനുള്ള ഒരു പ്രധാന മാർഗമാണ് L. S. S. (പരിശുദ്ധാത്മാവിലുള്ള ജീവിത സെമിനാർ). ഈ സെമിനാറിൽ പങ്കെടുക്കുന്നവർക്ക് സുവിശേഷത്തിന്റെ സർവ്വപ്രധാനമായ കേന്ദ്രസന്ദേശവും, സമർപ്പണ ജീവിതത്തിന്റെ അടിസ്ഥാനപരമായ പ്രബോധനവും നൽകി അവരെ ആത്മാവിൽ നിലനിൽക്കുന്നവരായി മാറ്റി, സഭയുടെയും കരിസ്മാറ്റിക് നവീകരണത്തിന്റെയും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നവരാക്കാൻ പ്രാപ്തരാക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2015 ജൂണിൽ

ആഗോള വൈദിക ധ്യാനത്തിൽ ഇതിന്റെ പ്രാധാന്യത്തെപ്പറ്റി ഊന്നിപറയുകയും നിങ്ങളുടെ ഇടവകകളിലും സെമിനാരികളിലും സ്കൂളുകളിലും അയൽപക്കങ്ങളിലും L. S. S. സംഘടിപ്പിച്ച് അരൂപിയലുള്ള സ്നാനത്തിന്റെ അനുഭവം പങ്കുവയ്ക്കുകയും ചെയ്യുവിൻ എന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു. വീണ്ടും 2015 ജൂലൈയിൽ ഇറ്റലിയിൽ വച്ച് കരിസ്മാറ്റിക് നവീകരണ പ്രവർത്തകരെ അഭിസംബോധന ചെയ്തുകൊണ്ട് പരി. പിതാവ് ഈ ആഹ്വാനം ആവർത്തിക്കുകയും തെരുവിലും, പുറംപോക്കിലും ജീവിക്കുന്നവർക്കും വേദനിക്കുന്നവർക്കും ഈ സെമിനാർ നൽകേണ്ടതിന്റെ ആവശ്യകത ഊന്നിപറയുകയും ചെയ്തു.

കോഴിക്കോട് സോണിൽ ഈരൂട്, പുല്ലൂരാംപാറ, കുന്ദമംഗലം ഇടവകകളിൽ 9 ആഴ്ചകൾ നീണ്ടുനിൽക്കുന്ന ഈ പ്രോഗ്രാം പൂർത്തീകരിക്കുകയും പാറോപ്പടി ഇടവകയിൽ ഇപ്പോൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സോണിലെ എല്ലാ ഇടവകകളിലും ഈ പ്രോഗ്രാം നടത്തുവാൻ ലക്ഷ്യമിടുന്നു. അതിലേക്ക് ആവശ്യമായ റിസോഴ്സുകളെ കണ്ടെത്താനും പരിശീലിപ്പിക്കുവാനുമായി 19.07.2019 ന് അശോകപുരം പള്ളിയിൽ വച്ച് ഒരു L. S. S. റിസോഴ്സ് പേഴ്സൺസ് ട്രൈനിംഗ് പ്രോഗ്രാം നടത്തി. 39 പേർ ഈ ട്രൈനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു. സോണൽ ആനിമേറ്റർ ബഹു. ഫാ. സൈമൺ വള്ളോപ്പിള്ളി, സോണൽ സർവീസ് ടീം അംഗം C. C. മത്തായി, പാരിഷ് മിനിസ്ട്രി കോ- ഓർഡിനേറ്റർ അഗസ്റ്റിൻ മഠത്തിൽ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

### കെരിഗ്മ മിനിസ്ട്രി

സോണിന്റെ കെരിഗ്മ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തോട്ടുമുക്കം ഫൊറോനയിലെ പനംപ്ലാവ് ഇടവകയിൽ ഭവനസന്ദർശനവും പള്ളിയിൽ വച്ച് പ്രാർത്ഥനാ ശുശ്രൂഷയും നടന്നു. ജൂലൈ 11-ാം തീയതി രാവിലെ മുതൽ 12-ാം തീയതി ഉച്ചവരെ ശുശ്രൂഷകർ 10 ഗ്രൂപ്പുകളായി തിരിഞ്ഞ് ഇടവകയിലെ 180 ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം പങ്കുവക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. 12-ാം തീയതി 2.30 മുതൽ പള്ളിയിൽ വച്ച് ഇടവക ജനത്തിനുവേണ്ടി ജപമാല പ്രാർത്ഥനയും വചനപ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നടത്തി. ശുശ്രൂഷകൾക്ക് രാജു മംഗലശ്ശേരി, സി.സി. മത്തായി, ജേക്കബ് തോമസ്, ഷിജു പാലംതലക്കൽ, ടോമി ആപ്പാഞ്ചിറ എന്നിവർ നേതൃത്വം നൽകി. അതിനുശേഷം ബഹു. വികാരിയച്ചൻ ഫാ. ആന്റണി വരകിൽ ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിച്ചു. 2 ദിവസത്തെ ശുശ്രൂഷകൾക്ക് ബഹു. വികാരിയച്ചൻ കാണിച്ച താൽപര്യത്തെയും സഹകരണത്തേയും നന്ദിയോടെ ഓർക്കുന്നു.

ജൂലൈ 29, 30, 31 തീയതികളിൽ തോട്ടുമുക്കം ഇടവകയിലും ഭവനസന്ദർശനവും (ഹോം മിഷൻ) പ്രാർത്ഥനാ ശുശ്രൂഷയും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ജറീക്കോ പ്രാർത്ഥന

ഇടവക നവീകരണത്തിനും സഭക്കും വേണ്ടി മദ്ധ്യസ്ഥം പ്രാർത്ഥിച്ചുകൊണ്ട് ജൂലൈ 13, 14 തീയതികളിൽ മലപ്പുറം സബ് സോണിന്റെ നേതൃത്വത്തിൽ സബ് സോണിലുള്ള 16 ഇടവകകളിൽ കൂടി ഒരു ജറീക്കോ പ്രാർത്ഥന സന്ദേശയാത്ര നടത്തി. ദിവ്യകാരുണ്യ ആരാധന, വചനസന്ദേശം, പ്രാർത്ഥന ഉൾപ്പെടെ ഒരു മണിക്കൂറോളം ഓരോ ഇടവകയിലും ചെലവഴിച്ചു.


## മദ്ധ്യസ്ഥ പ്രാർത്ഥന

ജൂൺ 16, ജൂലൈ 18 തീയതികളിൽ താമരശ്ശേരി ചാവറ ഭവനിൽ വച്ച് സോണൽ മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ജൂൺ 7-ാം തീയതിയും ജൂലൈ 11-ാം തീയതിയും താമരശ്ശേരി പ്രേഷിതാരാം കോൺവെന്റ് ചാപ്പലിൽ മദ്ധ്യസ്ഥ പ്രാർത്ഥന സർവ്വീസ് ടീം ഒന്നിച്ചുകൂടി പ്രാർത്ഥന നടത്തുകയും ചെയ്തു.

## പ്രാർത്ഥനാ ഗ്രൂപ്പ് / സബ്സോൺ പുനഃസംഘടന

കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ/ കെ.എസ്.ടി ഇവയുടെ നിർദ്ദേശമനുസരിച്ച് സോണിലെ പുനഃസംഘടനാപ്രക്രിയ ആരംഭിച്ചു. ജൂലൈ 21-ാം തീയതി ഞായറാഴ്ച മരുതോങ്കര സബ്സോണിലെ 3 പ്രാർത്ഥനാ ഗ്രൂപ്പുകളുടെ പുനഃസംഘടനയോടെയാണ് ആരംഭിച്ചത്. രൂപതയിലെ എല്ലാ ഇടവകകളിലും സോണൽ ആനിമേറ്റർ ബഹു. സൈമൺ വള്ളോപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ സന്ദർശനം നടത്തിപുനഃസംഘടന നടത്തുവാനാണ് പരിപാടിയിട്ടിരിക്കുന്നത്. ഇപ്രകാരം എല്ലാ പ്രാർത്ഥനാഗ്രൂപ്പുകളുടേയും പുനഃസംഘടന സെപ്റ്റംബർ മാസത്തോടെ പൂർത്തിയാക്കാമെന്നു പ്രതീക്ഷിക്കുന്നു. സബ്സോൺ സർവീസ് ടീമുകളുടെ പുനഃസംഘടന ഡിസംബർ /ജനുവരി മാസവും പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, കരിസ്മാറ്റിക് റിന്യൂവൽ



# മദ്യവിരുദ്ധ സമിതി

## നന്ദി

വ്യക്തമായ ദിശാബോധത്തോടുകൂടി മൂന്നുവർഷത്തോളം മദ്യവിരുദ്ധ സമിതിയെ നയിക്കുകയും, നിരവധി കാലിക പ്രസക്തമായ പ്രവർത്തന ങ്ങളിലൂടെ സമിതിയെ സമൂഹത്തിന്റെ അവിഭാജ്യഘടകമാക്കി മാറ്റുകയും ചെയ്ത റവ. ഫാ. സൈമൺ കിഴക്കേക്കുന്നേലിന് ഹൃദയം നിറഞ്ഞ നന്ദി.

## റിസോഴ്സ് ടീം ട്രയിനിംഗും ഡയറക്ടേഴ്സ് മീറ്റും

രൂപതാ റിസോഴ്സ് ടീം അംഗങ്ങൾക്ക് ട്രയിനിംഗും, ഡയറക്ടേഴ്സ് മീറ്റിംഗും ജൂൺ 21 ന് താമരശ്ശേരി കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് നടന്നു. രൂപതാ കോർപ്പറേറ്റ് മാനേജർ റവ. ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. താമരശ്ശേരി കത്തീഡ്രൽ ചർച്ച് വികാരി ഫാ. മാത്യു മാവേലി ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തി. ഫാ. ജേക്കബ് കപ്പലുമാക്കൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. രൂപതാ പ്രസിഡന്റ് കുര്യൻ ചെമ്പനാനി, ആനിമേറ്റർ സി. ആഗ്നസ്, ജനറൽ സെക്രട്ടറി ജോജി ഉണ്ണിയേപ്പിള്ളിൽ, സംസ്ഥാന സെക്രട്ടറി രാജൻ ഉറുമ്പിൽ, കെ.സി. ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. അഡാർഡ് ഡീ അഡിക്ഷൻ സെന്റർ ഡയറക്ടർ ഡോ. എൻ.എം. സെബാസ്റ്റ്യൻ, പ്രൊഫ. സെബാസ്റ്റ്യൻ ഐക്കര, ശ്രീ. ടി.ടി. തോമസ് എന്നിവർ വിവിധ ക്ലാസ്സുകൾ നയിച്ചു. ശ്രീ. ജോൺസൺ പെരുമ്പനാനി, റോയി ജോസ്, എൻ. വി. അബ്രാഹം, അബ്രാഹം മണലോടി, ജോസ് കാവിൽപുരയിടം, ജോയിക്കുട്ടി തുടങ്ങിയവർ നേതൃത്വം നൽകി.

## വ്യക്തിത്വവികസന ക്ലാസ് സ്കൂൾ തല സെമിനാർ

താമരശ്ശേരി കോർപ്പറേറ്റിനു കീഴിലുള്ള സ്കൂളുകളിൽ വിവിധ സോണുകളായി തിരിച്ച് സെമിനാറുകൾ നടത്തുന്നതിന് റിസോഴ്സ് ടീമിൽപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്തി പരിശീലനം, സിഡി പ്രദർശനം എന്നിവ നടത്തി. ജൂലൈ 10 മുതൽ ആഗസ്റ്റ് 13 വരെ ദിവസങ്ങളിലായി 5, 8, 11 ക്ലാസുകളിലെ കുട്ടികൾക്ക് ആദ്യഘട്ട പരിശീലനം നൽകിവരുന്നു. നാല് സോണുകളിലായി 30 ൽ അധികം റിസോഴ്സ് പേഴ്സൺസാണ് ഇതിനായി പ്രവർത്തിക്കുന്നത്.

## ലഹരിവിരുദ്ധ ദിനാചരണവും വ്യക്തിത്വ വികസന ക്ലബ് പ്രവർത്തനോദ്ഘാടനവും

ലോക ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് ജൂൺ 26 ന് കട്ടിപ്പാറ ഹോളിഫാമിലി സ്കൂളിൽ വെച്ച് രൂപതാ ലഹരി വിരുദ്ധ ദിനാചരണവും വ്യക്തിത്വവികസന ക്ലബ് പ്രവർത്തനോദ്ഘാടനവും നടത്തി. രൂപതാ

വികാരിജനറാൾ മോൺ. ജോൺ ഒറവുങ്കര ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഫാ. ജേക്കബ് കപ്പലുമാക്കൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഷിവിച്ചൻ മാത്യു, ഹെഡ്മാസ്റ്റർ എം.എ അബ്രാഹം, രൂപതാ പ്രസിഡന്റ് കുര്യൻ ചെമ്പനാനി, സി. ആഗ്നസ് എന്നിവർ പ്രസംഗിച്ചു. ഫാ.ജേക്കബ് കപ്പലുമാക്കൽ കുട്ടികൾക്കുള്ള സെമിനാർ നയിച്ചു.

### മദ്യവിരുദ്ധ സമിതിക്ക് പ്രോജക്ടർ, മൈക്ക് സെറ്റ് എന്നിവ ലഭിച്ചു

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപതാ കമ്മറ്റിക്ക് പുതിയ പ്രോജക്ടർ, മൈക്ക് സെറ്റ് കാബിൻ എന്നിവ അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നിർദ്ദേശപ്രകാരം ലഭ്യമാക്കി. സൺഡേ സ്കൂൾ കുട്ടികളുടെ സഹകരണത്തോടുകൂടി രൂപതാ കമ്മറ്റി സമാഹരിച്ച ഫണ്ടിൽ നിന്നാണ് ഇതിനുള്ള തുക കണ്ടെത്തിയത്.

**ഫാ. ജേക്കബ് ജോർജ്ജ് കപ്പലുമാക്കൽ**
ഡയറക്ടർ, മദ്യവിരുദ്ധസമിതി

## അൽഫോൻസാ പാലിയേറ്റീവ് കെയർ

### സ്വാഗതവും യാത്രയയപ്പും

മൂന്നു വർഷം സെന്റ് അൽഫോൻസ പാലിയേറ്റീവ് കെയറിന്റെ ഡയറക്ടറായി സുത്യർഹമായ സേവനം നിർവ്വഹിച്ച ഫാ. സൈമൺ കിഴക്കേക്കുന്നേലിന് യാത്രയയപ്പും ഡയറക്ടറായി ചാർജ്ജെടുത്ത ഫാ. മനോജ് പ്ലാക്കൂട്ടത്തിന് സ്വീകരണവും നൽകി

### പുതിയ രൂപതാ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | - | എൻ. ഡി. ലൂക്ക നാലൊന്നുകാട്ടിൽ |
| വൈസ് പ്രസിഡന്റ് | - | ജെയ്സൻ കന്നുകുഴി |
| സെക്രട്ടറി | - | ജിയോ വെട്ടുകാട്ടിൽ |
| ജോയിന്റ് സെക്രട്ടറി | - | ബേബി വേനക്കുഴി |
| ട്രഷറർ | - | ജോസ് കുറൂർ |

എന്നിവരെ പുതിയ രൂപതാ ഭാരവാഹികളായി തെരഞ്ഞെടുത്തു.

എല്ലാ ഇടവകകളിലും യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ചക്കിട്ടപാറ, തിരൂർ, കുറ്റിപ്പുറം ഇടവകകളിൽ ശ്രീ. ജേക്കബ് പടലോടി ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും യൂണിറ്റുകൾ രൂപീകരിക്കുകയും ചെയ്തു.

**ഫാ. ജേക്കബ് പ്ലാക്കൂട്ടം**

ഡയറക്ടർ, അൽഫോൻസ പാലിയേറ്റീവ് കെയർ

# വികസന വേദി

## G.V.S ലീഡേഴ്സ് മീറ്റിംഗ്, കാർഷിക സെമിനാർ

സി.ഒ.ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമവികസന സമതികളുടെ ലീഡേഴ്സിനായി നേതൃസംഗമവും, കാർഷിക സെമിനാറും താമരശ്ശേരിയിൽവച്ചു നടത്തി. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ 19 ഗ്രാമവികസന സമതികളിലെ നേതാക്കൾ പരിപാടിയിൽ പങ്കെടുത്തു. സെമിനാറിന്റെ ഉദ്ഘാടനം സി.ഒ.ഡി. ഡയറക്ടർ ഫാ.ജോസഫ് മുകളേപറമ്പിൽ നിർവഹിച്ചു. കാഷികമേഖലയിലെ വനിതകൾക്കുള്ള സാധ്യതകളെകുറിച്ച് അവാർഡു ജേതാവ് ജോർജ് പനക്കവയലിൻ സംസാരിച്ചു. സി.ഒ.ഡി. കോർഡിനേറ്റർ ജോയി കെ.സി, ഏരിയാ കോർഡിനേറ്റർ ഷൈനി സിബി, G.V.S ലീഡർ മേരിക്കുട്ടി ചക്കിട്ടമുറിയിൽ, മേഴ്സി എന്നിവർ സംസാരിച്ചു.

## കാർഷിക പ്രദർശനവും,വിപണനവും

സി.ഒ.ഡി. യുടെ 30-ാംവാർഷികം പ്രമാണിച്ച് താമരശ്ശേരി SAFEസൂപ്പർമാർക്കറ്റിനോടനുബന്തിച്ച് കാർഷിക പ്രദർശനവും, വിപണനവും, കാർഷികസെമിനാർ, കുക്കറിഷോ ഇവനടത്തി ഒരാഴ്ച്ച നീണ്ടുനിന്ന മേളയിൽ വിവിധ ഇനം ഫലവൃക്ഷചെടികൾ, വിത്തുകൾ, വിവിധതരം പലഹാരങ്ങൾ ഇവ വിപണനം നടത്തി. വിപണന പരിപാടി യുടെ ഉദ്ഘാടനം സി.ഒ.ഡി. ഡയറക്ടർ ഫാ.ജോസഫ് മുകളേപറമ്പിൽ നിർവഹിച്ചു. കോർഡിനേറ്റർ ജോയി കെ.സി, ഏരിയാ കോഡിനേറ്റേഴ്സ് എന്നിവർ പരിപാടിക്ക് നേതൃത്വംനൽകി

## പഴവർഗ സംസ്കരണപരിശീലനം

സി.ഒ.ഡി. യുടെ നേതൃത്വത്തിൽ താമരശ്ശേരിയിൽ വച്ചുനടത്തിയ കാർഷികപ്രദർശന വിപണന മേളയോട് അനുബന്തിച്ച് തിരഞ്ഞെടുത്ത പ്രതിനിധികൾക്കായി ചക്കകൊണ്ടുള്ള വിവിധ വിഭവങ്ങൾ ഉണ്ടാക്കുന്ന പരിശീലനംനൽകി. സി.ഒ.ഡി. ഏരിയാ കോഡിനേറ്റർ ഷാജിപോൾ പരിശീലനത്തിന് നേതൃത്വംനൽകി.

## സ്കിൽ ട്രയിനിംഗ്

ആനിക്കാംപൊയിൽ M.C C യുടെ നേതൃത്വത്തിന്റ 25.05.19 ൽ ചക്കകൊണ്ടുള്ള വിവിധ വിഭവങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം നടത്തി. സി.ഒ.ഡി. കോഡിനേറ്റർ ഷാജി പോൾ പരിശീലനത്തിന് നേതൃത്വം നൽകി. ഏരിയാ കോഡിനേറ്റർ സോളി ബെന്നി പരിപാടി ഉദ്ഘാടനം ചെയ്തു.

## പഠനോപകരണ വിതരണവും,ഉന്നതവിജയം നേടിയ വിദ്യാർത്ഥി കൾക്കുള്ള അവാർഡ് ദാനവും

സി.ഒ.ഡി യുടെ കീഴിൽപ്രവർത്തിക്കുന്നഗ്രാമവികസനസമതികൾ ഉന്നതവിനിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണവും S.S.L.C, +2 പരീക്ഷയിൽ

ജയം നേടിയവർക്ക് ക്യാഷ് അവാർഡ് വിതരണവും നടത്തി.സി.ഒ.ഡി. യുടെ പ്രവർത്തനമേഖലയിൽ പലപ്രദേശങ്ങളിലായി നടത്തിയ പരിപാടിയിൽ സി.ഒ.ഡി. ഡയറക്ടർ,വിവിധ പള്ളികളിലെ വികാരിഅച്ചൻമാർ,ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ,സി.ഒ.ഡി.സ്റ്റാഫ് അംഗങ്ങൾ, GVS ലീഡേഴ്സ്, SHG മെമ്പേഴ്സ് എന്നിവർ പങ്കെടുത്തു.

### പുതുപ്പാടി GVS

പുതുപ്പാടി ഗ്രാമപഞ്ചായത്ത് ആരോഗ്യ,വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിചെയർമാൻ എം.ഇ.ജലീൽ ഉദ്ഘാടനം ചെയ്തു. സി.ഒ.ഡി ഡയറക്ടർ ഫാ.ജോസഫ് മുകളേപറമ്പിൽ അധ്യക്ഷത വഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഫെബി ജെറി പഠനോപകരണ വിതരണവും ഗ്രാമപഞ്ചായത്ത് മെബർ റീന. ഗ്രാമ വികസനസമിതി പ്രസിഡന്റ് പി.സി.സെബാസ്റ്റ്യൻ സി.ഒ.ഡി. കോഡിനേറ്റർ ത്രേസ്യാമ്മ തോമസ് എന്നിവർ സംസാരിച്ചു.

### കോടഞ്ചേരി GVS

ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ അവാർഡ്ദാനം നിർവഹിച്ചു. സി.ഒ.ഡി. ഡയറക്ടർ ഫാ.ജോസഫ് മുകളേപറമ്പിൽ ഉദ്ഘാടനം ചെയ്തു. L.P School ഹെഡ്മാസ്റ്റർ തങ്കച്ചൻ കെ.പി സ്കൂൾകിറ്റ് വിതരണം നടത്തി

### തിരുവമ്പാടി GVS

സി.ഒ.ഡി. അസി.ഡയറക്ടർ ഫാ.ജോർജ് ചെമ്പരത്തി പഠനോപ കരണവും,ഉന്നതവിജയികൾക്ക് ക്യാഷ് അവാർഡും നൽകി.

### വെറ്റിലപാറ GVS

ഗ്രാമവികസനസമിതി അങ്കണത്തിൽവച്ചു നടത്തിയ ജനറൽ ബോഡി യോഗത്തിൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് മെമ്പർ ബെന്നിപോൾ അദ്ധ്യക്ഷതവഹിച്ചു സെന്റ് അഗസ്റ്റിൻചർച്ച് വികാരി ഫാ.മാത്യു തിട്ടയിൽ പഠനോപകരണവിതരണം ഉദ്ഘാടനം ചെയ്തു സി.ഒ.ഡി. കോഡിനേറ്റർ ജോയി കെ.സി. ഏരിയാ കോഡിനേറ്റർ ഷൈനി സിബി, GVS പ്രസിഡന്റ് മേഴ്സി ജെയിംസ് എന്നിവർ പങ്കെടുത്തു.

31.5.19 ന് മരുതോങ്കര സെന്റ് മേരീസ് ഹൈസ്കൂളിൽ വെച്ച് ചക്കിട്ടപാറ,കാവിലുംപറ GVS കളുടെ സംയുക്ത ജനറൽബോഡിയും, പഠനോപകരണ വിതരണവും നടത്തി. GVS പ്രസിഡന്റ് മേരിക്കുട്ടി ജോർജ് അദ്ധ്യക്ഷത വഹിച്ചു. പഠനോപകരണ വിതരണത്തിന്റെ ഉദ്ഘാടനം മരുതോങ്കര ഗ്രാമപഞ്ചായത്ത് 4-ാംവാർഡ് മെമ്പർ ത്രേസ്യാമ്മ മാത്യു നിർവഹിച്ചു. ഉന്നതവിജയികൾക്കുള്ള അവാർഡുദാനം ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത് 11-ാംവാർഡ് മെമ്പർ ഷൈല റ്റി.ഡി. നിർവഹിച്ചു GVS കളുടെ ലാഭവിഹിത വിതരണവും COD കോഡിനേറ്റർ ജോയി കെ.സി നിർവഹിച്ചു.ഏരിയാ കോഡിനേറ്റർ ഷാജിപോൾ പരിപാടിക്കു നേതൃത്വം നൽകി.

പയ്യാപുരം, പലൂർകോട്ട, ചിരട്ടാമല, ആനക്കയം, വെള്ളില, വിലങ്ങാട്, കൂരാച്ചുണ്ട്, കായണ്ണ, കൂടരഞ്ഞി, തോട്ടുമുക്കം എന്നീ GVS കളുടെ നേതൃത്വത്തിൽ നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണം വിതരണംചെയ്തു.

### മദർ തെരേസ IELTS / OET ട്രെയിനിംഗ് സെന്റർ

വിദൂരസ്ഥലങ്ങളിലും വിദേശത്തും ജോലി ചെയ്യുന്നവർക്ക് മിതമായ നിരക്കിൽ OET ട്രെയിനിംഗ് സാധ്യമാക്കുവാൻ LDS international HR consultancy യുടെ കീഴിൽ പുതുപ്പാടിയിൽ പ്രവർത്തിച്ചു വരുന്ന മദർ തെരേസ IELTS/OET ട്രെയിനിംഗ് സെന്ററിൽ online ക്ലാസുകളും, CBT ക്ലാസുകളും ജൂൺ ആദ്യവാരം ആരംഭിച്ചിരിക്കുന്നു.

### *1.07.2019 ൽ നടന്ന റീജിയണൽ മീറ്റിംഗിലെ തീരുമാനങ്ങളും, ജൂലൈ,ആഗസ്റ്റ് മാസത്തിൽ നടത്തേണ്ട പ്രധാന പ്രവർത്തനങ്ങളും.*

**ജൂലൈ – 2019**

- ഹെൽത്ത്ക്ലാസ്സ്
- പച്ചകറി വിത്തുവിതരണം
- കാർഷിക സെമിനാർ
- S.H.G ഓഡിറ്റ്
- G.V.S ഓഡിറ്റ്
- കാരിത്താസ് പ്രോജക്ട് ഫീൽഡ്വിസിറ്റ്
- S.H.G രൂപീകരണം ഇടവകതലത്തിൽ
- J.L.G പുതുക്കുന്നതിനുള്ള ക്രമീകരണങ്ങൾ
- സ്കിൽ ട്രയിനിംഗ്
- AFMA,m.s ശാക്തീകരണം
- ജൂലൈ-11 ലോകജനസംഖ്യാ ദിനാചരണം
- പരിസര ശുചീകരണം

**ആഗസ്റ്റ് – 2019**

- അവയവദാന ദിനം ആഗസ്റ്റ് 6
- അടുക്കള തോട്ടനിർമ്മാണം
- കാർഷിക സെമിനാർ
- ഹെൽത്ത് ക്ലാസ്
- J.L.G ലോൺ പുതുക്കൽ (ബാങ്ക് ഓഫ് ഇൻഡ്യ)
- സ്കിൽ ട്രയിനിംഗ്

### പച്ചമരുന്ന് നിർമ്മാണം

താമരശ്ശേരി : അന്യം നിന്നുപോയ പരമ്പരാഗത മരുന്നുകളെ പുനരുജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രകൃതി ദത്തമായ വസ്തുക്കൾ

ഉപയോഗിച്ചുകൊണ്ട് വയറുസംബന്ധമായ അസുഖങ്ങൾക്ക് പാർശ്വഫലങ്ങളില്ലാതെ ഉപയോഗിക്കാവുന്ന ഉരഗുളിക, ചുമ, ജലദോഷം എന്നിവയ്ക്ക് ഉപയോഗിക്കുന്ന താലീസ് കൂടാതെ മുറിവ് പൊള്ളൽ, ശരീരവേദന എന്നി വയ്ക്ക് ഉപയോഗിക്കുന്ന മുറിവെണ്ണ തുടങ്ങിയ പച്ചമരുന്നുകൾ സി.ഒ.ഡി യുടെ നേതൃത്വത്തിൽ കല്ലുള്ളതോട്, വെറ്റിലപ്പാറ, ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, എന്നിവടങ്ങളിലെ ഗ്രാമവികസന സമിതി AFMA തുടങ്ങിയ ജനകീയ സംഘങ്ങളിൽ ഏരിയാ കോഡിനേറ്റേസിന്റെ നേതൃത്വത്തിൽ നിർമ്മാണം നടത്തി. പ്രകൃതിദത്തമായ ആരോഗ്യപരിരക്ഷ പുതുതലമുറയെ പരിചയ പ്പെടുത്തുക എന്നതാണ് സി.ഒ.ഡി ലക്ഷ്യം വെക്കുന്നത്.

### സോപ്പുപൊടി നിർമ്മാണം

വെറ്റിലപ്പാറ : സാധാരണക്കാരെ സ്വയം പര്യാപ്തമക്കുക എന്ന ലക്ഷ്യത്തോടെ ചെറുകിട വ്യവസായ സംരംഭമായ സോപ്പുപൊടി നിർമ്മാണം സി.ഒ.ഡി. ഏരിയാ കോഡിനേറ്റർ ശ്രീമതി ഷൈനി സിബി യുടെ നേതൃത്വത്തിൽ വെറ്റിലപ്പാറ സെന്റ്.ജോസഫ് സംഘത്തിൽ നടത്തി ഒരു സ്വയം തൊഴിൽ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സി.ഒ.ഡി. ഈ പദ്ധതി ആവിഷ്കരിച്ചത്.

### പരിസ്ഥിതി ദിനാഘോഷം

താമരശ്ശേരി : ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സി.ഒ.ഡി യുടെ നേതൃത്വത്തിലുള്ള വിവിധ സംഘങ്ങളിലൂടെ പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിച്ചു. കോടഞ്ചേരി ഏരിയാ കോഡിനേറ്റർ ശ്രീമതി സോളി ബെന്നിയുടെ നേതൃത്വത്തിൽ നാല് സംഘങ്ങളിലും കൂരാച്ചുണ്ട്, കായണ്ണ ഏരിയാ കോഡിനേറ്റർ ശ്രീമതി മോളി സെബാസ്റ്റ്യന്റെ നേതൃത്വ ത്തിൽ നാല് സംഘങ്ങളിലും ഒരു എം.സി.സിയിലും വൃഷതൈകൾ നട്ടു. ഏരിയാ കോഡിനേറ്റർ ശ്രീമതി തങ്കമ്മ സേവ്യറുടെ നേതൃത്വത്തിൽ പരിയാപുരം, പാലൂർകോട്ട, ചിരട്ടാമല, എന്നീപ്രദേശങ്ങളിൽ പരിസ്ഥിതി ദിനം ആഘോഷിക്കുകയും അതിന്റെ ഭാഗമായി പന്ത്രണ്ട് സംഘങ്ങളിലും നാല് ഗ്രാമ വികസന സമിതികളിലും പരിസരശുചീകരണം നടത്തുകയും അതിൽ രണ്ട് ഗ്രാമ വികസന സമിതികളിൽ വൃക്ഷതൈകൾ നടുകയും ചെയ്തു. വിലങ്ങാട് ഏരിയാ കോഡിനേറ്റർ ഉഷ ജോണിയുടെ കീഴിൽ പത്ത് സംഘങ്ങളിൽ പരിസ്ഥിതി ദിനാചരണം നടത്തുകയും കറിവേപ്പിൻ തൈകൾ വിതരണം നടത്തുകയും ചെയ്തു മരുതോങ്കര, ചക്കിട്ടപാറ ഏരിയാ കോഡിനേറ്റർ ശ്രീമതി ഷാജി പോളിന്റെ നേതൃത്വത്തിലുള്ള പൂഴിത്തോട് എം.സി.സിയിൽ പരിസ്ഥിതി ദിനം ആചരിച്ചു. ഇരുപത് അംഗങ്ങൾ പങ്കെടുത്ത ഈ പരിപാടിയിൽ എം.സി.സി പ്രസിഡന്റ് ശ്രീമതി സുതി ജോൺ സംഘത്തിലെ ഒരു അംഗത്തിന്റെ വീട്ടിൽ റമ്പൂട്ടാൻ തൈനട്ടു ഉദ്ഘാടനം നിർവഹിച്ചു പെരുവല്ലി, കട്ടിപ്പാറ എന്നീ പ്രദേശങ്ങളിൽ ഏരിയാ കോഡിനേറ്റർ സോമിനി ജോസഫിന്റെ നേതൃത്വ ത്തിൽ

നൂറ് വൃക്ഷതൈനട്ടു പരിസ്ഥിതി ദിനം ആഘോഷിച്ചു പുതുപ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിലുള്ള സംഘങ്ങൾ കൈതപ്പൊയിൽ മൈലള്ളാംപ്പാറ എന്നീ സ്കൂൾ പരിസരവും. അങ്ങാടി, വീടുകൾ തുടങ്ങിയ ഇടങ്ങളിൽ ശുചീകരണവും കിണറുകളിൽ ക്ലോറിനേഷനും നടത്തി കൂടാതെ സംഘങ്ങൾ ഓരോ മാവിൻതൈകൾ നട്ട് പരിസ്ഥിതി ദിനം ആഘോഷിച്ചു. ഏരിയാ കോഡിനേറ്റർ ത്രേസ്സ്യാമ്മ തോമസ് നേതൃത്വം നൽകി വെറ്റിലപ്പാറ, തോട്ടുമുക്കം, കൂടരഞ്ഞി, എന്നീ പ്രദേശങ്ങളിലെ ഏരിയാ കോഡിനേറ്റർ ഷൈനി സിബിയുടെ നേതൃത്വ ത്തിൽ പത്ത് സംഘങ്ങളിൽ പരസ്ഥിതിദിനാചരണം നടത്തുകയും വൃക്ഷ തൈകൾ നടുകയും ചെയ്തു. വികസനത്തിന്റെ പരിണിതഫലമായി പരിസ്ഥിതിയിൽ ഉണ്ടാകുന്ന ആഘാതത്തെ കുറിച്ചുള്ള ഒരു ഓർമ്മപ്പെടു ത്തൽ കൂടി ആയിരുന്നു സി.ഒ.ഡിയുടെ നേതൃത്വത്തിൽ വിവിധ സംഘങ്ങ ളിൽ നടത്തിയ പരിസ്ഥിതി ദിനാഘോഷങ്ങൾ.

## പുകയില വിരുദ്ധ ദിനാചരണം

താമരശ്ശേരി : മനുഷ്യജീവനെ കാർന്നു തിന്നുന്ന ഒരു വസ്തുവാണ് പുക യില ഉൽപ്പന്നങ്ങൾ. നിരവധി മാരകരോഗങ്ങൾക്കും പുകയില കാരണ മാവുന്നുണ്ട്. ദിനം പ്രതിവർദ്ധിച്ചു വരുന്ന പുകയില ഉപയോഗത്തെ നിയ ന്ത്രിക്കുന്നതിനും ദൂഷ്യ വശങ്ങളെ ഓർമിപ്പിക്കുന്നതിനുമായി ലോക പുകയില വിരുദ്ധ ദിനത്തോടുബന്ധിച്ച് സി.ഒ.ഡിയുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കോടഞ്ചേരി, കൂരാച്ചുണ്ട്, പരിയാപുരം, എന്നീ പ്രദേശങ്ങളിൽ അതത് ഏരിയാ കോഡിനേറ്റേഴ്സിന്റെ ആഭിമുഖ്യ ത്തിൽ സംഘങ്ങളിലും ഗ്രാമവികസന സമതികളിലും പുകയില വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. കൂടാതെ വിലങ്ങാട്, താമരശ്ശേരി ഏരിയാകോഡിനേറ്റേഴ്സ് ആയ ശ്രീമതി ഉഷ ജോണി, സോമിനി ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ സംഘങ്ങളിലും ഗ്രാമവികസന സമതികളിലും പുകയില വിരുദ്ധ ദിനം ആഘോഷിച്ചു.

കുട്ടികാലം മുതലെ കേട്ടു പഴകികൊണ്ടിരിക്കുന്നതാണ് പുകയില ഉപയോഗത്തിന്റെ അപകടങ്ങളെക്കുറിച്ച് എന്നിരുന്നാലും പുകയില ഉൽ പ്പന്നത്തിന്റെ ഉപയോഗത്തിലും പുകയില നിർമിത ലഹരി കടത്തലിലും യാതൊരു കുറവും ഉണ്ടാകുന്നില്ലെന്ന യാഥാർത്ഥ്യം നമ്മെ ചിന്തിപ്പിക്കേണ്ടി യിരിക്കുന്നു.

**ജോസഫ് മുകളേപറമ്പിൽ**

ഡയറക്ടർ, വികസനവേദി

# എ.കെ.സി.സി

## 1. ന്യനപക്ഷ അവകാശസംരക്ഷണ ബോധവൽക്കരണ സെമിനാറുകൾ നടത്തി

ന്യൂനപക്ഷ അവകാശങ്ങൾ നേടിയെടുക്കാനായുള്ള പരിശ്രമ ത്തിന്റെ ആദ്യപടിയെന്നോണം ഫൊറോന തലത്തിൽ ബോധവൽകരണ സെമിനാറുകൾ സംഘടിപ്പിച്ചു. ശ്രീ. ബേബി കിഴക്കുംഭാഗം, ശ്രീ. ടോമി എന്നിവർ ക്ലാസുകൾ നയിച്ചു. **കരുവാരക്കുണ്ട് ഫൊറോന:** കരുവാരക്കുണ്ട് മേഖലയിൽ ജൂൺ 30 ന് നടന്ന സെമിനാർ ഫൊറോന ഡയറ്ക്ടർ റവ. ഫാ. മാത്യു പെരുവേലിൽ ഉദ്ഘാടനം ചെയ്തു. ഫൊറോ നയിലെ വിവിധ ഇടവകകളിൽ നിന്നായി 60 തോളം പേർ സെമിനാറിൽ പങ്കെടുത്തു. **മരുതോങ്കര ഫൊറോന:** ജൂലൈ 3 ഉച്ചക്ക് ശേഷം 2 മണി മുതൽ മരുതോങ്കര പാരിഷ് ഹാളിൽ വെച്ച് നടന്ന സെമിനാറിൽ 120 തോളം പേർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. **കൂരാച്ചുണ്ട് ഫൊറോന**: കൂരാച്ചുണ്ട് ഫൊറോനയ്ക്കുവേണ്ടി കൂരാച്ചുണ്ട് പാരിഷ് ഹാളിൽ വെച്ച് നടന്ന സെമിനാർ ഫൊറോന ഡയറക്ടർ റവ. ഫാ. ജെയിസ് വാമറ്റത്തിൽ ഉദ്ഘാടനം ചെയ്തു. **തിരുവമ്പാടി, തോട്ടുമുക്കം ഫൊറോനകൾ:** 70 തോളം പേർ പങ്കെടുത്തു. തിരുവമ്പാടി ജൂലൈ 6 ന് തിരുവമ്പാടിയിൽ വെച്ചു നടന്ന സെമിനാറിൽ 50 തോളം പേർ പങ്കെടുത്തു. **പെരിന്തൽമണ്ണ ഫൊറോന:** ജൂലൈ 13 ന് പെരിന്തൽ മണ്ണ പാരിഷ് ഹാളിൽ 70 തോളം പേർ പങ്കെടുത്ത സെമിനാർ കത്തോലിക്ക കോൺഗ്രസ് രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ മുഖ്യ പ്രഭാഷണം നടത്തി. **പാറോപ്പടി ഫൊറോന:** ജൂലൈ 13 ന് ഉച്ചക്ക് ശേഷം 3 ന് ആരംഭിച്ച സെമിനാർ ഫൊറോന ഡയറക്ടർ റവ. ഫാ. ജോസ് വടക്കേടം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, രൂപത പ്രസിഡന്റ് ബേബി പെരുമാലിൽ എന്നിവർ സംസാരിച്ചു. **കോടഞ്ചേരി ഫൊറോന:** ജൂലൈ 20 ന് കോടഞ്ചേരി പാരിഷ്ഹാളിൽ വെച്ച് നടന്ന സെമിനാർ കോടഞ്ചേരി ഫൊറോന ഡയറ്കടർ റവ. ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്തു.

## 2. ന്യൂനപക്ഷ- സമ്മേളനം, സെമിനാർ- ആഗസ്റ്റ് 30 ന്

ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകാൻ സഹായകകരമായതും നിലവിലുള്ള ന്യൂനപക്ഷ അവകാശങ്ങളെ കൂടുതൽ അടുത്തറിയാൻ സഹായകമായതുമായ **ക്രൈസ്തവ ന്യൂനപക്ഷ പൊതുസമ്മേളനവും സെമിനാറും ആഗസ്റ്റ് 30 രാവിലെ 10 മുതൽ 1.30 വരെ**

**കോഴിക്കോട് ടാഗോർ ഹാളിൽ** സംഘടിപ്പിച്ചിരിക്കുന്നു. ന്യൂനപക്ഷാവകാശവകുപ്പ് മന്ത്രി ശ്രീ. കെ. ടി. ജലീൽ പരിപാടി ഉദ്ഘാടനം ചെയ്യുന്നു. ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന അവകാശങ്ങൾക്കായി വാദിക്കുവാനും സാമുദായികമായി ഒന്നിച്ചുനിന്ന് ആ അവകാശങ്ങൾ നേടിയെടുക്കു ന്നതിനുള്ള അവസരമാണിത്.

ഒരു ഇടവകയിൽ നിന്നും കത്തോലിക്ക കോൺഗ്രസ് പ്രതിനിധികൾ, സംഘടന ഭാരവാഹികൾ, പാരിഷ് കൗൺസിൽ മെമ്പേഴ്സ്, എന്നിവരടങ്ങുന്ന 15 പേരെയെങ്കിലും പ്രതീക്ഷിക്കുന്നു. ബഹു. വികാരിയച്ചൻമാരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ,**
ഡയറക്ടർ, എ.കെ.സി.സി

# കെ.സി.വൈ.എം.

## മേഖല വാർഷിക സെനറ്റ് യോഗങ്ങളും തിരഞ്ഞെടുപ്പും

കോടഞ്ചേരി, തിരുവമ്പാടി, തോട്ടുമുക്കം, താമരശ്ശേരി, മരുതോങ്കര, മലപ്പുറം ഫൊറോനകളിലെ 2019-2020 വർഷത്തെ മേഖല വാർഷിക സെനറ്റ്യോഗവും അടുത്ത പ്രവർത്തന വർഷത്തെ പുതിയ മേഖല ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തി.

### 2019-2020 വർഷത്തെ ഭാരവാഹികൾ

### കോടഞ്ചേരി മേഖല

ഡയറക്ടർ - ഫാ. കുര്യാക്കോസ് പുത്തൻവീട്ടിൽ - 8606916152

അനിമേറ്റർ - സി. ഹെലൻ എഫ്. സി. സി. - 9645024879

പ്രസിഡന്റ്- ജിസൻ വള്ളിക്കാവുങ്കൽ- കൂരോട്ടുപാറ- 9544106108

വൈസ് പ്രഡിഡന്റ്- ജോസ്ന ജോസ്- മഞ്ഞുവയൽ- 9207023638

സെക്രട്ടറി - ജെഫിൻ ചന്ദ്രൻകുന്നേൽ- കണ്ണോത്ത് - 9447392924

### തോട്ടുമുക്കം മേഖല

ഡയറക്ടർ - ഫാ. ആന്റണി വരകിൽ- 9497649957

അനിമേറ്റർ - സി. മെർലിൻ എസ്. എ. ബി. എസ് - ചുണ്ടത്തുംപോയിൽ - 8606815611

പ്രസിഡന്റ് - നിഥിൻ പുലക്കുടിയിൽ - പുഷ്പഗിരി - 8281455981

വൈസ് പ്രസിഡന്റ് - അമ്പിളി മുല്ലത്താനത്ത്- പീടികപ്പാറ -7593940417
സെക്രട്ടറി - അലൻ മാലശ്ശേരി - പനംപ്ലാവ് - 9497617739

**തിരുവമ്പാടി മേഖല**

ഡയറക്ടർ - ഫാ. ജോസഫ് ആലപ്പാട്ടുകോട്ടയിൽ- 8547880560
അനിമേറ്റർ - സി. അൻസ എസ്. എച്ച്. - കല്ലുരുട്ടി- 9633960447
പ്രസിഡന്റ് - ഗോഡ് വിൻ നീണ്ടുക്കുന്നേൽ- പുല്ലൂരാംപാറ - 9497647052
വൈസ്പ്രസിഡന്റ് - ജ്യോതിക ബെന്നി - കൂടരഞ്ഞി - 9495777408
സെക്രട്ടറി - അമൽ സെബാസ്റ്റ്യൻ - മഞ്ഞക്കടവ് - 7039251705

**താമരശ്ശേരി മേഖല**

ഡയറക്ടർ - ഫാ. ദേവസ്യ തേക്കാനത്ത്- താമരശ്ശേരി അസ്സി. വികാരി- 9446428388
അനിമേറ്റർ - സി. ദീപ റോസ് എസ്. എ. ബി. എസ് - 9207868715
പ്രസിഡന്റ് - ഡേവിസ് - കട്ടിപ്പാറ - 9496052322
വൈസ് പ്രസിഡന്റ് - ആഷ സണ്ണി- മൈലെള്ളാംപാറ- 7902987303
സെക്രട്ടറി - ജെഫി ചിപ്പിലിത്തോട് - 8848509010

**മരുതോങ്കര മേഖല**

ഡയറക്ടർ - ഫാ. ആന്റണി ചെന്നിക്കര - 9645096023
അനിമേറ്റർ - സി. ക്ലാരിസ് എം എസ് എം ഐ - 9526221237
പ്രസിഡന്റ് - ജിബിൻ തോമസ് ചുണ്ടയിൽ - ചെമ്പനോട -9544669975
വൈസ് പ്രസിഡന്റ് - ജെയ് മരിയ അരിമന- ചാത്തംകോട്ടുനട - 8547901593
സെക്രട്ടറി - അഖിൽ സജിമോൻ - ചാപ്പൻതോട്ടം- 8943747057

**മലപ്പുറം മേഖല**

ഡയറക്ടർ - ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ -7902510633
അനിമേറ്റർ - സി ലിനറ്റ് എസ്. എ. ബി. എസ്. - 9538410124
പ്രസിഡന്റ് - മനു ആന്റണി - കൂമംകുളം - 9567320002
വൈസ് പ്രസിഡന്റ്- റോസ്മേരി രാജു - മലപ്പുറം- 8893210409
സെക്രട്ടറി - ആന്റണി ജോസഫ്- മലപ്പുറം - 9061590865

**"സമാധാന നടത്തം"**

കെ സി വൈ എം സംസ്ഥാനസമിതിയുടെ നിർദ്ദേശപ്രകാരം ലോകസമാധാനത്തിനും മതസൗഹാർദ്ദത്തിനുമായി സംസ്ഥാനത്തെ എല്ലാ രൂപതകളിലും

നടത്തിയ സമാധാനനടത്തം താമരശ്ശേരി രൂപതയിൽ രൂപത- മേഖല-യൂണിറ്റ് തലങ്ങളിൽ നടത്തി. പുതുപ്പാടി സെന്റ് ജോർജ്ജ് പള്ളിയിൽ നിന്ന് ആരംഭിച്ച രൂപതാതല സമാധാനനടത്തത്തിൽ രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര പങ്കെടുക്കുകയും സമാധാന സന്ദേശം നൽകുകയും ചെയ്തു. രൂപത പ്രസിഡന്റ് സൗബിൻ ഇലഞ്ഞിക്കൽ, ഫാ. കുര്യൻ തലച്ചിറക്കുഴിയിൽ, പുതുപ്പാടി ഇടവക വികാരി ഫാ. ജെയ്സൻ കാരക്കുന്നേൽ, രൂപത അനിമേറ്റർ സി. ഷാലറ്റ് സി. എം. സി. എന്നിവർ സംസാരിച്ചു. താമരശ്ശേരി ഫൊറോനയിലെ വിവിധ ഇട വകകളിൽ നിന്നുള്ള നൂറോളം യുവജനങ്ങളും രൂപത- മേഖല പ്രതിനിധികളും പങ്കെടുത്തു.

**പെരിന്തൽമണ്ണ മേഖല:** പെരിന്തൽമണ്ണ ഫൊറോനയുടെ നേതൃത്വത്തിൽ യുവജനദിനത്തിൽ മേഖലയിലെ വിവിധ ഇടവകളിൽനിന്നുള്ള യുവജനങ്ങളും അനിമേറ്റേഴ്സും വൈദികരും ചേർന്ന് പെരിന്തൽമണ്ണ ടൗണിലൂടെ സമാധാന നടത്തം നടത്തി. ഫൊറോന വികാരി റവ. ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ ഫ്ളാഗ് ഓഫ് നടത്തി. മേഖല ഡയറക്ടർ ഫാ. മനോജ് കൊച്ചുമുറിയിൽ, മേഖല അനിമേറ്റർ സി. കൊച്ചുറാണി എസ് കെ ഡി, മേഖല പ്രസിഡന്റ് ജിബിൻ, രൂപതാ സമിതി അംഗം സ്റ്റെഫിൻ എന്നിവർ നേതൃത്വം നൽകി. **തിരുവമ്പാടി മേഖല:** തിരുവമ്പാടി മേഖല സമിതിയുടെ നേതൃത്വത്തിൽ പുല്ലൂരാംപാറ ദൈവാലയത്തിൽ നിന്നും പള്ളിപ്പടി അങ്ങാടിയിലേക്ക് സമാധാന നടത്തം സംഘ ടിപ്പിച്ചു. മേഖല ഡയറക്ടർ ഫാ. ജോസഫ് ആലപ്പാട്ടുകോട്ടയിൽ, ഫൊറോന പ്രസിഡന്റ് ഗോഡ്വിൻ, സംസ്ഥാന സെനറ്റ് അംഗം സുബിൻ തൈയ്യിൽ എന്നി വർ നേതൃത്വം നൽകി. **കോടഞ്ചേരി മേഖല:** കോടഞ്ചേരി മേഖലയുടെ നേതൃ ത്വത്തിൽ കോടഞ്ചേരി ടൗണിലേക്ക് സമാധാനനടത്തം സംഘടിപ്പിച്ചു. മേഖല ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് പുത്തൻവീട്ടിൽ, അനിമേറ്റർ സി. ഹെലൻ എന്നിവർ നേതൃത്വം നൽകി. **മലപ്പുറം മേഖല:** മലപ്പുറം മേഖലയുടെ നേതൃത്വ ത്തിൽ യുവജനദിനാഘോഷവും സെമിനാറും മലപ്പുറം ഫൊറോന പള്ളിയിൽ വെച്ച് നടത്തി. **വിലങ്ങാട് മേഖല:** വിലങ്ങാട് ഫൊറോനയുടെ നേതൃത്വത്തിൽ വിലങ്ങാട് ടൗണിലേക്ക് സമാധാന നടത്തം സംഘടിപ്പിച്ചു. ഫൊറോന വികാരി റവ. ഫാ. മാത്യു തകിടിയേൽ, മേഖല ഡയറക്ടർ റവ. ഫാ. പോൾ പുവത്തി ങ്കൽ, മേഖല അനിമേറ്റർ സി. റൊസീൻ എസ്. എ. ബി. എസ്. എന്നിവർ നേതൃത്വം നൽകി.

**രൂപതയിലെ വിവിധ ഇടവകകളിലും സമാധാന നടത്തം സംഘടിപ്പി ച്ചു. പിന്തുണ നൽകിയ എല്ലാ യൂണിറ്റ് ഡയറക്ടേഴ്സിനും അനിമേറ്റേഴ്സിനും നന്ദി..**

### "യുവദർശനം"- മുഖപത്രം

യുവജനദിനത്തോടനുബന്ധിച്ച് കെ സി വൈ എം താമരശ്ശേരി രൂപത മുഖ പത്രം ***യുവദർശനം*** തയ്യാറാക്കുകയും രൂപതയിലെ എല്ലാ ഇടവകളിലേക്കും

എത്തിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ യുവജനങ്ങൾ നേരിടുന്ന ലൗ ജിഹാദ് കെണികളെക്കുറിച്ചും പ്രണയത്തിന്റെ ഊരാക്കുടുക്കുകളെക്കുറിച്ചും വ്യക്തമായ ധാരണകളും നിർദ്ദേശങ്ങളും അടങ്ങിയ പത്രം മാതാപിതാക്കൾക്കും യുവജനങ്ങൾക്കും ദിശാബോധം നൽകുന്നതായിരുന്നു.

## യുവജനദിനാഘോഷം

രൂപതയിലെ വിവിധ യൂണിറ്റുകളിൽ ജൂലൈ 7 ഞായറാഴ്ചയും മറ്റ് അനുബന്ധ ദിവസങ്ങളിലുമായി യുവജനദിനാഘോഷം സമുചിതമയായി നടത്തി. അന്നേ ദിവസം യൂത്ത് കമ്മീഷന്റെ സർക്കുലർ ഇടവകകളിൽ വായിക്കുകയും പതാക ഉയർത്തുകയും പ്രവർത്തനഫണ്ട് കണ്ടെത്തുന്നതിനായി വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. സഹകരിച്ച വികാരിയച്ചൻമാർക്കും സിസ്റ്റേഴ്സിനും നന്ദി.

**യുവജന ദിനത്തിന്റെ സ്തോത്രക്കാഴ്ച വിഹിതം ആഗസ്റ്റ് മാസത്തിൽ ഇടവകകളിലൂടെ വന്ന് ശേഖരിക്കുന്നതായിരിക്കും. വികാരിയച്ചൻ മാരുടെ സഹകരണം പ്രതീക്ഷിക്കുന്നു.**

## സംസ്ഥാന അർദ്ധവാർഷിക സെനറ്റ്

2019 വർഷത്തെ സംസ്ഥാന അർദ്ധവാർഷിക സെനറ്റ് തിരുവനന്തപുരം മലങ്കര മേജർ അതിരൂപതയുടെ ആഭ്യമുഖ്യത്തിൽ ജൂലൈ 26, 27, 28 തിയ്യതികളിൽ നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വെച്ച് നടന്നു. താമരശ്ശേരി രൂപതയിൽ നിന്നും രൂപത ജനറൽ സെക്രട്ടറി വിശാഖ് തോമസ്, സ്റ്റേറ്റ് സെനറ്റ് അംഗങ്ങളായ, അനുപ്രിയ മാത്യു, സുബിൻ തയ്യിൽ, സ്റ്റേറ്റ് സിൻഡിക്കേറ്റ് മെമ്പേഴ്സായ ലിമ്ന ജോർജ്ജ്, തേജസ് മാത്യു കറുകയിൽ, രൂപത ഡയറക്ടർ, ആനിമേറ്റർ എന്നിവർ പങ്കെടുക്കുകയും കഴിഞ്ഞ ആറുമാസക്കാലത്തെ രൂപത പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തു.

## അറിയിപ്പുകൾ

1. **രൂപത കലോൽസവം – 2019–** ഫൊറോനതലകലാമത്സരങ്ങൾ **സെപ്റ്റംബർ 30 ന്** മുൻപായി അതത് മേഖലകളിൽ നടത്തി പൂർത്തീകരിക്കേണ്ടതാണ്. നിയമാവലി എത്തിച്ചു തരുന്നതായിരിക്കും.

2. ***രൂപതാതല രചനമത്സരം –*** **ആഗസ്റ്റ് മാസം 25 ഞായറാഴ്ച ഉച്ചക്ക് ശേഷം 2 മണി മുതൽ 5 മണിവരെ മേഖലകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നു.**

3. രൂപത വാർഷിക സെനറ്റും പുതിയ വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും **ആഗസ്റ്റ് 10 രണ്ടാം ശനിയാഴ്ച രാവിലെ 9 മുതൽ 3.30 വരെ പി. എം ഒ. സി. യിൽ** വെച്ച് നടത്തുന്നു. എല്ലാ മേഖലയിൽ നിന്നുള്ള എല്ലാ എക്സിക്യൂട്ടീവ് മെമ്പേഴ്സും ഡയറക്ടേഴ്സും അനിമേറ്റേഴ്സും പങ്കെടുക്കേണ്ടതാണ്.

4. റിസോഴ്സ് ടീമിനുവേണ്ടിയുള്ള രണ്ടാമത്തെയും മൂന്നാമത്തെയും ക്യാമ്പുകൾ ആഗസ്റ്റ് 2, 3, 4, തിയ്യതികളിലും (ജൂബിലി ധ്യാനകേന്ദ്രം, പുതുപ്പാടി), 23, 24, 25 തിയ്യതികളിലും നടത്തുന്നു.

5. ഓണത്തോടനുബന്ധിച്ച് (സെപ്റ്റംബർ മാസം) ഇടവകകളിൽ **നിലാവുകൂട്ടം** പരിപാടി നടത്താൻ തയ്യാറുണ്ടെങ്കിൽ സൗകര്യം ഒരുക്കുന്നതായിരിക്കും.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ സി വൈ എം താമരശ്ശേരി രൂപത

## START

സ്റ്റാർട്ടിന്റെ ഏകവത്സരകോഴ്സിന്റെ 13-ാം ബാച്ചിലെ (2018-19) 141 കുട്ടികളിൽ 127 പേരുംരാജ്യത്തെ പ്രമുഖസ്ഥാപനങ്ങളിൽ പ്രവേശനത്തിന് യോഗ്യത നേടിയെന്നത്അഭിമാനകരമാണ്. ഇപ്രകാരംയോഗ്യത നേടിയവരിൽ 87 പേർ കേന്ദ്രഗവൺമെന്റിന്റെ സ്കോളർഷിപ്പോടുകൂടി വിവിധ സ്ഥാപനങ്ങളിൽചേർന്ന് പഠനം ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുതസ്ഥാപനങ്ങളും പഠിയ്ക്കുന്ന വിഷയവും ഓരോസ്ഥലങ്ങളും ചേർന്നിരിക്കുന്നവരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| No | Universities/Institutes & Courses | |
|---|---|---|
| 1 | BA (Hons) English - English and Foreign Language University,Hyderabad | 3 |
| | BA (Hons) English - English and Foreign Language University, Lucknow | 6 |
| 3 | BA (Hons) English - English and Foreign Language University, Shillong | 4 |
| 4 | IM Sc Geography - Karnataka Central University | 3 |
| 5 | IM Sc Geology - Karnataka Central University | 6 |
| 6 | IMA Economics - Karnataka Central University | 10 |
| 7 | IM Sc Psychology - Karnataka Central University | 3 |
| 8 | IMA English - Karnataka Central University | 4 |
| 9 | BBA - Karnataka Central University | 9 |
| 10 | B Voc Food Processing - Karnataka Central University | 1 |
| 11 | IMA History - Pondicherry Central University | 1 |
| 12 | IMA Politics - Pondicherry Central University | 2 |
| 13 | IMA Sociology - Pondicherry Central University | 2 |
| 14 | IMA Economics - Tamil Nadu Central University | 1 |
| 15 | IM Sc Economics - Dr B R Ambedkar School of Economics, Bengaluru | 1 |
| 16 | B Sc Radiography - NIMHANS, Bangalore | 1 |
| 17 | B Sc Nursing - NIMHANS, Bangalore | 1 |
| 18 | B Voc Logistics & Retail Management - Central University of Haryana | 6 |
| 19 | B Voc Travel & Tourism - Central University of Andhra Pradesh | 1 |
| 20 | B Des - National Institute Fashion Technology, Shillong | 1 |
| 21 | B Des - National Insitute of Fashion Technology, Kannur | 2 |
| 22 | B Des - National Insitute of Fashion Technology, Hyderabad | 1 |
| 23 | Foodwear Design & Production - Footwear Design Development Institute, Chennai | 2 |

| | | |
|---|---|---|
| 24 | B Voc Business Process & Data Analystics - Cochin Uty of Science &Technology, Cochin | 3 |
| 25 | BBA LLB - Cochin University of Science and Technology, Cochin | 1 |
| 26 | IMA Economics - Hyderabad Central University | 2 |
| 27 | IMA Sociology - Hyderabad Central University | 2 |
| 28 | B Sc Hospitality Management - Oriental College of Hotel Management, Lakkidi | 2 |
| 29 | B Sc Hospitality Management - Institute of Hospitality Management, Hyderabad | 1 |
| 30 | B Sc Hospitality Management - Insitute of Hospitality Management, Hajipur | 1 |
| 31 | B Sc Hospitality Management - Institute of Hospitality Management, Punjab | 2 |
| 32 | B Sc Hospitality Mgmnt - State Institute of Hospitality Mgmnt,Kozhikode | 1 |
| 33 | Kerala Law Entrance Examinations (KLEE) | 1 |
| 34 | Other Prestigious Institutes Outside Kerala | 19 |
| 35 | Other Institutes in Kerala | 35 |

അഖിലേന്ത്യാതലത്തിൽ നടന്ന വിവിധമത്സരപ്പരീക്ഷകളിൽഉയർന്ന റാങ്കോടെവിജയം നേടിയവരുടെവിവരങ്ങൾചുവടെചേർക്കുന്നു.

| | | |
|---|---|---|
| **A** | **Integrated MA Economics - Central University of Hyderabad** | **RANK** |
| 1 | Sandesh O S, Outhirakudissumakel, Keezhpally | 2 |
| 2 | Sayooj Abraham, Nedumparambil, Ambalavayal | 3 |
| **B** | **Integrated MA Sociology - Central University of Hyderabad** | |
| 1 | Nayana Baby, Vavanaprayil, Karuvarakundu | 10 |
| 2 | AmalnaKatharinSajan, Mattappallil, Koomanthode | 14 |
| **C** | **Integrated MA History - Central University of Pondicherry** | |
| 1 | ArunBabu, Vellanyil, Manjoor, Wayanad | 12 |
| **D** | **Integrated MA Politics - Central University of Pondicherry** | |
| 1 | Roshna Joseph, Plackal, Keezhpally, Kannur | 20 |
| **E** | **B Com LLB - Cochin University of Science Technology (CUSAT), Kochi** | 1 |
| | Nayana Baby, Vavanaprayil, Karuvarakundu | 12 |
| 2 | AmalnaKatharinSajan, Mattappallil, Koomanthode | 14 |
| 3 | Jeswin James, Melvettam, Thalayad, Kozhikode | 30 |
| **F** | **BBA LLB - Cochin University of Science Technology (CUSAT), Kochi** | |
| 1 | Nayana Baby, Vavanaprayil, Karuvarakundu | 12 |
| 2 | AmalnaKatharinSajan, Mattappallil, Koomanthode | 16 |
| 3 | Jeswin James, Melvettam, Thalayad, Kozhikode | 37 |
| **G** | **BA (Hons) Sapnish - English &Foreign Language University, Hyderabad** | 1 |
| | Nayana Baby, Vavanaprayil, Karuvarakundu, Malappuram | 1 |
| 2 | Jacob Abraham, Chethipuzha, Medical College,Kozhikode | 3 |
| **H** | **BA (Hons) German - English &Foreign Language University, Hyderabad** | 1 |
| | AmalnaKatharinSajan, Mattappallil, Koomanthode | 4 |
| **I** | **English - English &Foreign Language University, Shillong** | |
| 1 | BinishaBiju, Kovattu, Nellikutty, Kannur | 4 |
| 2 | AbhishekScariaSibi, Namatathil, Vaduvanchal | 8 |
| 3 | StephySteephen, Illickal, Rajapuram, Kasaragod | 10 |
| 4 | JithuShaju, F2, Mass Appartments, Malapparamba, Kozhikode | 11 |
| **J** | **BA Journalism & Mass Communication - English &Foreign Language University, Shillong** | |
| 1 | AmulyaSkaria, Maliackathadathil, Medical College, Kozhikode | 15 |
| **K** | **BA (Hons) English - English &Foreign Language University, Lucknow** | |
| 1 | Arya Joseph, Cheerakulangara, Kalpetta, Wayanad | 3 |
| 2 | NehaCarmal, Carmal, Pallikunnu, Kannur | 9 |
| 3 | Asish M Kuriakose, Mampillikunnel, Thalapuzha, Wayanad | 12 |
| 4 | Ardra Jose, Kanayankal, Valillapuzha, Malappuram | 13 |

| | | |
|---|---|---|
| 5 | AnletMariya John, Naduthottiyil, Puthuparamba, Malappuram | 18 |
| 6 | AshwinScaria Sebastian, Koottiyanickal, Kanamvayal, Kannur | 20 |
| 7 | Edwin T Wilson, Thengumthottathil, Karakkamala, Wayanad | 22 |
| **L** | **BA (Hons) English - English &Foreign Language University, Hyderabad** | |
| 1 | Sam George K, Kottakunnel, Mananthavady, Wayanad | 3 (OBC) |
| 2 | MariyaShajan, RetnaNivas, Medical College, Kozhikode | 15 |
| 3 | AmulyaSkaria, Maliackathadathil, Medical College, Kozhikode | 25 |

മഹത്തായ വിജയം നേടിയഏവർക്കും അഭിനന്ദനങ്ങൾ

## ഏകവത്സരകോഴ്സിന്റെ പുതിയ ബാച്ച്ആരംഭിച്ചു.

2019-20 അദ്ധ്യയനവർഷത്തിലെഏകവത്സരകോഴ്സിന്റെ (14 -ാം ബാച്ച്) ക്ലാസ്സുകൾ ജൂൺ 17-ന് ആരംഭിച്ചു. 66 ആൺകുട്ടികളും 59 പെൺ കുട്ടികളുമായി 125 പേരാണ് ഈ ബാച്ചിൽ അഡ്മിഷൻ നേടിയിരിക്കുന്നത്. താമരശ്ശേരി, തലശ്ശേരി, മാനന്തവാടി, തൃശ്ശൂർ, ഇടുക്കി, ആലപ്പുഴ രൂപതകളിൽനിന്നുള്ള കുട്ടികളാണ് ഈ ബാച്ചിലുള്ളത്. അക്കാദമിക് വർഷത്തിന്റെ ഔപചാരികഉദ്ഘാടനം സ്ഥാപന മദ്ധ്യസ്ഥനായ വി. തോമ്മാശ്ലീഹായുടെ ദുക്റാന തിരുന്നാൾ ദിവസംഅഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളിപ്പിതാവ് നിർവ്വഹിക്കുകയും കുട്ടികൾക്ക്സന്ദേശം നല്കിസംസാരിക്കുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസത്തോടൊപ്പം വ്യക്തിത്വവികസനവും മനുഷ്യസ്നേഹവും ധാർമ്മികബോധവും ആത്മീയതയും കോർത്തിണക്കി യുവജനങ്ങളെ നേതൃത്വനിരയിലേയ്ക്ക് വളർത്തുന്ന ഈ സ്ഥാപനം താമരശ്ശേരി രൂപതയ്ക്ക് ഒരു വലിയ മുതൽക്കൂട്ടാണെന്നും, കിട്ടിയ ഈ അവസരം ഏറ്റവും ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്നും പിതാവ് വിദ്യാർത്ഥികളെ ഓർമ്മപ്പെടുത്തി.

## ഉന്നതവിജയം നേടി

Central University of Kerala നടത്തുന്ന BA International Relationsഎന്ന വിഷയത്തിൽ കൊട്ടിയൂർകുന്നേൽ ബാബു, റൂബി ദമ്പതികളുടെ മകളായ അനുപ്രിയ ബാബു ഒന്നാംറാങ്കോടെപാസ്സായി. അസിംപ്രേംജി യുണിവേഴ്സിറ്റിയിൽ തുടർ പഠനത്തിന് അഡ്മിഷൻ നേടി. സ്റ്റാർട്ടിലെ 2015-16 ബാച്ചിൽ പരിശീലനം നേടിയവിദ്യാർത്ഥിനിയാണ് അനുപ്രിയ. അനുപ്രിയയ്ക്കും മാതാപിതാക്കൾക്കും ഗുരുഭൂതർക്കും അഭിനന്ദനങ്ങൾ.

## ഓണാവധിക്കാലത്തെ മിനിമാസ്റ്റർ ക്യാമ്പുകൾ

ഓണാവധിക്കാലത്ത് നടന്നുവരുന്ന മിനിമാസ്റ്റർ ക്യാമ്പുകൾ ഈ വർഷവും ഉണ്ടായിരിക്കുന്നതാണ്. ജൂണിയേഴ്സിനും (6, 7ക്ലാസ്സുകാർ) സീനിയേഴ് സിനും (8, 9, 10, 11 ക്ലാസ്സുകാർ) ഒരേ ദിവസങ്ങളിൽത്തന്നെ രണ്ട് ബാച്ചുക ളായിട്ടാണ് ക്യാമ്പുകൾ നടത്തപ്പെടുക. രണ്ട് ബാച്ചുകാരും 12-ന് രാവിലെ 10 മണിയ്ക്ക് സ്റ്റാർട്ടിലെത്തണം. 14-ന് ഉച്ചഭക്ഷണത്തോടെ തിരിച്ചു പോകാവുന്നതാണ്.


**Coaching Classes for MA English Entrance Examinations**

അടുത്ത ഓഗസ്റ്റ്മുതൽ ജനുവരി 31 വരെഎല്ലാ ശനി, ഞായർ ദിവസങ്ങളിലും രാവിലെ 10 മുതൽ 1 മണിവരെ സ്റ്റാർട്ടിൽ വെച്ച് English and Foreign Language University (EFLU), JNU, Delhi University, Central University of Hyderabad, Central University of Pondicherry, മറ്റ്വിവിധ സെൻട്രൽ യൂണിവേഴ്സിറ്റികൾ (CUCET) എന്നീ സ്ഥാപനങ്ങൾ English Post Graduation Admission-ന് വേണ്ടി നടത്തുന്ന പ്രവേശനപ്പരീക്ഷയ്ക്ക് ഒരുക്കുന്ന കോച്ചിംഗ് ക്ലാസ്സുകൾ നടത്തുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രികഴിഞ്ഞവർക്കും, അവസാനവർഷ ഡിഗ്രിവിദ്യാർ ത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. താൽര്യമുള്ളവർ സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടുക. 0495 2357843, 9048193669, 9496521422.

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, START

| | Yesunidhi ജൂലൈ മാസം തുടർച്ച | | |
|---|---|---|---|
| | **CMC** | | |
| 185 | Adakakundu | 500.00 | 500.00 |
| 186 | Kakkadampoil | 1,000.00 | 1,000.00 |
| 187 | Kalkundu | 1,000.00 | 1,000.00 |
| 188 | Karuvarakundu | 1,000.00 | 500.00 |
| 189 | Koodaranji | 1,000.00 | 1,000.00 |
| 190 | Marikunnu | 1,000.00 | 1,000.00 |
| 191 | Mukkom | 1,000.00 | 1,000.00 |
| 192 | Muthukad | 500.00 | 500.00 |
| 193 | Peedikappara | 1,000.00 | 1,000.00 |
| 194 | Poilomchal | 500.00 | 0.00 |
| 195 | Pushpagiri | 1,000.00 | 1,000.00 |
| 196 | Puthanangady | 1,000.00 | 1,000.00 |
| 197 | Thamarassery | 1,000.00 | 1,000.00 |
| 198 | Thamarassery Hospital | 2,500.00 | 3,000.00 |
| 199 | Thekkumkutty | 1,000.00 | 700.00 |
| 200 | Thenjippalam | 1,500.00 | 2,000.00 |
| 201 | Thiruvambady | 8,000.00 | 10,000.00 |
| 202 | Thondimmel | 1,000.00 | 1,000.00 |
| 203 | Thottumukkom | 2,000.00 | 2,000.00 |

| | | | |
|---|---|---|---|
| | **FCC** | | |
| 204 | Chakkittapara | 0.00 | 1,000.00 |
| 205 | Devagiri | 1,000.00 | 0.00 |
| 206 | Easthill | 500.00 | 500.00 |
| 207 | Erude | 1,000.00 | 0.00 |
| 208 | Kakkayam | 0.00 | 0.00 |
| 209 | Kannoth | 1,000.00 | 0.00 |
| 210 | Karimba | 500.00 | 500.00 |
| 211 | Karinkallathani | 1,500.00 | 1,500.00 |
| 212 | Kodenchery | | |
| | Asha Bhavan | 1,000.00 | 0.00 |
| 213 | Kodencherry | 1,000.00 | 0.00 |
| 214 | Koodathai | 1,000.00 | 1,000.00 |
| 215 | Kundayithode | 500.00 | 500.00 |



# യേശുനിധി

യേശുനിധി ഫണ്ടിൽ നിന്ന് **21.06.2019** മുതൽ **20.07.2019** വരെ അനുവദിച്ച തുക

## വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | അമലാപുരി | 8,000.00 |
| 2 | ചെമ്പനോട | 8,000.00 |
| 3 | കക്കാടംപൊയിൽ | 8,000.00 |
| 4 | കക്കാടംപൊയിൽ | 5,000.00 |
| 5 | കൽക്കുണ്ട് | 5,000.00 |
| 6 | കല്ലുരുട്ടി | 5,000.00 |
| 7 | കരിയാത്തുംപാറ | 8,000.00 |
| 8 | കോടഞ്ചേരി | 5,000.00 |
| 9 | കോടഞ്ചേരി | 10,000.00 |
| 10 | കൂടത്തായ് | 10,000.00 |
| 11 | കൂരാച്ചുണ്ട് | 6,000.00 |
| 12 | കൂരോട്ടുപാറ | 10,000.00 |
| 13 | കുണ്ടുതോട് | 10,000.00 |
| 14 | മഞ്ഞക്കുന്ന് | 10,000.00 |
| 15 | മഞ്ഞുവയൽ | 3,000.00 |
| 16 | മുത്തപ്പൻപുഴ | 8,000.00 |
| 17 | മുതുകാട് | 10,000.00 |
| 18 | നരിനട | 7,000.00 |
| 19 | പാലൂർ | 5,000.00 |
| 20 | പാതിരിക്കോട് | 10,000.00 |
| 21 | തേക്കുംകുറ്റി | 5,000.00 |
| 22 | വലമ്പൂർ | 5,000.00 |
| 23 | വാലില്ലാപ്പുഴ | 10,000.00 |
| 24 | വാലില്ലാപ്പുഴ | 5,000.00 |
| 25 | വേനപ്പാറ | 8,000.00 |

## വീട്

| | | |
|---|---|---|
| 26 | കട്ടിപ്പാറ | 10,000.00 |
| 27 | കൂരാച്ചുണ്ട് | 10,000.00 |
| 28 | മുതുകാട് | 15,000.00 |
| 29 | മുതുകാട് | 10,000.00 |
| 30 | മുതുകാട് | 10,000.00 |
| 31 | മുതുകാട് | 10,000.00 |
| 32 | പയ്യനാട് | 15,000.00 |
| 33 | പെരിന്തൽമണ്ണ | 15,000.00 |
| 34 | പുതുപ്പാടി | 15,000.00 |
| 35 | പുതുപ്പാടി | 15,000.00 |
| 36 | തിരുവമ്പാടി | 13,000.00 |

## ചികിത്സ

| | | |
|---|---|---|
| 37 | അഭയഗിരി | 5,000.00 |
| 38 | ആനക്കാംപൊയിൽ | 15,000.00 |
| 39 | ബാലുശ്ശേരി | 25,000.00 |
| 40 | ചക്കിട്ടപാറ | 20,000.00 |
| 41 | ചക്കിട്ടപാറ | 20,000.00 |
| 42 | ചമൽ | 25,000.00 |
| 43 | ചെമ്പുകടവ് | 10,000.00 |
| 44 | ചിപ്പിലിത്തോട് | 10,000.00 |
| 45 | കക്കാടംപൊയിൽ | 15,000.00 |
| 46 | കണ്ണോത്ത് | 10,000.00 |
| 47 | കട്ടിപ്പാറ | 10,000.00 |
| 48 | കാറ്റുള്ളമല | 10,000.00 |
| 49 | കോടഞ്ചേരി | 20,000.00 |
| 50 | കൂടരഞ്ഞി | 15,000.00 |
| 51 | കൂടത്തായ് | 10,000.00 |
| 52 | കുപ്പായക്കോട് | 10,000.00 |
| 53 | മഞ്ഞുവയൽ | 10,000.00 |
| 54 | പെരിന്തൽമണ്ണ | 10,000.00 |
| 55 | പൂതംപാറ | 10,000.00 |
| 56 | തേക്കുംകുറ്റി | 10,000.00 |
| 57 | തിരുവമ്പാടി | 5,000.00 |
| 58 | തിരുവമ്പാടി | 10,000.00 |
| 59 | തോട്ടുമുക്കം | 10,000.00 |

## വിവാഹം

| | | |
|---|---|---|
| 60 | കൂരോട്ടുപാറ | 15,000.00 |
| 61 | മുത്തപ്പൻപുഴ | 15,000.00 |
| 62 | പേരാമ്പ്ര | 15,000.00 |
| | **ആകെ തുക** | **6,62,000.00** |

**ഫാ. മാത്യു പുളിമൂട്ടിൽ**
**ഫിനാൻസ് ഓഫീസർ**

# അജപാലനക്കുറിപ്പുകൾ

**ജൂലൈ 2019**

01-05 കാനഡയിൽ ശുശ്രൂഷ ചെയ്യുന്ന രൂപതാവൈദികരെ സന്ദർശിച്ചു.

07 വൈകുന്നേരം, അശോകപുരം ഇടവകയിൽ ഒരു വിവാഹവാഗ്ദാന കർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

07-12 പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

08 രാവിലെ, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ പരേതനായ ജേഷ്ഠസഹോദരൻ ഇഞ്ചനാനിയിൽ അഗസ്റ്റിന്റെ മൂന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

09 രാവിലെ, കണ്ണോത്ത് ഇടവകദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. വിൻസെന്റ് ഡി പോൾ സംഘടനയുടെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു.

10 രാവിലെ, കോഴിക്കോട് പി.എം.ഒ.സി.യിൽ പ്രീകാനാ കോഴ്സിൽ സംബന്ധിച്ചവർക്കുവേണ്ടി വി. കുർബാനയർപ്പിക്കുകയും തുടർന്ന് ക്ലാസ്സെടുക്കുകയും ചെയ്തു.

പാറോപ്പടി ഇടവക ദൈവാലയത്തിൽ ഒരു വിവാഹവാഗ്ദാന കർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

11 രാവിലെ, പുല്ലൂരാംപാറ എസ്. ഡി. സിസ്റ്റേഴ്സിന്റെ ഭവനത്തിൽ വി. കുർബാനയർപ്പിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയറുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരി ഇടവക ദൈവാലയത്തിൽ പരേതനായ തോമസ് മത്തായി പുതിയേടത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

12 രാവിലെ, വാർഷികധ്യാനത്തിൽ സംബന്ധിച്ച വൈദികരോടൊപ്പം വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം, കോഴിക്കോട് പി.എം.ഒ.സി.യിൽ മതബോധനാദ്ധ്യാപകരുടെ ആമുഖ സെമിനാർ ഉദ്ഘാടനം ചെയ്തു.

കോഴിക്കോട് ക്രൈസ്റ്റ് ഹാളിൽ പ്രോ-ലൈഫിന്റെ മലബാർ മേഖല സംഗമം ഉദ്ഘാടനം ചെയ്തു.

13 രാവിലെ, തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീവദിച്ചു.

14 രാവിലെ, ഈരൂട് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

14-19 പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

16 രാവിലെ, താമരശ്ശേരി ചാവറ ഹോസ്പിറ്റൽ കോൺവെന്റിൽ കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

17 രാവിലെ, തിരുവമ്പാടി ഇടവക ദൈവാലയത്തിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

പുല്ലൂരാംപാറ ഇടവക ദൈവാലയത്തിൽ പരേതനായ അബ്രഹാം പുൽത്തകിടിയേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

18 രാവിലെ, വാർഷികധ്യാനത്തിൽ സംബന്ധിച്ച വൈദികരോടൊപ്പം വി. കുർബാനയർപ്പിച്ചു.

19 രാവിലെ, പുല്ലൂരാംപാറ ബഥാനിയായിൽ ആരംഭിക്കുന്ന അഖണ്ഡജപമാലയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ്, കൂരാച്ചുണ്ട് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന കോർപ്പറേറ്റ് അദ്ധ്യാപകരുടെ ധ്യാനത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

20 രാവിലെ, കൂടരഞ്ഞി ഇടവക ദൈവാലയത്തിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

വേനപ്പാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് പൗരോഹിത്യത്തിന്റെ രജതജൂബിലിയാഘോഷിക്കുന്ന എം. എസ്.എഫ്. എസ്. സന്യാസസമൂഹാംഗമായ ജേക്കബ് മറ്റത്തിലച്ചന് ആശംസകൾ നേർന്നു.

ഉച്ചകഴിഞ്ഞ്, തലയാട് ഇടവകയിൽ പരേതനായ ജോർജ് വാര്യാംപറമ്പിലിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബായർപ്പിച്ച് പരേതനുവേണ്ടി പ്രാർത്ഥിച്ചു.

21 പുതുപ്പാടി ഇടവക ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി.

22 രാവിലെ, താമരശ്ശേരി ആരാധനസന്യാസിനി സമൂഹത്തിൽ കപ്പേളയിൽ വി. കുർബാനയർപ്പിച്ചു.

23 രാവിലെ, ഭരണങ്ങാനം അൽഫോൻസ തീർത്ഥാടനകേന്ദ്രത്തിൽ രൂപതാവൈദികരോടൊപ്പം വി. കുർബാനയർപ്പിച്ചു.

24 രാവിലെ, ഈരൂട് ഇടവക ദൈവാലയത്തിൽ പരേതനായ രൂപതാംഗം ബഹു. ജോർജ് കഴിക്കച്ചാലിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

25 താമരശ്ശേരി രൂപതാഭവനിൽ നടന്ന വൈദിക സമിതി സമ്മേളനത്തിൽ സംബന്ധിച്ചു.

26 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം, കുളത്തുവയൽ ഇടവക ദൈവാലയത്തിൽ മരിയൻ നൈറ്റിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

27 രാവിലെ, ശാലോം ടി.വി.യ്ക്കുവേണ്ടി ഒരു പ്രോഗ്രാം ചെയ്തു.

ഉച്ചകഴിഞ്ഞ്, മരുതോങ്കര ആരാധന സന്യാസിനി സമൂഹത്തിന്റെ നവീകരിച്ച കപ്പേള വെഞ്ചരിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ വൈദികരോടൊപ്പം ജന്മദിനാഘോഷത്തിൽ സംബന്ധിച്ചു.

28 രാവിലെ, നരിനട ഇടവക ദൈവാലയത്തിൽ ഇടവക മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം, അൽഫോൻസ മൈനർ സെമിനാരിയിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നടന്ന ആഘോഷത്തിൽ പങ്കെടുത്തു.

രാവിലെ, വാലില്ലാപ്പുഴ ഇടവക ദൈവാലയത്തിൽ പരേതനായ വടക്കേൽ ചാക്കോയുടെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് പരേതനുവേണ്ടി പ്രാർത്ഥിച്ചു.

വൈകുന്നേരം, പെരിന്തൽമണ്ണ ഇടവകയിൽ എഫ്.സി.സി. സന്യാസിനി സമൂഹത്തിന്റെ പുതിയ ഭവനം വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു.

30 വൈകുന്നേരം, കോരങ്ങാട് അൽഫോൻസ സ്കൂളിൽ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നടന്ന ആഘോഷത്തിൽ സംബന്ധിച്ചു.



## St. John Maria Vianney on Priesthood

*"O how great is the priest!*
*If he realized what he is he would die…*
*God obeys him: he utters a few words and the Lord*
*descends from Heaven at his voice,*
*to be contained within a small host.*
*Without the Sacrament of Holy Orders,*
*we would not have the Lord.*
*Who put him there in the tabernacle? The priest.*
*Who welcomed your soul at the beginning of life?*
*The priest.*
*Who feeds your soul and gives it strength for the journey?*
*The priest.*
*Who will prepare it to appear before God, bathing it one*
*last time in the blood of Jesus Christ?*
*The priest—always the priest.*
*And if the soul should happen to die (as a result of sin)*
*who will raise it up,*
*who will restore its calm and peace? Again the priest.*
*After God, the priest is everything. Only in heaven will he*
*fully realize what he is."*